


# കിരാതം

കുഞ്ചൻനമ്പ്യാർ

Digitized By Kerala Sahitya Akademi

# കിരാതം

Digitized By Kerala Sahitya Akademi

(Malayalam)

# Kiratham

Ottanthullal

By KUNCHAN NAMBIAR

Study: EVOOR PARAMESWARAN

Cover Design: Sankarankutty

First S P C S Text Book Edition March 1984

PRINTED AT INDIA PRESS, KOTTAYAM

Price Rs. 5·00

Copyright
Sahitya Pravarthaka C. S. Ltd.

Publishers
Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department
NATIONAL BOOK STALL
KOTTAYAM-TRIVANDRUM -ERNAKULAM-CANNANORE - TRICHUR
PALGHAT - QUILON - KOZHIKODE - ALLEPPEY — KALPETTA

Digitized By Kerala Sahitya Akademi

# കിരാതം

(ഓട്ടൻതുള്ളൽ)


കുഞ്ചൻനമ്പ്യാർ


പഠനം

ഏവൂർ പരമേശ്വരൻ


പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 5.00



Digitized By Kerala Sahitya Akademi

S4538 B2964 112/83-84 U.T.B. 8 1-2000

Digitized By Kerala Sahitya Akademi

# ആമുഖോപന്യാസം

പതിനെട്ടാംശതകത്തിലെ മലയാളസാഹിത്യത്തെ ദീപ്തമാക്കിയ പ്രതിഭാധനന്മാരിൽ മുമ്പനത്രേ കലക്കത്തു കുഞ്ചൻനമ്പ്യാർ. നളചരിതം ആട്ടക്കഥയുടെ കർത്താവായ ഉണ്ണായിവാര്യരും കുചേലവൃത്തം വഞ്ചിപ്പാട്ടു രചിച്ച രാമപുരത്തു വാര്യരും ഇതേ കാലഘട്ടത്തിൽ ജീവിച്ചവരാണ്. ആട്ടക്കഥ, വഞ്ചിപ്പാട്ട് എന്നീ കാവ്യപ്രസ്ഥാനങ്ങൾക്ക് ഏററവും മികച്ച സംഭാവനയാണ് അവർ നല്കിയതെന്ന കാര്യം നിർവ്വിവാദമത്രേ! എന്നിരിക്കിലും തുള്ളൽക്കഥാപ്രസ്ഥാനത്തിന്റെ പ്രയോക്താവും, ആ രംഗത്തിലെ മുടിചൂടാമന്നനുമായ നമ്പ്യാർകവിക്കു നേടാൻ കഴിഞ്ഞത്ര ജനപ്രീതി മററു രണ്ടുപേർക്കും ലബ്ധമായില്ലെന്നു പറയാൻ ശങ്കിക്കേണ്ടതില്ല.

ഇതിനു കാരണം തുള്ളൽ എന്ന കലാപ്രസ്ഥാനത്തിന്റെ സവിശേഷതകളാണ്. നിലവിലുള്ള സാമുദായികസ്ഥിതികളെ ഫലിതരസത്തോടെ വിഡംബനം ചെയ്യുകയും, കാണികളായി മുമ്പിൽ കൂടിയിട്ടുള്ള സാമാന്യജനങ്ങളെ ഭാവാഭിനയത്തിലൂടെയും പാട്ടിലൂടെയും രസിപ്പിക്കുകയും ചെയ്യാനുള്ള പ്രത്യേക കഴിവ് തുള്ളൽക്കവിതകൾക്കുണ്ടായിരുന്നു. കഥകളിയെയും ചാക്യാർകൂത്തിനെയും അപേക്ഷിച്ച് കൂടുതൽ ലളിതമായിരുന്നു തുള്ളൽപ്പാട്ടിലെ പ്രതിപാദനരീതി. കവിത കേൾക്കുന്നമാത്രയിൽ അർത്ഥം ഗ്രഹിക്കാൻ ആർക്കും വിഷമമുണ്ടായില്ല. കാതിനിമ്പം നല്കുന്ന ലളിതപദങ്ങളുടെ നിരർഗ്ഗളപ്രവാഹം കേൾവിക്കാരെ അപഹൃതചിത്തവൃത്തികളാക്കിത്തീർത്തു എന്നും പറയേണ്ടതില്ലല്ലോ!

## കവിയുടെ ജീവചരിത്രം

കുഞ്ചൻനമ്പ്യാർ ജനിച്ചതു് തെക്കെ മലബാറിൽ കിള്ളിക്കുറിശ്ശിമംഗലം എന്ന സ്ഥലത്താണ്. ഇപ്പോൾ പാലക്കാട്ടു ജില്ലയിൽ ഉൾപ്പെട്ടുകിടക്കുന്ന ഈ സ്ഥലം, ആദ്യം കൊച്ചി സംസ്ഥാനത്തിന്റെയും, പിന്നീട് ബ്രിട്ടീഷ് മലബാറിന്റെയും ഭാഗമായിരുന്നു. സംസ്കൃതപാണ്ഡിത്യത്തിനും കവിത്വത്തിനും കേൾവികേട്ട പ്രദേശമാണ് കിള്ളിക്കുറിശ്ശിമംഗലം. സുഭദ്രാഹരണം ആട്ടക്കഥയുടെ കർത്താവായ മന്ത്രേടത്തു നമ്പൂതിരി എന്നിവർ കിള്ളിക്കുറിശ്ശിമംഗലത്തുകാരാണ്.

Digitized By Kerala Sahitya Akademi

അവിടെ പുരാതനമായ ഒരു ശിവക്ഷേത്രമുണ്ടു്. ഈ ക്ഷേത്രത്തെപ്പററി നമ്പ്യാരുടെ പല തുള്ളലുകളിലും പ്രസ്താവമുള്ളതായി കാണാം. കിള്ളിക്കുറിശ്ശിമംഗലത്തെ സംസ്കൃതരൂപത്തിൽ ശുകപുരം എന്നും ചില തുള്ളലുകളിൽ പ്രയോഗിച്ചിരിക്കുന്നു.

ശുകപുരമമരും പരമശിവൻ മമ
സുകവിത വരുവാൻ വരമരുളേണം (ഘോഷയാത്ര)

ധാത്രിയിലഴകിന കിള്ളിക്കുറിശ്ശി—
ക്ഷേത്രംതന്നിൽ വിളങ്ങിന ദേവൻ
(പ്രദോഷമാഹാത്മ്യം)

കിള്ളിക്കുറിശ്ശി മഹേശ്വരനും പുന—
രുള്ളിലിരുന്നരുളുന്നു സദാ മേ. (കിരാതം)

തുടങ്ങിയ പരാമർശങ്ങൾ ഉദാഹരണമാണു്.

## ജനനവും വിദ്യാഭ്യാസവും

കുഞ്ചൻനമ്പ്യാർ ജനിച്ചതു് എ. ഡി. 1705—ലാണെന്നു് സാഹിത്യചരിത്രകാരനായ പി. ഗോവിന്ദപ്പിള്ള അഭിപ്രായപ്പെടുന്നു. പിന്നീടിങ്ങോട്ടുള്ള ഗവേഷകന്മാരും സാഹിത്യചരിത്രകാരന്മാരും പ്രസ്തുത അഭിപ്രായത്തെ അംഗീകരിച്ചിട്ടുണ്ടു്. സാമാന്യവിദ്യാഭ്യാസത്തിനുശേഷം ചെറുപ്പത്തിൽത്തന്നെ കുഞ്ചൻ നാടുവിട്ടു് അമ്പലപ്പുഴ ദിക്കിലെത്തിയെന്നാണു വിശ്വാസം. അമ്പലപ്പുഴക്കാരായ ഓണമ്പള്ളി നാസ്സുനെയും നന്തിയാട്ടു് ഉണ്ണിരവിക്കുറുപ്പിനെയും നമ്പ്യാർ പല തുള്ളലുകളിലും സ്മരിച്ചു കാണുന്നുണ്ടു്. ഓണമ്പള്ളി നാസ്സുന്മാർ തുളുനാട്ടിൽനിന്നു് നെടുമുടിദേശത്തു വന്നു പാർപ്പുറപ്പിച്ചവരാണു്. ജാതിയിൽ പോററിമാരായ ഇവർക്കു്, ആയുധവിദ്യയിലുള്ള നായകസ്ഥാനം കൊണ്ടാണു് നായകൻ അഥവാ നാസ്സുൻ എന്ന ബിരുദം ലഭിച്ചതു്. കുഞ്ചൻനമ്പ്യാർ, തുള്ളലിനു് ആവശ്യമായ കളരിയഭ്യാസം നേടിയതു് ഓണമ്പള്ളി നാസ്സുനിൽനിന്നുമാണെന്നു വിശ്വസിക്കുന്നതിൽ തെററില്ല. ഓണമ്പള്ളിയെ സംസ്കൃതത്തിൽ ദ്രോണമ്പള്ളിയാക്കി ചില തുള്ളലുകളിൽ നമ്പ്യാർ സ്മരിക്കുന്നതു നോക്കുക:

ദിക്കുപത്തും പുകഴ്ന്നോരു ദ്രോണമ്പള്ളി
നൽക്കുലഭൂഷണൻ മദ്ഗുരുനായകൻ
വിക്രമവാരിധിവീരൻ വിശേഷജ്ഞ—
നിക്കഥാരംഭേ കടാക്ഷം തരേണമേ.
(സുന്ദോപസുന്ദോപാഖ്യാനം)

Digitized By Kerala Sahitya Akademi

ക്ഷോണീമണ്ഡലംതന്നിലൊക്കവേ പുകഴ്ന്നോരു
ക്ഷോണീവാനവൻ വീരൻ ദ്രോണമ്പള്ളിയാചാര്യൻ.
(സഭാപ്രവേശം)

തുടാതെ ഇല്ലപ്പേർ പറയാതെ,

ധരണീസുരകുലമകുടമഹാമണി
ഗുരുനാഥൻ മമ വരമരുളേണം (ഘോഷയാത്ര)

ധരണീനിർജ്ജരനാമെൻ ഗുരുനാഥനുടെ ചാരു
ചരണത്താരിണയെന്നും ശരണമായ് ഗ്രഹിക്കുന്നേൻ.
(കീചകവധം)

തുടങ്ങിയ പല തുള്ളൽക്കഥകളിലും നമ്പ്യാർ തന്റെ ബ്രാഹ്മണ ഗുരുനാഥനെ വന്ദനം പറയുന്നുണ്ട്. ഈ ബ്രാഹ്മണഗുരു നമ്പ്യാരുടെ ആയുധവിദ്യാഗുരുവായ ഓണമ്പള്ളി നമ്പൂരാണെന്നു വ്യക്തമാകുന്നു. 'വിക്രമവാരിധിവീരൻ' 'ക്ഷോണീവാനവൻ വീരൻ' ഇത്യാദി വിശേഷണങ്ങളിൽനിന്നു നമ്പൂർ ആയുധശാസ്ത്രനിപുണനായ കളരിയാശാനായിരുന്നു എന്നും അനുമാനിക്കാം.

കുഞ്ചൻനമ്പ്യാരുടെ രണ്ടാമത്തെ ഗുരുവായ ഉണ്ണിരവിക്കുറുപ്പിനെയും ചില തുള്ളൽക്കഥകളിൽ സ്മരിച്ചുകാണുന്നു. ഈ ഗുരുനാഥനെ 'പുണ്യപൂരാകരൻ', 'ശ്രീചാരുസ്വരൂപൻ', 'മന്ദേതര ഗുണമന്ദിരൻ' തുടങ്ങിയ വിശേഷണങ്ങളാണ് കവി ഉപയോഗിച്ചിട്ടുള്ളത്. ഇതിൽനിന്ന് അദ്ദേഹം ഉദാരശീലനും കവിയുടെ രക്ഷകനുമായിരുന്നുവെന്ന് സിദ്ധിക്കുന്നു.

മന്ദേതരഗുണമന്ദിരനെൻ ഗുരു
നന്ദിതനാകിയ ബാലരവിക്ക് (സ്യമന്തകം)

ആചാര്യോത്തമൻ ബാലരവിയെന്നു പുകഴ്ന്നോരു
ശ്രീചാരുസ്വരൂപന്റെ ചരണാംഭോരുഹം രണ്ടും
ആചാരോചിതം കൂപ്പിക്കവിചൊൽവാൻ തുടങ്ങുന്നേൻ.
(സഭാപ്രവേശം)

തുടങ്ങിയ ഭാഗങ്ങൾ ഇതിനു് ഉദാഹരണമാണ്. ഓണമ്പള്ളിയെ ദ്രോണമ്പള്ളിയാക്കിയ ഭാവനതന്നെ ഉണ്ണിരവിയെ ബാലരവിയാക്കിയെന്നും വ്യക്തമാണല്ലോ. 1754 നു മുമ്പ് അമ്പലപ്പുഴവച്ചും, അതിനുശേഷം തിരുവനന്തപുരത്തുവച്ചും നമ്പ്യാർ രചിച്ചിട്ടുള്ള പല തുള്ളൽക്കഥകളിലും ഈ ഗുരുനാഥന്മാരെ സ്മരിച്ചു കാണുന്നതുകൊണ്ട്, ഇവരോടു രണ്ടുപേരോടും കവിക്ക് ഒടുങ്ങാത്ത കടപ്പാടും അളവററ സ്നേഹാദരങ്ങളും ഉണ്ടായിരുന്നതായി ധരിക്കേണ്ടതുണ്ട്. ഗുരുക്കന്മാരായി ഇവരെ രണ്ടുപേരെയുമല്ലാതെ മററാരെയും നമ്പ്യാർ സ്മരിച്ചുകാണുന്നില്ല. പ്രസ്തുത ഗുരു

Digitized By Kerala Sahitya Akademi

നാഥന്മാർ അമ്പലപ്പുഴക്കാരാകയാൽ, കുഞ്ചൻനമ്പ്യാർ ചെറുപ്പത്തിൽത്തന്നെ അവിടെ ചെന്നുചേർന്നതായി വിചാരിക്കാം.

## മാത്തൂർകളരി

അമ്പലപ്പുഴ താമസിക്കുന്നകാലത്ത് മാത്തൂർകളരിയുമായും നമ്പ്യാർക്കു ബന്ധമുണ്ടായിരുന്നു. ചെമ്പകശ്ശേരി (അമ്പലപ്പുഴ) രാജാവിന്റെ സേനാനായകസ്ഥാനം പരമ്പരയാ വഹിച്ചുവന്നവരാണ് മാത്തൂർകാർ. മാത്തൂർകാരുടെ കുടുംബപരദേവതയായ ഭഗവതിയെ നമ്പ്യാർ ഏതാനും തുള്ളൽക്കഥകളിൽ വന്ദിക്കുന്നുണ്ട്.

മാത്തൂരാലയവാസിനി ഭഗവതി
മനസിജരിപു നിജനന്ദിനിസുന്ദരി
കാത്തരുളീടുക കളരിനിവാസിനി
കളഭമനോഹരഗാമിനി കാമിനി

(പ്രദോഷമാഹാത്മ്യം)

മാത്തൂരാലയംതന്നിൽ മരുവും മംഗലാകാരേ
കാത്തുകൊൾക നീ കേളീകളരിവാസിനീ കാളീ!

(പൗണ്ഡ്രകവധം)

തുടങ്ങിയ ഭാഗങ്ങളിൽനിന്ന് കുഞ്ചൻനമ്പ്യാർക്കു മാത്തൂർകളരിയുമായി അടുത്ത ബന്ധമുണ്ടായിരുന്നുവെന്നു വിചാരിക്കാം. മാത്തൂർകളരിയിൽ കഥകളിക്കായിരുന്നു സ്ഥാനം. മാത്തൂർ കുടുംബക്കാർ തുള്ളലിനെ പ്രോത്സാഹിപ്പിച്ചതായി അറിവില്ല. എങ്കിലും നമ്പ്യാർക്ക് വ്യക്തിപരമായി മാത്തൂർകുടുംബവുമായി അടുപ്പമുണ്ടായിരുന്നുവെന്നു വ്യക്തമാണ്.

## ചെമ്പകശ്ശേരി

ഇന്നത്തെ അമ്പലപ്പുഴയുടെ പഴയ പേർ ചെമ്പകശ്ശേരി എന്നാണല്ലോ. ചെമ്പകശ്ശേരിരാജാവിന്റെ ആശ്രിതനായി കഴിഞ്ഞ നമ്പ്യാർ, തന്റെ രക്ഷകനെ പല തുള്ളൽക്കഥകളിലും അനുസ്മരിക്കുന്നു. ദേവനാരായണസ്ഥാനമുണ്ടായിരുന്ന ചെമ്പകശ്ശേരിരാജാവിനെ പരാമർശിക്കുന്ന ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:

ചെമ്പകനാട്ടിന്നലങ്കാരഭൂതനാം
തമ്പുരാൻ ദേവനാരായണസ്വാമിയും.

(കല്യാണസൗഗന്ധികം)

ചെമ്പകശ്ശേരിനാടുവാണരുളീടുമെന്നുടെ തമ്പുരാൻ
ചമ്പകാവലി കോമളാകൃതിയായ ദേവനാരായണൻ.

(ത്രിപുരദഹനം)

Digitized By Kerala Sahitya Akademi

ദേവനാരായണനെ സ്തുതിക്കുന്ന തുള്ളൽക്കഥകളിലെല്ലാംതന്നെ, കവി അമ്പലപ്പുഴകൃഷ്ണനെയും സ്മരിക്കുന്നുണ്ട്.

നമ്പ്യാർ ചെമ്പകശ്ശേരിരാജാവിന്റെ ആശ്രിതനായി കൂടിയതു് എന്നുമുതല്ക്കാണെന്നു് കൃത്യമായി പറഞ്ഞുകൂടാ. എന്നാൽ അദ്ദേഹം കുറച്ചുകാലം മനക്കോട്ടു് ബാലരാമനച്ചൻ എന്ന ഇടപ്രഭുവിന്റെ സേവകനായി കഴിഞ്ഞുകൂടിയതായി തെളിവുണ്ടു്. തുള്ളൽക്കഥകൾക്കുമുമ്പു് കവി രചിച്ചതായി വിശ്വസിക്കപ്പെടുന്ന 'ശിവപുരാണ'ത്തിൽ കവി ബാലരാമൻ അച്ചനെ സ്മരിക്കുന്നുണ്ടു്. മനക്കോട്ടെ താമസം കഴിഞ്ഞാവണം നമ്പ്യാർ ചെമ്പകശ്ശേരിയിലെത്തിയതു്. ഏതായാലും 1754–ൽ മാർത്താണ്ഡവർമ്മ ചെമ്പകശ്ശേരിരാജ്യം ആക്രമിച്ചു തിരുവിതാംകൂറിനോടു ചേർക്കുന്നതുവരെ നമ്പ്യാർ അവിടത്തെ അന്തേവാസിയായിരുന്നു എന്നു വിചാരിക്കണം.

## തിരുവനന്തപുരത്തു്

ചെമ്പകശ്ശേരിയുടെ പതനത്തിനുശേഷം നമ്പ്യാർ, തിരുവിതാംകൂറിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തേക്കു പോയി. അന്നേക്കു് അദ്ദേഹത്തിനു് ഏതാണ്ടു് അമ്പതുവയസ്സായിക്കാണും. തിരുവനന്തപുരത്തുവച്ചു നിർമ്മിച്ച തുള്ളൽക്കഥകളിൽ മാർത്താണ്ഡവർമ്മ, മന്ത്രി അയ്യപ്പൻമാർത്താണ്ഡപ്പിള്ള, കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവു് എന്നിവരെ സ്മരിച്ചു കാണുന്നു.

> ബാലമാർത്താണ്ഡവർമ്മേന്ദ്രവീരക്ഷമാ–
> പാലചൂഡാമണിപ്രേരണകാരണം
> ലീലാരസജ്ഞനാമയ്യപ്പമാർത്താണ്ഡ–
> ബാലമന്ത്രിപ്രവീരന്റെ നിദേശാനു–
> കൂലമായുള്ള വിനോദപ്രമേയമി–
> ക്കാലങ്ങളിൽ പ്രകാശിക്കേണമീശ്വരാ!
>
> (ഹനുമദുത്ഭവം)

> വഞ്ചിരാജകുലോത്തമൻ കുലശേഖരപ്പെരുമാളഹോ
> വടിവിലടിയനു വിനകളൊഴിവതിനാശ്രയം പരമാശ്രയം.
>
> (സഭാപ്രവേശം)

1758–ൽ മാർത്താണ്ഡവർമ്മമഹാരാജാവു കാലഗതി പ്രാപിച്ചു. തുടർന്നു് സിംഹാസനാരോഹണംചെയ്ത രാമവർമ്മമഹാരാജാവിന്റെ ഭരണാരംഭത്തിലും, മാർത്താണ്ഡവർമ്മയുടെ കാലത്തുണ്ടായതുപോലെ ആക്രമണപ്രത്യാക്രമണങ്ങൾകൊണ്ടു് രാജ്യത്തു സമാധാനം ഏറെക്കുറെ ഭംഗപ്പെട്ടനിലയിലായിരുന്നു. എന്നാൽ അക്കാലത്തും അയ്യപ്പൻമാർത്താണ്ഡപ്പിള്ള ദളവയുടെ കാരുണ്യവും

Digitized By Kerala Sahitya Akademi

സഹായവും നമ്പ്യാർക്ക് തുടർന്ന് ലഭിച്ചിരുന്നതുകൊണ്ട്, അദ്ദേഹം സന്തുഷ്ടനായിത്തന്നെ കഴിഞ്ഞുകൂടി.

## വാർദ്ധക്യവും ചരമവും

1763–ൽ അയ്യപ്പൻമാർത്താണ്ഡപ്പിള്ള നിര്യാതനായതോടെ, കുഞ്ചൻനമ്പ്യാരുടെ ജീവിതത്തിലെ സുവർണ്ണദശ അസ്തമിച്ചുവെന്നു പറയാം. ദളവയുടെ മരണശേഷം എത്രകാലംകൂടി നമ്പ്യാർ തിരുവനന്തപുരത്തു പാർത്തുവെന്നു കൃത്യമായി അറിയുന്നില്ല. തുടർന്ന് ദളവയായ സുബ്ബയ്യൻ 1768–ൽ അന്തരിക്കുന്നതുവരെ ആ താമസം തുടർന്നിരിക്കാം. സുബ്ബയ്യനുശേഷം ഒരു ഗോപാലയ്യനാണ് ദളവയായത്. ഈ ദളവാമാററക്കാലത്ത് കൊട്ടാരം സിൽബന്തികൾക്കിടയിൽ സ്വാഭാവികമായി സംഭവിച്ചിരിക്കാവുന്ന സ്ഥാനചലനങ്ങളും പദവിമാററങ്ങളും സ്വാതന്ത്ര്യാശയനായ നമ്പ്യാരെ തെല്ലു നിരാശനാക്കിയിരിക്കണം. ഏറെത്താമസിയാതെ നമ്പ്യാർ മഹാരാജാവിനോടു വിടവാങ്ങി, തിരുവനന്തപുരത്തുനിന്ന് അമ്പലപ്പുഴ വന്നു താമസമാക്കി എന്നു വിചാരിക്കാം.

രാമവർമ്മമഹാരാജാവിനോടു യാത്രപറയുമ്പോൾ, നമ്പ്യാർ താഴെക്കൊടുത്തിട്ടുള്ള ശ്ലോകമുണ്ടാക്കി അടിയറവച്ചതായി പറയപ്പെടുന്നു.

> നാലഞ്ചക്ഷരവും പഠിച്ചു ഗുരുവിൻ
> പാദം തലോടീ ചിരം
> പാലഞ്ചുംമൊഴിതന്നപാംഗവലയിൽ
> പാടീട്ടുഴന്നേനഹം;
> കോലം കെട്ടുക, കോലകങ്ങളിൽ നട–
> ക്കെന്നുള്ള വേലയ്ക്കിനി–
> ക്കാലം വാർദ്ധകമാകകൊണ്ടടിയനൊ–
> ച്ചാടിക്കൊലാ ഭൂപതേ!

തിരുവനന്തപുരം വിട്ടുപോരുന്നകാലത്ത് നമ്പ്യാർക്ക് അറുപതു വയസ്സു കഴിഞ്ഞിരിക്കണം. തന്റെ വാർദ്ധക്യത്തെപ്പററി കവി ശ്ലോകത്തിൽ സൂചിപ്പിക്കുന്നുണ്ടല്ലോ.

കുഞ്ചൻനമ്പ്യാർ തിരുവനന്തപുരത്തു താമസിക്കുന്ന കാലത്ത്, അദ്ദേഹത്തിനു പല രാജകീയസമ്മാനങ്ങളും ലഭിച്ചതായി രേഖകളുണ്ട്. ''അമ്പലപ്പുഴ കുഞ്ചൻനമ്പിയാർക്ക് 933 തൈ 5–ാംതീയതി കൊടുത്ത മകരപ്പിൽ ആണിത്തലയ്ക്കൽ ചികപ്പുകൽവച്ച വീരശൃംഖല ഉരുവ് ഒന്ന്'' എന്നും, അദ്ദേഹത്തിനു തന്നെ വീണ്ടും 934 പുരട്ടാശി 30–ാംതീയതി കൊടുത്ത ''വീര

Digitized By Kerala Sahitya Akademi

ശങ്ങല ഉരുവ്' ഒന്നും'' എന്ന വലിയകൊട്ടാരത്തിലെ കണക്കുകളിൽ കാണുന്നുണ്ട്'.

രാമവർമ്മ മഹാരാജാവിന്റെ അനുമതിയോടുകൂടി അമ്പലപ്പുഴ തിരിച്ചെത്തിയ നമ്പ്യാർ, നേരത്തെമുതൽ തനിക്ക്' അനുവദിച്ചു കിട്ടിയ നമ്പ്യാർമഠത്തിൽ താമസമാക്കിയെന്നു വിശ്വസിച്ചുപോരുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിൽനിന്നും ഒരു വിളിപ്പാടു തെക്കായി, നമ്പ്യാക്കു രാജാവു കല്പിച്ചു നല്കിയ പറമ്പ്' ഇന്നും കാണാനുണ്ട്'. താമസക്കാർ മററിയെങ്കിലും ഇപ്പോഴും കഞ്ചൻ കൃഷ്ണൻനമ്പ്യാരുടെ പേരിലാണ്' ഈ വസ്തുവിന്റെ പട്ടയമെന്നു കേൾക്കുന്നു. കൂടാതെ കുഞ്ചൻനമ്പ്യാരുടെ കുടുംബക്കാക്ക്' ഇന്നും ചില അനുഭവങ്ങൾ അമ്പലപ്പുഴക്ഷേത്രത്തിൽനിന്നു കിട്ടിവരുന്നുണ്ട്'.

നമ്പ്യാരുടെ അന്ത്യം അമ്പലപ്പുഴവച്ചായിരുന്നെന്നും, പേപ്പട്ടിവിഷം ബാധിച്ചാണ്' മഹാകവി അന്തരിച്ചതെന്നും പറയപ്പെടുന്നു. പേപ്പട്ടി കടിച്ചതിന്റെ ചികിത്സയിലിരിക്കെ, പഥ്യം തീരുന്നതിനുമുമ്പ്', സദ്യപ്രിയനായ നമ്പ്യാർ അമ്പലപ്പുഴ വലിയകോവിലകത്തെ മാസമടിയന്തിരത്തിനു പോയിയെന്നും, അപഥ്യം ഹേതുവായി അദ്ദേഹത്തിനു മരണം സംഭവിച്ചുവെന്നുമാണു കഥ. അന്നേക്കു മഹാകവിക്ക്' അറുപത്തഞ്ചുവയസ്സു പ്രായമായിരുന്നുവെന്ന്' ഭാഷാചരിത്രകാരൻ അഭിപ്രായപ്പെടുന്നു.

എന്നാൽ പിന്നീടു കണ്ടെടുത്ത ഒരു ശ്ലോകത്തിൽനിന്ന്' മഹാകവി എഴുപത്താറു വയസ്സുവരെ ജീവിച്ചിരുന്നതായി സൂചനയുണ്ട്'. ശ്ലോകം ഇപ്രകാരമാണ്':

കൊല്ലം തൊള്ളായിരത്താണ്ടിരുപതുമിരുപ-
  ത്താറുമേവഞ്ച പത്തും
ചെന്നീടുന്നോരു കാലം മിഥുനമുപഗതേ
  ഭാസ്കരേ ധന്യധന്യഃ
കൃഷ്ണേ പക്ഷേ ചതുർത്ഥീചതയയുതദിനേ
  മാതുലഃ കൃഷ്ണനാമാ
വിഷ്ണോസ്സായൂജ്യമാപ്പോ വിഹിതഹരിനമ-
  സ്യാദികോ വീതശോകം.

ഈ ശ്ലോകം നിർമ്മിച്ച ആൾ കഞ്ചൻനമ്പ്യാരുടെ അനന്തരവനാണെന്നും, ശ്ലോകത്തിൽ സൂചിപ്പിക്കുന്നവിധം കഞ്ചൻ(കൃഷ്ണൻ) നമ്പ്യാർ കൊ. വ. 956-ൽ (എ. ഡി. 1781-ൽ) മിഥുനമാസത്തിൽ ചതയദിനത്തിൽ ദിവംഗതനായെന്നും വന്നുകൂടുന്നു. ഈ വസ്തുത ശരിയാണെങ്കിൽ, നമ്പ്യാർ എഴുപത്താറുവയസ്സുവരെ ജീവിച്ചിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ഇതിലും അസാധാരണമായി ഒന്നുമില്ല.

Digitized By Kerala Sahitya Akademi

എന്നാൽ പ്രസ്തുത ശ്ലോകം കഞ്ചൻനമ്പ്യാരുടെ പരമത്തെത്തന്നെയാണ് കുറിക്കുന്നത് എന്നു സംശയിക്കുന്നവരും ഇല്ലാതില്ല. അതിലേക്ക് അവർ ഉന്നയിക്കുന്ന കാരണം, ശ്ലോകത്തിൽ നമ്പ്യാരുടെ കവിത്വത്തെപ്പററി പ്രസ്താവിച്ചുകാണുന്നില്ല എന്നതാണ്. പരേതന്റെ ശ്രദ്ധാലികർമ്മങ്ങൾ കൃത്യമായി ഓർമ്മിക്കുന്നതിലേക്കാണ് ചരമപദ്യങ്ങൾ ഉണ്ടാക്കി സൂക്ഷിക്കാറുള്ളത്. ശ്ലോകകർത്താക്കൾ വലിയ ഭാവനാശാലികളായിക്കൊള്ളണമെന്നില്ല. കഞ്ചൻനമ്പ്യാരുടെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചുവെന്നു പറയാം.

## തുള്ളൽപ്രസ്ഥാനം

കഞ്ചൻനമ്പ്യാർ തുള്ളൽക്കഥകളുടെ നിർമ്മാണത്തിനും അവയുടെ അവതരണത്തിനും ഒരുമ്പെട്ടിറങ്ങിയതു് അമ്പലപ്പുഴ ക്ഷേത്രത്തിൽ കൂത്തു പറയുന്ന ചാക്യാരുമായി ഇടഞ്ഞ സംഭവത്തിനു ശേഷമാണെന്ന് ഒരു പ്രസിദ്ധമായ കഥയുണ്ട്. മററു കഥകളെപ്പോലെ നിരാസ്പദമെന്നു പറഞ്ഞു തള്ളിക്കളയാവുന്നതല്ല ഈ ഉറക്കംതൂങ്ങിക്കഥ. അന്നത്തെ സംഭവത്തെത്തുടർന്ന് ഇന്നും അമ്പലപ്പുഴക്ഷേത്രത്തിൽ തുള്ളലിനു പ്രവേശനമില്ലെന്ന വസ്തുത, ചാക്യാർ—നമ്പ്യാർ കലഹകഥയുടെ വിശ്വാസ്യത ബലപ്പെടുത്തുകയാണു ചെയ്യുന്നതു്. മാത്രമല്ല, തുള്ളലിന്റെ ഉത്ഭവചരിത്രത്തെപ്പററിയുള്ള ചർച്ചയിൽ, തുള്ളൽക്കാരനായ നമ്പ്യാരെയും കൂത്തുപറയുന്ന ചാക്യാരെയും കൂട്ടിയിണക്കുന്ന ഈ കഥയ്ക്കു് ഗവേഷണപരമായ പ്രാധാന്യവുമുണ്ട്. കൂത്തിലെ പല അംശങ്ങളും സ്വീകരിച്ചാണ് നമ്പ്യാർ തുള്ളൽ ഏർപ്പെടുത്തിയതെന്നു് അതിനെപ്പററിയുള്ള പഠനങ്ങൾ തെളിയിക്കുന്നു.

## ചാക്യാർ—നമ്പ്യാർ കലഹകഥ

ഒരിക്കൽ അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ ഉത്സവത്തിനു് ചാക്യാർ കൂത്തുപറയുകയായിരുന്നു. എന്തു കാരണവശാലോ, അന്നു മിഴാവു കൊട്ടാനുള്ള ചുമതല ചെന്നുകൂടിയതു് കഞ്ചൻനമ്പ്യാരിലായിരുന്നു. കഥാപ്രസംഗത്തിനിടയിൽ, മിഴാവു കൊട്ടേണ്ട സമയത്തു് അങ്ങനെ ചെയ്യാതെ നമ്മുടെ നമ്പ്യാർ അല്പം ഉറങ്ങിപ്പോയി. പരപരിഹാസത്തിനു പഴുതു നോക്കിയിരുന്ന ചാക്യാരാകട്ടെ, ആ അവസരമുപയോഗിച്ചു് നമ്പ്യാരെ കഠിനമായി കളിയാക്കി. ആ ദിവസം അങ്ങനെ കഴിഞ്ഞു.

അടുത്തദിവസവും ചാക്യാരുടെ കൂത്തുണ്ടായിരുന്നു. അന്നു ചാക്യാർ കൂത്തു തുടങ്ങിയപ്പോൾ, മതിൽക്കെട്ടിനുള്ളിൽ പടിഞ്ഞാറെ കളത്തട്ടിന്മേൽ പുതിയ വേഷത്തോടും മേളക്കൊഴുപ്പോ

Digitized By Kerala Sahitya Akademi

ട്ടംകൂടി ഒരു തുള്ളൽക്കാരൻ കയറിനിന്നു പാടുകയും ആടുകയും ചെയ്യുന്നതു കണ്ടു്, കൂത്തു കേൾക്കാൻ കൂടിയിരുന്നവരെല്ലാം അങ്ങോട്ടേക്കു വച്ചുപിടിച്ചു. കൂത്തു കേൾക്കാൻ ആളില്ലാതെ ചാക്യാർ ഇളിഭ്യനായി. ആ പുതിയ തുള്ളൽക്കാരൻ കുഞ്ചൻനമ്പ്യാരായിരുന്നു. അദ്ദേഹം ഉണ്ടാക്കിയ 'കല്യാണസൗഗന്ധികം' കഥയാണു് അന്നവിടെ തുള്ളിയതു്.

തന്നെ ഇളിഭ്യനാക്കിയ നമ്പ്യാർക്കെതിരായി ചാക്യാർ ദേവനാരായണസമക്ഷം സങ്കടം ബോധിപ്പിച്ചെന്നും, തുടർന്നു് മതിൽക്കെട്ടിനുള്ളിൽ തുള്ളൽ പാടില്ലെന്നു് രാജാവു് കല്പനയായെന്നുംകൂടി കഥ തുടരുന്നു.

പ്രസ്തുതകഥയിൽ അവിശ്വസനീയമായ ഒരു ഭാഗം, ചാക്യാരുമായി പിണങ്ങിയതിനുശേഷം ഒററരാത്രികൊണ്ടു് നമ്പ്യാർ തുള്ളലുണ്ടാക്കി, പിറേറന്നു് അതു് അവതരിപ്പിച്ചുവെന്നതു മാത്രമാണു്. അവതരണം ശരിക്കും പിറേറന്നുതന്നെയായിരുന്നുവെന്നു തീർത്തും പറഞ്ഞുകൂടാ. ദിവസങ്ങളോ ആഴ്ചകളോ കഴിഞ്ഞിട്ടായിരുന്നു എന്നു് അനുമാനിക്കുന്നതിലും പിശകില്ല. തുള്ളലിനുവേണ്ടി പല കാലമായി ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരുന്ന നമ്പ്യാർ, കിട്ടിയ സന്ദർഭം തനാക്കി അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുവെന്ന ഭേദഗതിയോടുകൂടി പ്രസ്തുത കഥ അംഗീകരിക്കാമെന്നു തോന്നുന്നു.

## ആദ്യത്തെ തുള്ളൽ

നമ്പ്യാർ എഴുതിയുണ്ടാക്കിയ ഒന്നാമത്തെ തുള്ളൽ 'കല്യാണസൗഗന്ധിക'മാണെന്ന പക്ഷത്തെയും നിരസിക്കേണ്ടതില്ല. തുള്ളലിന്റെ ആരംഭത്തിൽ ചേർത്തിട്ടുള്ള ദീർഘമായ വന്ദനകളും എല്ലാവർക്കും അറിവുള്ളതും പല കവികളും മുമ്പിനാലെ ആഖ്യാനത്തിനു വിഷയമാക്കിയതുമായ ഒരു കഥയെ പുനരാഖ്യാനം ചെയ്യാനുള്ള ഉദ്യമത്തെ സാധൂകരിച്ചുകൊണ്ടു് കവി നടത്തുന്ന വാദവും പ്രസ്തുത മതത്തെ ബലപ്പെടുത്തുന്നു.

'കല്യാണസൗഗന്ധിക'ത്തിൽ ചെയ്തപോലെ കഥയുടെ കാര്യത്തിലൊരു പിടിവാശി നമ്പ്യാർ വേറൊരിടത്തും കാണിക്കുന്നില്ല. കല്യാണസൗഗന്ധികം ഭാഷാചമ്പുവിനു പുറമേ, പ്രസ്തുത കഥയെ ആസ്പദമാക്കി ചാക്യാന്മാർ നടത്താറുള്ള കഥാപ്രസംഗവും ഇവിടെ അനുസ്മരിക്കേണ്ടതുണ്ടു്. നാടകീയത വേണ്ടുവോളം കലർന്നതും, രസകരമാംവിധം ആഖ്യാനംചെയ്യാൻ സാദ്ധ്യതയുള്ളതുമായ കല്യാണസൗഗന്ധികം കഥ നമ്പ്യാരെ നേരത്തെമുതൽ ആകർഷിച്ചിരിക്കണം. അങ്ങനെ ആദ്യത്തെ തുള്ളൽ എഴുതിയെന്നും, ഉചിതമായ സന്ദർഭത്തിൽ അതു് അവ

Digitized By Kerala Sahitya Akademi

തരിപ്പിച്ചുവെന്നും ധരിക്കാവുന്നതാണ്. പ്രസ്തുത തുള്ളലിനു ലഭിച്ച വിജയം കൂടുതൽ തുള്ളൽക്കഥകൾ രചിക്കാനും രംഗത്തു പ്രയോഗിക്കാനും നമ്പ്യാർക്ക് പ്രചോദനം നല്കിയിരിക്കണം.

## തുള്ളലിൻെറ ഉത്ഭവം

തുള്ളൽ എന്ന പേരിൽ ഒരു കലാവിദ്യ ആദ്യമായി ആവിഷ്കരിച്ചതു് കുഞ്ചൻനമ്പ്യാരാണെന്നു പറയാവുന്നതല്ല. നമ്പ്യാരുടെ കാലത്തിനു മുമ്പും ചില തുള്ളൽസമ്പ്രദായങ്ങൾ നടപ്പുണ്ടായിരുന്നു. പ്രാകൃതമായ നാടോടിനൃത്തങ്ങളുടെ പട്ടികയിൽ മാത്രം ഉൾപ്പെടുത്താവുന്ന പ്രസ്തുത അഭിനയസമ്പ്രദായത്തിനു് കാലോചിതമായ വേഷവും വ്യവസ്ഥകളും നല്കി, പ്രത്യേക സാഹിത്യവും ഗാനരീതികളും താളമേളങ്ങളും ഏർപ്പെടുത്തി അതിനെ നവീകരിച്ചുവെന്നതാണ് നമ്പ്യാർ ചെയ്ത സേവനം. മുമ്പുണ്ടായിരുന്ന വിഭവങ്ങളുടെ പരിമിതിയും, നമ്പ്യാർ നല്കിയ പുതുമകളുടെ ബഹുമുഖത്വവുംകൊണ്ടു് അദ്ദേഹത്തെ ആധുനിക തുള്ളൽപ്രസ്ഥാനത്തിൻെറ ജനയിതാവായും, ആ സാഹിത്യശാഖയുടെ ഇതഃപര്യന്തമുള്ള സർവ്വാധിപതിയായും കണക്കാക്കിപ്പോരുന്നു.

ചരിത്രാതീതകാലം മുതൽ ,കേരളത്തിൽ പലവിധമായ തുള്ളൽസമ്പ്രദായങ്ങൾ നിലവിലിരുന്നു. അധികവും അനുഷ്ഠാനപരമായ നൃത്തങ്ങളാണ് അവ. വടക്കേ മലബാറിൽ മലയൻ തുള്ളൽ എന്നും തിരുവിതാംകൂറിലും കൊച്ചിയിലും വേലൻ തുള്ളൽ എന്നും പറയുന്ന ഭൂതംതുള്ളൽ, കണിയാന്മാരുടെ കോലം തുള്ളൽ, സുബ്രഹ്മണ്യക്ഷേത്രത്തിൽ പതിവുള്ള കാവടിതുള്ളൽ, നായർതറവാടുകളിൽ ആഘോഷിക്കാറുള്ള പാമ്പുംതുള്ളൽ തുടങ്ങി ദേവതാപ്രീണനപരങ്ങളായ നൃത്തരീതികൾ കേരളീയജനവർഗ്ഗങ്ങൾക്കിടയിൽ നിലനിന്നുവരുന്നു. ചെറുമരുടെയിടയിൽ പതിവുള്ള കോൽകളി, വട്ടക്കളി, തട്ടിന്മേൽക്കളി എന്നിവ വിനോദപരങ്ങളായ പ്രാകൃതനൃത്തരീതികളാണ്.

## പടേനിയും തുള്ളലും

തിരുവിതാംകൂറിലെ, മുഖ്യമായും മദ്ധ്യതിരുവിതാംകൂറിലെ ചില ക്ഷേത്രങ്ങളിൽ നായന്മാർ നടത്തിവരാറുള്ള ഉത്സവമാണ് പടേനി അഥവാ പടയണി. നടന്മാർ പ്രത്യേകവേഷമിട്ടും, ചിലപ്പോൾ വേഷമില്ലാതെയും നാട്ടിൽ നടക്കുന്ന ഓരോ കാര്യങ്ങളെ പരിഹാസരൂപത്തിൽ വിമർശിക്കുകയാണ് ഇതിലെ ചടങ്ങ്. ആദ്യം വെളിച്ചപ്പാടും, തുടർന്നു മററു വേഷക്കാരും പ്രവേശിക്കുന്നു. കണിയാൻ, പരദേശി, ശർക്കരക്കുടക്കാരൻ,

Digitized By Kerala Sahitya Akademi

ഇടിക്കണ്ടപ്പച്ചനായർ തുടങ്ങി പലരും ഇതിൽ ഉൾപ്പെടും. പട്ടർ, തങ്കം, വഞ്ചിമരയ്ക്കാൻ, മൂപ്പൻ തുടങ്ങിയ വേറെയും വേഷക്കാർ പടേനിയിൽ പതിവുണ്ട്.

ദാരുകവധം കഴിഞ്ഞു് കോപിഷ്ഠയായിരിക്കുന്ന ഭദ്രകാളിയെ രസിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഉത്സവമാണു് ദേവീക്ഷേത്രങ്ങളിലെ പടേനി. എന്നാൽ അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലുംമററും പടേനിക്കോലങ്ങൾ പതിവുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. അമ്പലപ്പുഴയിലെ എട്ടു വേലകളിലെയും പ്രവൃത്തിയാരന്മാർ വേലകളിക്കാരായ ഭടന്മാരുടെ വേഷത്തിൽ ഉടുത്തൊരുങ്ങി പടയണിക്കും വേലകളിക്കും നേതൃത്വം വഹിച്ചു മുന്നണിയിൽ നില്ക്കുമായിരുന്നത്രേ! കൂട്ടത്തിൽ കുഞ്ചൻ നമ്പ്യാരും കോലംകെട്ടി തുള്ളി കാണികളെ രസിപ്പിച്ചിരുന്നതായി പറയപ്പെടുന്നു.

ഭടജനങ്ങടെ നടുവിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള-
ഭാഷതന്നെ ചിതംവരൂ. (സഭാപ്രവേശം)

എന്ന ഭാഗം നമ്പ്യാക്കു് പടയണിയോടുള്ള ബന്ധത്തെയാണല്ലോ സൂചിപ്പിക്കുന്നതു്. പടേനിക്കോലത്തിനു് തുള്ളൽക്കാരന്റെ വേഷത്തോടുള്ള സാദൃശ്യവും, പടേനിയിലെ സാമൂഹ്യവിമർശനത്തിനും പരിഹാസത്തിനും തുള്ളൽസാഹിത്യത്തിലുള്ള സ്ഥാനവും ആലോചിക്കുമ്പോൾ, ചെറുപ്പംമുതൽതന്നെ നമ്പ്യാക്കു് അറിയാനും പരിചയപ്പെടാനും ഇടവന്ന ആ നാടൻകലാവിദ്യ, ആധുനിക തുള്ളൽസമ്പ്രദായത്തിന്റെ ആവിഷ്കരണത്തിൽ അദ്ദേഹത്തെ അത്യന്തം സഹായിച്ചുവെന്നു് അനുമാനിക്കാവുന്നതാണു്.

## കൂത്തും തുള്ളലും

പടേനിയും തുള്ളലുമായുള്ള ബന്ധംപോലെതന്നെ പ്രധാനമാണു് കൂത്തിനും തുള്ളലിനുമുള്ള പരസ്പരബന്ധം. തുള്ളലിന്റെ ഉത്ഭവചരിത്രത്തിൽ സ്ഥാനംപിടിച്ചിട്ടുള്ള ചാക്യാർ—നമ്പ്യാർ കലഹകഥ കാണിക്കുന്നവിധം നമ്പ്യാക്കു ചാക്യാരോടു പിണക്കമുണ്ടായിരുന്നെന്നോ, ഇല്ലെന്നോ വരട്ടെ; എന്നാൽ ചാക്യാരുടെ കലാവിദ്യയോടു് നമ്പ്യാക്കു് ഒട്ടും നീരസമുണ്ടായിരുന്നില്ല എന്നു വ്യക്തമാണു്. മറിച്ചു് 'ചന്തമേറിയ ചാക്കിയാരുടെ കൂത്തുമൊരുവക മേളവും' (സഭാപ്രവേശം) എന്നു് ആ അതിപുരാതന നാട്യവിദ്യയെ അദ്ദേഹം പ്രശംസിച്ചിട്ടേ ഉള്ളൂ. 'കൂത്തിനു ചാക്കിയാരണിയുന്നപോൽ', 'ആടാച്ചാക്കിയ

Digitized By Kerala Sahitya Akademi

കേൾപ്പു വേണ്ട' (സഭാപ്രവേശം) എന്നിങ്ങനെ തുള്ളൽക്കഥക ളിൽ കാണുന്ന പ്രയോഗങ്ങൾ നമ്പ്യാർക്ക് കൂത്തുമായുണ്ടായിരുന്ന ഗാഢബന്ധത്തെയാണ് കാണിക്കുന്നതു്.

കൂടിയാട്ടത്തിലെ വിദൂഷകൻെറ മുടിയണിഞ്ഞു്, ദേഹത്തു ഭസ്മമോ ചന്ദനമോ പൂശി, മുഖത്തു ചായം തേച്ചു്, ഉടുത്തുകെട്ടു മായി രംഗത്തു വരുന്ന ചാക്യാർക്കു് തുള്ളൽക്കാരനുമായി വേഷ ത്തിൽ ചില സാമ്യമെല്ലാമുണ്ടു്. കടിസൂത്രം രണ്ടുപേർക്കും ഉള്ള താണല്ലോ. കൂത്തിൽ, പഴയ ആളുകളെ ഇന്നുള്ളവരായി കണ ക്കാക്കി ചാക്യാർ നടത്തുന്ന കളിയാക്കലും, തുള്ളലിൽ മുമ്പിലി രിക്കുന്നവരെ പുരാണകഥാപാത്രങ്ങളായി കല്പിച്ചുകൊണ്ടു് തുള്ളൽക്കാരൻ നടത്തുന്ന പരിഹാസവും ആഖ്യാനരീതിയുടെ സാദൃശ്യത്തെ പ്രദർശിപ്പിക്കുന്നു. പുരാണകഥാപ്രസംഗം ചെയ്യുന്ന ചാക്യാർ സംസ്കൃതപദ്യങ്ങൾ ചൊല്ലി, അവയെ വ്യാഖ്യാനിച്ചു ശ്രോതാക്കളെ കേൾപ്പിക്കുന്ന രീതിതന്നെ ചുരുക്കം സന്ദർഭങ്ങ ളിൽ നമ്പ്യാരും സ്വീകരിച്ചതായി കാണാം.

''കൂത്തുമായി അടുത്തു പരിചയിച്ച നമ്പ്യാർ കഥകളെല്ലാം ശ്രദ്ധിച്ചു കേൾക്കുകയും, അവയുടെ കഥനത്തിലുംമററുമുള്ള ന്യൂന തകൾ എങ്ങനെ പരിഹരിക്കേണ്ടു എന്നു ഗാഢമായി ചിന്തിക്കു കയും ചെയ്തതിൻെറ ഫലമാണു് നമുക്കു കിട്ടിയിട്ടുള്ള തുള്ളൽക്ക ഥകൾ'' (പി. അനന്തൻപിള്ള: 'പ്രബന്ധപാരിജാതം') എന്നും, ''ചാക്യാരുടെ പിന്നിൽ വളരെക്കാലം ഇരുന്നു സമ്പാദിച്ചിട്ടുള്ള സാഹിത്യസ്വത്താണു് നമ്പ്യാർ, തൻെറ തുള്ളലുകളിൽ സ്വച്ഛ ന്ദം വിതറിയിട്ടുള്ളതു്'' (പി. ശങ്കരൻനമ്പ്യാർ: 'സാഹിത്യ നിഷ്കഷം') എന്നുമുള്ള നിരീക്ഷണങ്ങൾ കൂത്തും തുള്ളലും തമ്മി ലുള്ള അഭേദ്യബന്ധത്തെ വിശദീകരിക്കുന്നവയാണു്.

ആര്യസന്തതിയായ കൂത്തിനെ സംസ്കൃതത്തിൻെറ നാലുകെ ട്ടിനു പുറത്താക്കി, വേഷഭൂഷാദികളിൽ കുറച്ചും സംഭാഷണ ത്തിൽ മുഴുവനും നാടത്തം കലർത്തി, മലയാളമണ്ണിൽ സൈ്വര ലീലയ്ക്കു് അനുവദിച്ചപ്പോൾ, ആ കലാകുമാരി തുള്ളലായി. കഥ കളിയുടെ ഭാരം കുറഞ്ഞ പതിപ്പെന്നോ, കൂത്താകുന്ന ബ്രാഹ്മണ സദ്യയിൽ കൂട്ടുകൂട്ടിയ സവ്വാണിസദ്യയെന്നോ പലരും പലവി ധത്തിൽ തുള്ളലിനെ വിശേഷിപ്പിച്ചുകാണുന്നു. എന്നാൽ ദേവ വാണിയുടെ തണലില്ല, പ്രത്യുത, കട്ടനാട്ടിലെ വളക്കൂറുള്ള മണ്ണിലാണു് തുള്ളൽച്ചെടി വളന്നതെന്ന കാര്യം വിസ്മരിക്കാവു ന്നതല്ല.

Digitized By Kerala Sahitya Akademi

# മൂന്നുവിധം തുള്ളൽ

ഓട്ടംതുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻതുള്ളൽ എന്നിങ്ങനെ തുള്ളൽ മൂന്നുവിധമുണ്ടു്. കവിതയുടെ മട്ടിലും അവതരണസമ്പ്രദായത്തിലും ഇവ മൂന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. എങ്കിലും തുള്ളൽക്കഥകൾ എന്ന നിലയ്ക്കു് മൂന്നിനത്തിനും അടിസ്ഥാനപരമായ വ്യത്യാസമൊന്നുമില്ല. നമ്പ്യാരുടേതെന്നു തറപ്പിച്ചുപറയാവുന്ന മുപ്പത്തിനാലു തുള്ളൽക്കഥകളിൽ പത്തൊമ്പതെണ്ണം, ഓട്ടനും, എട്ടു ശീതങ്കനും, ഏഴു പറയനുമാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇവയിൽ ഓട്ടംതുള്ളലുകൾ എണ്ണത്തിൽ കൂടുതലുണ്ടെന്നുള്ളതോ പോകട്ടെ, തുള്ളലുകളിൽ ആദ്യം നടപ്പായതു് ഓട്ടനല്ലേ എന്നു സംശയിക്കണം. നമ്പ്യാരുടെ കാലത്തിനു മുമ്പുതന്നെ 'ഓട്ടംതുള്ളൽ' എന്ന പേരിൽ ഒരുതരം തുള്ളൽ പ്രചരിച്ചിരുന്നതായി തുള്ളൽക്കഥകളിലെ പ്രസ്താവനകൾ കാണിക്കുന്നു.

ആട്ടം കളികൾ പിന്നെച്ചാട്ടം ഞാണിന്മേലേറി
ഓട്ടംതുള്ളലും പലകൂട്ടം ഗ്രഹിച്ചവനും

(കിരാതം തുള്ളൽ)

ആട്ടം പല ദിശി പാട്ടും കളികളു—
മോട്ടംതുള്ളലു കൊമ്പുകുഴൽവിളി

(സീതാസ്വയംവരം)

തുടങ്ങിയ പരാമർശങ്ങൾ നോക്കുക. കൂടാതെ 'സത്യാസ്വയംവര'ത്തിലും 'ചന്ദ്രാംഗദചരിത'ത്തിലും ഓട്ടംതുള്ളലിനെപ്പററി പറഞ്ഞുകാണുന്നു. ഓട്ടനെപ്പററിയുള്ള ഈ പരാമർശങ്ങളെല്ലാം ഓട്ടംതുള്ളലുകളിലാണെന്നതു് തികച്ചും യാദൃച്ഛികമാവാം.

ഓട്ടംതുള്ളലിനെ പറച്ചിലിലും എഴുത്തിലും ഓട്ടൻതുള്ളലാക്കുകയാണു് ഇപ്പോഴത്തെ പതിവു്. എന്നാൽ നമ്പ്യാരുടെ തുള്ളലുകളിലെല്ലാം 'ഓട്ടംതുള്ളൽ' എന്നാണു പ്രയോഗം. മററു രണ്ടു ജാതി തുള്ളലുകളെക്കാൾ വേഗത്തിൽ ചൊല്ലേണ്ടതും ആടേണ്ടതുമാണു് ഓട്ടംതുള്ളൽ എന്നതുകൊണ്ടു് പദാർത്ഥത്തെപ്പററി ക്ലേശിക്കേണ്ടതില്ല. ഓട്ടൻ ശബ്ദത്തെ സന്ദേശഹരൻ എന്ന അർത്ഥത്തിലും നമ്പ്യാർ പ്രയോഗിച്ചിട്ടുണ്ടു്.

ഓട്ടന്മാരും പാർശ്വപദന്മാർ
കോട്ടമകന്നൊരു തേരാളികളും

(ചന്ദ്രാംഗദചരിതം)

ഇത്യാദി. ഇവിടെയും അർത്ഥത്തിനു വ്യത്യാസമില്ല. സന്ദേശവാഹകന്മാർ വേഗം ഗമിക്കുന്നവരാണല്ലോ. ഇങ്ങനെ നോക്കു

Digitized By Kerala Sahitya Akademi

മെന്നാം, ഓട്ടൻതുള്ളലിൻെറ ശരിയായ രൂപം ഓട്ടംതുള്ളൽ എന്നു് അംഗീകരിക്കുകയും, ഓടിക്കൊണ്ടുള്ള തുള്ളൽ അഥവാ ദ്രുതകാല ത്തിലുള്ള തുള്ളൽ എന്ന സാമാന്യമായ അൎത്ഥം അതിനു കല്പിക്കു കയുമാണു വേണ്ടതു്. ശീതങ്കനോടും പറയനോടും പൊരുത്തപ്പെ ടുത്താൻവേണ്ടി, പില്ക്കാലത്തു് ഓട്ടംതുള്ളലിനെ ഓട്ടൻതുള്ളലാ ക്കി എന്നു വിചാരിക്കാം.

ഓട്ടംതുള്ളലിനെ പേരെടുത്തു പറയുന്ന നമ്പ്യാർ, തൻെറ തുള്ളൽക്കഥകളിലെങ്ങുംതന്നെ ശീതങ്കനെയോ പറയനെയോ പരാമർശിച്ചുകാണുന്നില്ല. 'രുക്മിണീസ്വയംവര'ത്തിൽ, 'പറ യൻകഥ ചൊൽവാനൊരു ഗണപതി കാര്യെച്ചൊല്ലിത്തുള്ളുന്നേ രം' എന്നിങ്ങനെയൊരു ഭാഗമുണ്ടു്. എന്നാൽ പ്രസ്തുത തുള്ളൽ നമ്പ്യാരുടെ കൃതിയാണെന്നു തീൎത്തു പറയാൻ നിവൃത്തിയില്ലാത്ത തുകൊണ്ടു്, ആ പ്രസ്താവന അവഗണിക്കാനേ കഴിയുന്നുള്ളു.

വിവാഹം തുടങ്ങിയ ആഘോഷങ്ങൾക്കും ശവസംസ്കാര ത്തിനും 'പറ' എന്ന വാദ്യം കൊട്ടുന്നവരാകയാൽ 'പറയൻ' എന്ന പേരു്, ആ ജാതിക്കുണ്ടായി എന്നാണു് ശബ്ദശാസ്ത്രജ്ഞ ന്മാരുടെ അഭിപ്രായം. പറയർ വാദ്യക്കാരായി അറിയപ്പെടുന്ന തു് അധികവും തമിഴ്നാട്ടിലാണു്. കേരളത്തിലെ പറയൎക്കു് ചുരുക്കം സന്ദർഭങ്ങളിൽ ഈ വിനോദം പതിവുണ്ടു്. എന്നാൽ നമ്പ്യാർ 'പറയ'ശബ്ദത്തെ വ്യാഖ്യാനിക്കുന്നതു് മറെറാരുവിധ ത്തിലാണു്. പറയുന്നവൻ പറയൻ. അതായതു്, വാചാപ്രസം ഗം ചെയ്യുന്നതിൽ സാമൎത്ഥ്യമുള്ളവൻ എന്നു താൽപര്യം. അദ്ദേ ഹത്തിൻെറ പറയൻതുള്ളലുകളിൽ ഈ വ്യാഖ്യാനം കാണാ നുണ്ടു്.

നാക്കുകൊണ്ടു പറയുന്ന ജനത്തിൻ ശ്രേഷ്ഠതകൊണ്ടു
നാന്മുഖനിജ്ജനങ്ങൾക്കു പറയനെന്നു പേരിട്ടു.

(കുംഭകൎണ്ണവധം)

അതുപോലെ ശ്രീരംഗൻ (വിഷ്ണു) എന്ന സംസ്കൃതനാമത്തി ൻെറ തത്ഭവമായ ശീതങ്കൻശബ്ദം, നമ്പ്യാർ മൂന്നാമതൊരിനം തുള്ളലിനു പേരായി കല്പിച്ചിരിക്കുന്നു. കുട്ടനാട്ടിലെ പുലയർ ക്കിടയിൽ ശീതങ്കൻ എന്ന പേരു് പണ്ടു സാധാരണമായിരുന്ന തുകൊണ്ടു്, ആ ജാതിക്കാരുടെ തുള്ളലായി ശീതങ്കൻതുള്ളലിനെ കരുതി, അങ്ങനെ പേരിട്ടുവെന്നു പറയാം.

പടേനിയിൽ ശീതങ്കൻ എന്ന വേഷമുണ്ടു്. അയാാം വേട്ട ക്കാരൻ ദേവതയാണു്. വില്ലുമമ്പും ധരിച്ചാണു് രംഗപ്രവേശം. മൃഗങ്ങളെ ലക്ഷ്യം നോക്കുന്നതായും അമ്പെയ്യുന്നതായും അഭിന യിക്കും. അതിനിടയിൽ ഒരുകൂട്ടം കുറവന്മാർ ചെന്നു്, 'അല്ലാ, ഇതു നമ്മുടെ ശീതങ്കൻ തമ്പുരാനാണല്ലോ' എന്നു പറഞ്ഞു് തൊ

Digitized By Kerala Sahitya Akademi

ഴുതു പോറവുകയും ചെയ്യും. പടേനിയിലെ ശീതങ്കൻെറയും തുള്ള ലിലെ ശീതങ്കൻെറയും വേഷങ്ങൾക്കു തമ്മിൽ വളരെ സാദൃശ്യമുണ്ട്. അതിനാൽ ഈ വേഷം പടേനിയിൽനിന്നു നമ്പ്യാർ പകർത്തിയതാണെന്നു വിചാരിക്കാം. ശീതങ്കൻെറ തുള്ളൽ ശീതങ്കൻ തുള്ളലായി പരിണമിക്കുകയുംചെയ്തു. ചുരുക്കത്തിൽ, താഴ്ന്ന ജാതിക്കാരെന്നു സമുദായം വിധിച്ചിട്ടുള്ളവരുടെ വ്യക്തിത്വം ഉയർത്തിക്കാട്ടാനാണ് ആ ജാതിക്കാരുടെ പേരിൽ നമ്പ്യാർ പറയൻതുള്ളലും ശീതങ്കൻതുള്ളലും ഏർപ്പെടുത്തിയതെന്നു വ്യക്തമാകുന്നു.

## കിരാതം തുള്ളൽ—മൂലവും വ്യതിയാനവും

നമ്പ്യാരുടെ പ്രസിദ്ധമായ ഓട്ടൻതുള്ളലുകളിലൊന്നാണ് കിരാതം. മഹാഭാരതം വനപർവ്വത്തിൽ 38 മുതൽ 40 വരെ അദ്ധ്യായങ്ങളിലായി കിരാതാർജ്ജുനീയം കഥ വിവരിച്ചിരിക്കുന്നു. അർജ്ജുനൻ ഉഗ്രമായ തപസ്സിൽ ഏർപ്പെടുന്നതും അതിൻെറ ഘോരതകൊണ്ടു ഋഷിമാർ ശിവനെ സമീപിക്കുന്നതും, അർജ്ജുനൻെറ തപോബലം പരീക്ഷിക്കാനായി ശിവൻ പാർവ്വതിയോടുകൂടി കാട്ടാളവേഷത്തിൽ പോകുന്നതും, പന്നിയുടെ രൂപത്തിൽ അർജ്ജുനനെ ഹിംസിക്കാൻ ചെന്ന മൂകാസുരനെ ഒരേ സമയം അമ്പെയ്തു കൊന്നതിൻെറപേരിൽ ശിവനും ഭക്തനും മത്സരത്തിലേർപ്പെടുന്നതും, അവസാനം പാർത്ഥൻെറ തപോബലത്തിലും ഭക്തിയിലും സംപ്രീതനായി ശിവൻ പാശുപതാസ്ത്രം നല്കുന്നതുമാണ് ഇതിഹാസത്തിൽ വിവരിച്ചിട്ടുള്ള കഥ.

മൂലകഥയിൽ പറയത്തക്ക വ്യതിയാനമൊന്നും നമ്പ്യാർ വരുത്തിയിട്ടില്ല. ഒരു വ്യത്യാസമുള്ളത്, അർജ്ജുനൻെറ തപസ്സിനു വിഘ്നമുണ്ടാക്കാൻ ഇന്ദ്രൻ സുരസുന്ദരിമാരെ അയയ്ക്കുന്നതു മാത്രമാണ്. ആഖ്യാനത്തിലും കഥാപാത്രങ്ങളുടെ സംഭാഷണത്തിലും വേണ്ടത്ര പൊടിപ്പും തൊങ്ങലും ചേർക്കാൻ നമ്പ്യാർ പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ളതായി കാണാം. അർജ്ജുനൻെറ തപസ്സിനെപ്പററി കേട്ട്, പിതാവായ ഇന്ദ്രൻ നടത്തുന്ന ദീർഘമായ ആത്മഗതം എടുത്തുപറയേണ്ടതുണ്ട്. ഇതൊന്നും മൂലത്തിലുള്ളതല്ല. കാട്ടാളൻെറയും കാട്ടാളത്തിയുടെയും വേഷവർണ്ണന, അനുചരന്മാരായ കാട്ടാളവർഗ്ഗത്തിൻെറ സംഭാഷണം, അർജ്ജുനനും ശിവനും തമ്മിലുള്ള വാഗ്വാദം ഇങ്ങനെ ഉചിതസന്ദർഭങ്ങളിൽ വേണ്ടത്ര രസികത്തം ചേർക്കാൻ നമ്പ്യാർക്കു കഴിഞ്ഞിട്ടുണ്ട്.

മഹാഭാരതകഥയിൽ ശിവൻ അർജ്ജുനനെ ഭർത്സിക്കുന്നതു മിതസ്വരത്തിലാണ്.

Digitized By Kerala Sahitya Akademi

സ്വദോഷങ്ങളെയന്യക-
ളാക്കീഗ്ഗർവ്വിച്ചു ചൊല്ലൊലാ;
ഗർവ്വിഷ്ഠൻ നീ മന്ദ, നിന്നെ-
ജ്ജീവനോടെ വിടില്ല ഞാൻ.

ഇത്യാദി.

എന്നാൽ പരിഹാസത്തിന്റെ മൂർച്ച അറിയാൻ തുള്ളൽക്കഥയിലേക്കുതന്നെ കടക്കണം.

ഉള്ള നിനച്ചീഹ കണ്ണുമടച്ചൊരു
കള്ളൻ നിന്നു തപം ചെയ്യുന്നു.
.....................................
കണ്ണുമടച്ചു വിചാരിക്കുന്നതു
പൊന്നുള്ളേടം പണമുള്ളേടം
പെണ്ണുള്ളേട,മതല്ലാതിന്നൊരു
നിനവു നിനക്കില്ലെന്തൊരു കഷ്ടം?

ഇതാണല്ലോ സാക്ഷാൽ കുഞ്ചൻനമ്പ്യാരുടെ വ്യക്തിമുദ്ര!

## നമ്പ്യാരുടെ വർണ്ണനാവൈഭവം

വസ്തുക്കളുടെയും വസ്തുതകളുടെയും പൂർണ്ണരൂപം ശ്രോതാക്കൾക്കു നല്കാൻവേണ്ടി, അവയെ വിസ്തരിച്ചു പ്രതിപാദിക്കുക നമ്പ്യാരുടെ പതിവാണ്. അത്തരം വിവരണങ്ങൾ എത്രയും നീളുന്നുവോ, അത്രയും നന്നെന്നാണ് അദ്ദേഹത്തിന്റെ ഭാവം. തുള്ളൽ കാണാൻ മുമ്പിൽ കൂടിയിരിക്കുന്ന ജനങ്ങളെ രസിപ്പിക്കുകയാണല്ലോ കവിയുടെ ഉദ്ദേശ്യം. അതുകൊണ്ട് അവർക്കു സുഗ്രഹമാകത്തക്കവണ്ണം സംഭവങ്ങളെയും വസ്തുതകളെയും അദ്ദേഹം വർണ്ണിച്ചുപോകുന്നു. ഇടയ്ക്കു വല്ല യുക്തിഭംഗവും വന്നുകൂടിയാലും നമ്പ്യാർ കൂട്ടാക്കാറില്ല. ശ്രോതാവിന്, അല്ലെങ്കിൽ അനുവാചകന്, പ്രതിപാദ്യവസ്തുവിന്റെ വ്യക്തമായ ചിത്രം കിട്ടുന്നുണ്ടോ എന്നു മാത്രമേ അദ്ദേഹം നോക്കാറുള്ളു. അതിന് ആവശ്യമായ ശബ്ദഘോഷവും പ്രാസഭംഗിയും അദ്ദേഹം കവിതയിൽ കലർത്തുന്നു.

'കല്യാണസൗഗന്ധിക'ത്തിലെ കാട്ടാളന്മാരുടെ രൂപവർണ്ണന, മൂത്തകുരങ്ങിന്റെ ഭാവത്തിൽ ഭീമസേനന്റെ വഴിമുടക്കിക്കിടക്കുന്ന ഹനുമാന്റെ ദേഹവർണ്ണന, നളചരിതത്തിലെ ഹംസത്തിന്റെ ആകൃതിവർണ്ണന തുടങ്ങിയിടത്തെല്ലാം നമ്പ്യാരുടെ വർണ്ണനാസാമർത്ഥ്യം വ്യക്തമായിക്കാണാം. മൂത്തകുരങ്ങന്റെ ദേഹവർണ്ണന നോക്കുക:



Digitized By Kerala Sahitya Akademi

മനംകൊണ്ടിങ്ങനെ ചിന്തിച്ചനങ്ങാതങ്ങൊരു മൂത്ത
കുരങ്ങിന്റെ വടിവായിച്ചമഞ്ഞു കൈകളും കാലും
കുഴഞ്ഞു വാലുമക്കാലം മെലിഞ്ഞു കൈകളെക്കൊണ്ടു
ചൊറിഞ്ഞു രോമമെപ്പേരും കൊഴിഞ്ഞു മേനിയും ചുക്കി—
ച്ചുളിഞ്ഞു കണ്ണിനു കാഴ്ച കുറഞ്ഞു പീളയും വന്നു
നിറഞ്ഞു താൻ വഴിയിൽ ചെന്നുറച്ചു നേത്രവും ചിമ്മി—
ശ്ശയിച്ചു മൂന്നു ലോകങ്ങൾ ജയിച്ചുള്ള മഹാവീരൻ.

ഈ വർണ്ണനയിൽ ഓരോ സ്ഥലത്തും ഉചിതമായ ശബ്ദങ്ങൾതന്നെ കവി പ്രയോഗിച്ചിരിക്കുന്നതായി കാണാം. കൃത്രിമമായ ബിംബങ്ങൾ ഒന്നും ഉപയോഗിക്കാതെ തികച്ചും സ്വാഭാവികമായ രീതിയിലേ നമ്പ്യാർ വർണ്ണിക്കാറുള്ളു. വാക്കുകൾകൊണ്ടു മാത്രമല്ല, അഭിനയംകൊണ്ടുകൂടി രംഗവാസികളിൽ വസ്തുപ്രതീതി ജനിപ്പിക്കുകയാണല്ലോ തുള്ളലിൽ പതിവ്. 'കുന്നിന്മകളുമതിന്നനുകൂലം....' എന്നു തുടങ്ങി കിരാതത്തിലെ കാട്ടാളത്തിയുടെ വേഷവർണ്ണന നമ്പ്യാരുടെ യഥാതഥവർണ്ണനയ്ക്കു ദൃഷ്ടാന്തമാണ്.

നായികാവർണ്ണനയിൽ പ്രാചീനകവിസങ്കേതങ്ങൾ വിട്ട് നൂതനമായ അവതരണസമ്പ്രദായമൊന്നും നമ്പ്യാർ സ്വീകരിച്ചിട്ടില്ലെങ്കിലും, 'കീചകവധ'ത്തിൽ സൈരന്ധ്രിയുടെ മാദകമായ അംഗവർണ്ണന നിർവ്വഹിച്ചിട്ടുള്ളതു് സാമാന്യത്തിനു് ഒരു അപവാദമാണ്. ആ സുന്ദരിയുടെ രൂപവർണ്ണനയ്ക്കു കൊഴുപ്പുള്ള പദങ്ങൾക്കു പുറമെ, ഒഴുക്കുള്ള വൃത്തംകൂടി കവി തെരഞ്ഞെടുത്തിരിക്കുന്നു.

മഴക്കാലത്തുറകൊണ്ടൽപോലിരുണ്ടു കൊണ്ടലും കാമൻ
തഴക്കെട്ടെന്നിവയെക്കാൾ തഴച്ചു നീണ്ട വാർകേശം
കഴൽക്കെത്തുംപടി കാളിന്ദിയിലെ കൊച്ചുകല്ലോല—
നിഴൽക്കുളത്താട്ടമെന്നോണമടിക്കുന്നു ചുരുണ്ടേറി—
ക്കിടക്കുന്ന കിടപ്പും, കൊമ്പനാനശ്രേഷ്ഠനെപ്പോലെ
നടക്കുന്ന നടപ്പിന്റെ വെടിപ്പും, ചെഞ്ചൊടിപ്പൂവും....

എന്നിങ്ങനെയുള്ള അലമാലകൾ അടിച്ചുയരുംപോലെ ഇരമ്പിപ്പായുന്ന നമ്പ്യാർക്കവിതയുടെ രസികത ശ്രദ്ധിക്കുക. 'ചുരുണ്ടേറിക്കിടക്കുന്ന കിടപ്പും' 'നടക്കുന്ന നടപ്പിന്റെ വെടിപ്പും' മറ്റും നമ്പ്യാർക്കുമാത്രം സ്വാധീനമുള്ള പ്രയോഗങ്ങളത്രേ!

മൂർത്തങ്ങളെക്കാൾ അമൂർത്തങ്ങളെ വർണ്ണിക്കുന്നതിലാണ് നമ്പ്യാർക്കു കൂടുതൽ പാടവമെന്നു തുള്ളൽക്കഥകളിലെ പല ഭാഗങ്ങളും കാണിക്കുന്നു. മാത്രമല്ല, അന്യകവികൾ ഒന്നും പറയാതെ കടന്നുപോകുന്ന സന്ദർഭങ്ങളിൽ, സംഭവത്തിന്റെ വ്യക്തമായ വിവരണം നല്കുകയാണ് നമ്പ്യാരുടെ പതിവ്. 'ഹനുമദുത്ഭവ'

Digitized By Kerala Sahitya Akademi

ത്തിൽ വായുവില്ലാത്ത ലോകത്തെയും, 'പാഞ്ചേന്ദ്രോപാഖ്യാന'ത്തിൽ കാലനില്ലാത്ത കാലത്തെയും കവി എങ്ങനെ ചിത്രീകരിച്ചിരിക്കുന്നുവെന്നു നോക്കുക. വായുവിന്റെ പ്രവൎത്തനം നിലച്ചപ്പോൾ എല്ലാം സ്തബ്ധമായി എന്നു മാത്രം പറഞ്ഞാൽ മതിയായിരുന്നു. അങ്ങനെ പറയുന്നതിൽ എന്താണു രസം? നമ്പ്യാരാകട്ടെ, യഥാതഥമെങ്കിലും അതിശയോക്തിക്കു് ഗൂഢമായി പ്രവേശനമനുവദിച്ചുകൊണ്ടാണു് ആ രംഗം വിസ്തരിക്കുന്നതു്.

ഉണ്ടിരിക്കുന്നവൻ കൈയിലുരുളയും
വച്ചങ്ങു വായുംപിളൎന്നു വാണീടുന്നു;
കണ്ടിരിക്കുന്നവൻ കണ്ണും തുറന്നൊരു
കല്ലാവപോലെയനങ്ങാതിരിക്കുന്നു;
മുങ്ങുന്ന പങ്ങാതി മുങ്ങിക്കിടക്കുന്നു
തെങ്ങുകേറുന്നവൻ തെങ്ങേലിരിക്കുന്നു ...

വായുവില്ലാത്ത ലോകത്തെ ചിത്രീകരിച്ച നമ്പ്യാൎക്കു മാത്രമേ കാലനില്ലാത്ത കാലത്തെയും ചിത്രീകരിക്കാനാകൂ. ജീവികൾ മരണമില്ലാതെ കഷ്ടപ്പെടുന്നു എന്ന സാമാന്യമായ ആശയത്തെ കവി എത്രത്തോളം വിവരണാത്മകവും ചമൽക്കാരപൂൎണ്ണവുമാക്കി മാററി എന്നു നോക്കുക:

വൃദ്ധന്മാരൊരുകൂട്ടം നിറഞ്ഞു ഭൂതലംതന്നിൽ
പത്തുകൊറംവാതിനേരും കഴിവില്ലാ, കാലനില്ല:
മുത്തച്ഛൻവൃദ്ധന്റെ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീലാ.
അഞ്ഞൂറുവയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നോരപ്പൂപ്പനവൎക്കുണ്ടു്;
കുഞ്ഞിക്കു വകയില്ല വീടുകളിലൊരേടത്തും
കുഞ്ഞുങ്ങൾക്കൊട്ടുപത്തുപായരികൊണ്ടു പോരാ.
പത്തുനൂറുപറവച്ചാൽ മുതുക്കന്മാൎക്കുത്തെകൊണ്ട–
ങ്ങെത്രമാത്രം രണ്ടുപറവിളമ്പുമ്പോളെത്തുമെല്ലാം.
പത്തുകോടിജനമുണ്ടു പല്ലുപോയിട്ടൊരുവീട്ടിൽ
കൊത്തിവച്ച പാവപോലെ തിങ്ങിവിങ്ങിക്കഴിയുന്നു.
കണ്ണിലെപ്പോളകൾപോലും നരച്ചുള്ള നരന്മാൎക്കെ–
ങ്ങെണ്ണമില്ലീവണ്ണമുള്ള പെണ്ണുങ്ങൾക്കുമില്ലയെണ്ണം.
(ഹനുമദുത്ഭവം)

ഈ വൎണ്ണനം ഇവിടംകൊണ്ടൊന്നും അവസാനിക്കുന്നില്ല. ആട്ടക്കാൎക്കും പാട്ടുകാൎക്കും കാൎയ്യക്കാരനും കവടിക്കാരനും വൈദ്യനും മന്ത്രവാദിക്കും വെളിച്ചപ്പാടിനുമെല്ലാം തന്മൂലം നേരിട്ട കഷ്ടപ്പാടിനെക്കൂടി പ്രതിപാദിച്ചിട്ടേ പ്രസ്തുത ഭാഗം കവി അവസാനിപ്പിക്കുന്നുള്ളൂ. അറുപത്തിമൂന്നു് ഈരടികളുള്ള ഈ സങ്കല്പവൎണ്ണന

Digitized By Kerala Sahitya Akademi

പോലെയൊന്ന് വിശ്വസാഹിത്യത്തിലെങ്ങാനും ഉണ്ടോ എന്നു സംശയമാണ്. എന്നാൽ രസംപിടിച്ച വണ്ണനയ്ക്കിടയിൽ ഒരു വീട്ടിൽത്തന്നെ പല്ലുപോയ പത്തുകോടി ആളുകൾ കൊത്തിവച്ച പാവപോലെ തിങ്ങിവിങ്ങിക്കഴിഞ്ഞുകൂടുന്നുവെന്ന്, അതിന്റെ യുക്തിയെപ്പററി ആലോചിക്കാതെ തട്ടിവിടാൻ നമ്പ്യാർ മടിച്ചിട്ടില്ല. കവിഭാവന യുക്തിയുടെ മേഖലകളെ ഉല്ലംഘിച്ചു പറക്കാറുള്ളതിന് വേറെയും ഉദാഹരണങ്ങൾ തുള്ളൽക്കഥകളിൽ കാണാവുന്നതാണ്.

## അലങ്കാരങ്ങളും പഴഞ്ചൊല്ലുകളും

കാവ്യശോഭാകരങ്ങളാണ് അലങ്കാരങ്ങളെങ്കിലും, പഴഞ്ചൊല്ലുകളും ലോകോക്തികളും പ്രയോഗിക്കുന്നതിലുള്ള താത്പര്യംകൊണ്ടാവണം, അലങ്കാരഭ്രമം വളരെയൊന്നും നമ്പ്യാരെ തീണ്ടിയിട്ടില്ല. ഉചിതമായ സന്ദർഭങ്ങളിൽ മാത്രമേ നമ്പ്യാർ അലങ്കാരങ്ങൾ പ്രയോഗിച്ചിട്ടുള്ളു; അതും വളരെ ഹ്രസ്വമായ രൂപത്തിൽ മാത്രം. ഉപമ, ഉത്പ്രേക്ഷ, ദൃഷ്ടാന്തം, അർത്ഥാന്തരന്യാസം തുടങ്ങിയ പ്രസിദ്ധാലങ്കാരങ്ങൾക്ക് തുള്ളലുകളിൽ നമ്പ്യാർ പ്രവേശനം അനുവദിച്ചിട്ടുണ്ട്.

കാററുകൾതട്ടിക്കരപററീടുമൊ—
രാററിലെ വെള്ളത്തിരകൾകണക്കെ

(ഘോഷയാത്ര)

ഭൂപാലകന്റെ മകളായുള്ളവൾ
ഗോപാലന്റെ കളത്രമതാമോ?
മെച്ചമിയന്നൊരു മണിമാണിക്യം
പിച്ചളവളയിൽ ചേപ്പുതുമുണ്ടോ?

(സത്യാസ്വയംവരം)

അണ്ഡജഗമനം കണ്ടാലൊരു ശശി—
മണ്ഡലമെന്നിഹ തോന്നും ഗഗനേ.

(കാർത്തവീര്യാർജ്ജുനവിജയം)

കാമനു രതിപോലെ, രാമനു സീതപോലെ
സോമനു രോഹിണിപോലെ
കോമളവദനനാം നളനരപാലനു
ഭീമസുതേ! നീ പ്രിയയായ്‌വരേണം.

(നളചരിതം)

കവിതയെ അലങ്കാരങ്ങളുടെ ഭാരംകൊണ്ടു വിഷമിപ്പിക്കാൻ നമ്പ്യാർ തയ്യാറായിട്ടില്ലെന്നുള്ളതാണ് ഒരു പ്രത്യേകത. 'വണ്ണൻ വാഴകണക്കെ തടിച്ചൊരു പൊണ്ണൻമാരുതി' എന്ന മട്ടിൽ രസക

Digitized By Kerala Sahitya Akademi

രവും ലളിതവുമായ രീതിയിൽ അലങ്കാരങ്ങൾ സന്നിവേശിപ്പിക്കാൻ നമ്പ്യാൎക്കു കഴിഞ്ഞിട്ടുണ്ടു്.

അൎത്ഥാലങ്കാരങ്ങളെക്കാളധികം ശബ്ദാലങ്കാരങ്ങളാണു് തുള്ളലുകളിൽ കാണുക. അനുപ്രാസവും അന്ത്യപ്രാസവും ദ്വിതീയാക്ഷരപ്രാസവും മററും നമ്പ്യാർക്കവിതയുടെ സവിശേഷതകളാണു്. ദ്വിതീയാക്ഷരപ്രാസമായി ഒരേ അക്ഷരംതന്നെ പത്തോ ഇരുപതോ, ചിലപ്പോൾ അതിൽ കൂടുതലോ വരികളിൽ നീട്ടിക്കൊണ്ടുപോകാൻ നമ്പ്യാൎക്കു യാതൊരു ബുദ്ധിമുട്ടുമില്ല.

ചാരുതേ! കോപിക്കരുതേ വെറുതേ
പൊരുതേ നിന്നുടെ ധൂളിത്തങ്ങൾ
(ഗോവൎദ്ധനചരിതം)

എന്നു പ്രാസഭംഗിയോടുകൂടി നമ്പ്യാരുടെ ഗ്രാമീണകഥാപാത്രങ്ങൾകൂടി സംഭാഷണം നടത്തുന്നു.

ഉടുക്കുംകൊട്ടിക്കൊണ്ടഗ്രേ നടക്കുന്ന മേളക്കാരൻ
ഉടുക്കും മുണ്ടും കളഞ്ഞു മിടുക്കുംഭാവിച്ചു മണ്ടി
(ഘോഷയാത്ര)

എന്ന മട്ടിൽ ശുദ്ധമലയാളപദങ്ങൾ ഉപയോഗിച്ചു് യമകം സൃഷ്ടിക്കാനുള്ള കഴിവും നമ്പ്യാർ പ്രദൎശിപ്പിച്ചിട്ടുണ്ടു്.

നമ്പ്യാരെപ്പോലെ പ്രാസനിബ്ബന്ധമുള്ള മററൊരു മലയാളകവിയില്ല. കടുത്ത യുക്തിഭംഗങ്ങളോ, കേട്ടാൽ ചിരിതോന്നുന്ന പ്രസ്താവനകളോ തട്ടിമൂളിക്കേണ്ടിവന്നാലും, അതുകൊണ്ടൊരു പ്രാസത്തിനു വകയുണ്ടാകുമെങ്കിൽ നമ്മുടെ കവി സംതൃപ്തനാണു്.

തണ്ടാർശരകാന്തനായുള്ള കാന്തന്റെ
കണ്ഠാന്തമിന്നമാമാനനാംഭോരുഹം
കണ്ടാധിപൂണ്ടോരു വണ്ടാർകുഴലിമാർ
കണ്ഠാരരാഗേണ കേണാരൊരുവിധം!

ഇതിലെ ഫലിതം ശ്രദ്ധേയമാണു്. പൗണ്ഡ്രകവാസുദേവന്റെ തല ഭൂമിയിൽ പതിച്ചതു കണ്ടപ്പോൾ രാജപത്നിമാർ കരഞ്ഞതു കണ്ഠാരം എന്ന രാഗത്തിലായിരുന്നുവത്രേ! ശബ്ദപ്രൗഢിക്കും പ്രാസത്തിനുംവേണ്ടി ഇത്തരം നേരമ്പോക്കിനോ കടുംകൈക്കോ നമ്പ്യാരല്ലാതെ മററാരാണു തയ്യാറാവുക!

ഇതുതന്നെയാണു് തുള്ളൽകഥകളിൽ നമ്പ്യാർ നിൎല്ലോപം വാരിവിതറിയിട്ടുള്ള ലോകോക്തികളുടെയും പഴഞ്ചൊല്ലുകളുടെയും കഥ. കവികൾ തങ്ങളുടെ ആശയങ്ങൾക്കു വൈശദ്യംവരുത്താൻവേണ്ടി പഴഞ്ചൊല്ലുകളോ, ലോകോക്തികളോ സന്ദർഭോ

Digitized By Kerala Sahitya Akademi

ശാൽ പ്രയോഗിക്കുന്ന പതിവുണ്ടു്. ജനസാമാന്യത്തിനിടയിൽ പ്രാചീനകാലംതൊട്ടു പ്രചരിച്ചിട്ടുള്ള സാരഗർഭങ്ങളും ഹ്രസ്വങ്ങളുമായ വചനങ്ങളാണു പഴഞ്ചൊല്ലുകൾ. കവിതയിൽ ഇവയ്ക്കു ശക്തി ഒന്നു വേറെതന്നെയാണു്. മലയാളത്തിൽ ഏററവുമധികം പഴഞ്ചൊല്ലുകൾ അടങ്ങിയിട്ടുള്ളതു് നമ്പ്യാരുടെ തുള്ളൽക്കൃതികളിലാണു്. സാമാന്യജനങ്ങളോടു് ഇടപഴകിക്കഴിയാനുള്ള സന്ദർഭം അദ്ദേഹത്തിനുണ്ടായതുകൊണ്ടും, തുള്ളൽക്കഥകൾ സാധാരണക്കാരെ ഉദ്ദേശിച്ചു് ഉണ്ടാക്കിയിട്ടുള്ള കാവ്യങ്ങളാകകൊണ്ടുമാണു് ഇത്രയേറെ പഴഞ്ചൊല്ലുകൾക്കു് തുള്ളലിൽ പ്രവേശനം ലഭിച്ചതു്.

ആംഗലമഹാകവിയായ ഷേക്സ്പീയർ, തന്റെ നാടകങ്ങളിൽ ചേർത്തിട്ടുള്ള പല നൂതനപ്രയോഗങ്ങളും അനന്തരകാലത്തു് ലോകോക്തികളായി പരിണമിച്ചിട്ടുണ്ടു്. 'ഫ്രെയ്ൽററി ദൈ നെയിം ഈസ് വുമൺ', 'സ്മൈൽ ആൻഡ് സ്മൈൽ ആൻഡ് ബി എ വില്ലൻ' തുടങ്ങിയ പ്രയോഗങ്ങൾ ഉദാഹരണം. ഇംഗ്ലീഷിൽ ഷേക്സ്പീയർവചനങ്ങളെപ്പോലെ മലയാളത്തിൽ പ്രതിഷ്ഠനേടിയവയാണു് കുഞ്ചൻനമ്പ്യാരുടെ ലോകോക്തികൾ.

കണ്മുനകൊണ്ടു കടുകുവറക്കുന്ന
പെണ്ണിനെക്കണ്ടാലടങ്ങുമോ പൂരുഷൻ

എന്നും;

അച്ചികൾ ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചിക്കുപോയങ്ങു തൊപ്പിയിട്ടീടണം

എന്നുംമററുമുള്ള പ്രയോഗങ്ങൾ തുള്ളൽക്കഥകളിൽനിന്നു പില്ക്കാലത്തു പ്രചാരംനേടിയവയാണു്. ഇന്നു പഴഞ്ചൊല്ലുകൾക്കിടയിൽ ഇവയ്ക്കു സ്ഥാനം സിദ്ധിച്ചിട്ടുണ്ടു്. കിരാതത്തിലെ;

1 മുല്ലപ്പൂമ്പൊടിയേററുകിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം.

2 കനകം മൂലം കാമിനി മൂലം
കലഹം പലവിധമുലകിൽ സുലഭം.

3 ദുഷ്ടകീടകൈ വരട്ടും വ്രണമതു
പൊട്ടും പിന്നെയുമൊരു സമയത്തിൽ

തുടങ്ങിയ പ്രസിദ്ധമായ നമ്പ്യാർചൊല്ലുകൾക്കൊപ്പം വേറെ നൂറിലേറെ ചൊല്ലുകൾ തുള്ളൽക്കഥകളിൽ പലെടത്തായി സ്ഥലംപിടിച്ചിട്ടുള്ളതായി കാണാം.

Digitized By Kerala Sahitya Akademi

ഇക്കാലത്തു് മദ്ധ്യകേരളത്തിലും ദക്ഷിണകേരളത്തിലും ആഭ്യന്തരകലഹങ്ങൾ കലശലായിരുന്നു. അവിടങ്ങളിൽ അധികാരത്തിലിരുന്ന രാജാക്കന്മാരും പ്രഭുക്കന്മാരും ചെയ്തുപോന്ന ഉപദ്രവങ്ങൾക്കു് അറുതിയുണ്ടായിരുന്നില്ല. മങ്ങാട്ടു്, പറവൂരു്, തെക്കുംകൂറു്, വടക്കുംകൂറു്, മുരിയനാട്ടു്, പെരിത്തല, അഥവാ പട്ടാഴി, കായംകുളം, ചെമ്പകശ്ശേരി, കൊല്ലം തുടങ്ങി തുണ്ടംതുണ്ടമായി കിടന്നിരുന്ന ചെറിയ രാജ്യങ്ങളെ ഏകീകരിച്ചു് ഒരു വലിയ രാജ്യം സ്ഥാപിക്കാനുള്ള ആലോചന ഇക്കാലത്താണു് ഉണ്ടായതു്. തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ പ്രൗഢിയുടെ ആവിർഭാവകാലവും ഇതായിരുന്നു. അദ്ദേഹത്തിന്റെ ശൗര്യം, നയം, ഉപായം, യുദ്ധസാമർത്ഥ്യം എന്നിവകൊണ്ടു തെക്കുള്ള രാജ്യങ്ങളെ ഏകീകരിച്ചു് തന്റെ കാല്ക്കീഴിലമർത്തി. അതോടുകൂടി പെരുമ്പടപ്പുസ്വരൂപത്തിന്റെ കീഴിൽ കഴിഞ്ഞിരുന്നവരായ പല രാജാക്കന്മാരുടെയും രാജ്യങ്ങൾ തിരുവിതാംകൂറിൽ ലയിച്ചു.

1603-ാമാണ്ടോടുകൂടി കേരളത്തിലെത്തിയ ഡച്ചുകാർ ക്രമേണ നാട്ടുരാജാക്കന്മാരുടെ കാര്യങ്ങളിൽ ഇടപെട്ടുതുടങ്ങി. ഈ ഏർപ്പാടു് അവിഹിതമാണെന്നു് മാർത്താണ്ഡവർമ്മ അവരെ ഉപദേശിച്ചുനോക്കി. ഒടുവിൽ 1740-ൽ അദ്ദേഹം ഡച്ചുകമ്പനിയുമായി യുദ്ധമാരംഭിച്ചു.

കണ്ടിയൂർ പടനിലത്തുവച്ചുണ്ടായ യുദ്ധത്തിൽ ഡച്ചുകമ്പനിക്കു തോൽവി പററി. അതോടുകൂടി അവർക്കു കേരളത്തിലുണ്ടായിരുന്ന സ്ഥലങ്ങൾ ഓരോന്നായി കൈവിട്ടു പോവുകയും, ഡച്ചുകാരുടെ മേൽക്കോയ്മ അംഗീകരിച്ചു കഴിഞ്ഞുപോന്ന ഇളയിടത്തുസ്വരൂപത്തിലെ റാണി കൊച്ചിയിലേക്കു് ഓടിപ്പോവുകയുംചെയ്തു.

തിരുവിതാംകൂറിന്റെ വടക്കുഭാഗത്തു യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ, 1741-ാമാണ്ടു ഫെബ്രുവരിമാസത്തിൽ ഡച്ചുകാർ ഒരു ചെറിയ സൈന്യത്തെ തെക്കു കൊളച്ചൽ എന്ന സ്ഥലത്തു കൊണ്ടുവന്നിറക്കി, അവിടെ യുദ്ധം ആരംഭിച്ചു. ആ യുദ്ധത്തിൽ ഡച്ചുകാർ പരാജയപ്പെടുകയും, 1741 ആഗസ്റ്റ് 15-ാം തീയതി കൊളച്ചൽകോട്ട അവർ തിരുവിതാംകൂറിലേക്കു വിട്ടുകൊടുക്കുകയുംചെയ്തു.

പതിനാറാംശതകത്തിന്റെ തുടക്കത്തിൽ പറങ്കികൾ അഥവാ പോർട്ടുഗീസുകാരും അതിന്റെ അവസാനത്തോടെ ലന്തകൾ അഥവാ ഡച്ചുകാരും പതിനേഴാംനൂററാണ്ടിന്റെ ആരംഭത്തിൽ

Digitized By Kerala Sahitya Akademi

ഇംഗ്ലീഷുകാരും കേരളത്തിലെത്തി. ഈ മൂന്നുകൂട്ടരും—'ലന്തപറങ്കിയുമിങ്കിരിയസ്സും'—നമ്പ്യാരുടെ പരാമർശത്തിനു പാത്രമായിട്ടുണ്ടു്.

ഡച്ചുകാരും പോർട്ടുഗീസുകാരും നിർമ്മിച്ചിട്ടുള്ള തോക്കുകൾ നമ്പ്യാരുടെ കാലത്തു് കേരളത്തിൽ പ്രചരിച്ചിരുന്നുവെന്നു് തുള്ളൽക്കഥകളിൽനിന്നു മനസ്സിലാക്കാം.

ലന്തക്കുഴലും പറങ്കിക്കുഴലുകൾ
ചന്തത്തിലുള്ള കറുംകുഴൽ തോക്കുകൾ
(ഹരിണീസ്വയംവരം)

തുടങ്ങി തുള്ളലുകളിൽ പലെടത്തും ഈ തോക്കുകളെപ്പററി പറഞ്ഞിട്ടുണ്ടു്. തോക്കു കൂടാതെ വില്ലു്, ശരം, ചുരിക, ചക്രം, ശൂലം, കത്തി, വാൾ, പവളം, മുനക്കത്തി തുടങ്ങിയ ആയുധങ്ങളും അന്നു കേരളീയർ ഉപയോഗിച്ചിരുന്നു.

പതിനെട്ടാംനൂററാണ്ടിൽ കേരളത്തിൽ നിലവിലിരുന്ന സാമുദായികസ്ഥിതിയിലേക്കും തുള്ളൽക്കഥകൾ വെളിച്ചം വീശുന്നുണ്ടു്. അന്നു നിലവിലിരുന്ന വാദ്യങ്ങൾ, ആഭരണങ്ങൾ എന്നിവയെപ്പററി തുള്ളലുകളിൽ പ്രതിപാദിക്കുന്നതു കാണാം.

തപ്പു്, മദ്ദളം, ഉടുക്കു്, ഇടയ്ക്ക, തിത്തിവീണ, മുഖവീണ, മുരശു്, ചേങ്ങില, തിമില, മൃദംഗം, ചെണ്ട, കടുന്തുടി, കണ്ടാം, ഡിണ്ഡിമം, ഝല്ലരി, ഝർഝരവാദ്യം തുടങ്ങിയവ അന്നു് ഉപയോഗത്തിലിരുന്നു.

സ്ത്രീകൾ കരയുള്ള പുടവയും കറിമുണ്ടും ധരിച്ചുവന്നു. അന്നു പ്രചാരത്തിലിരുന്ന ഒരിനം മുണ്ടാണു് മണപ്പാടൻ. 'നെരുതായുള്ള മണപ്പാടൻമുണ്ടടികലിയോളം ഞാത്തിയുടുത്തൊരു വടിയും കൈയിലെടുത്തു വരുന്നൊരു തടി'യന്റെ ചിത്രം 'നളചരിത'ത്തിലുണ്ടല്ലോ. പുടവകൾ കൂടാതെ ചേലകളും പട്ടുകളുംകൂടി ധനസ്ഥിതിയുള്ള സ്ത്രീകൾ ഉപയോഗിച്ചിരുന്നു. അവരുടെ ആഭരണങ്ങളിൽ വള, തള, മോതിരം, ഇടയ്ക്കത്താലി, മകരത്താലി, പുത്താലി, മാല, നൂലു്, മുടക്കു്, കുഴലു്, കടകം, കാതില, തൂക്കു്, പതക്കം, തോൾവള, തുടൽ, അരഞ്ഞാൺ, അരമണി, കിങ്ങിണി, പൊൻമണി, ഇരട്ടക്കുഴൽ, പവിഴക്കുഴൽ, മുത്തുക്കുല, കരലാരം, കശ്രുതാലി, ചിലമ്പു് എന്നിവയ്ക്കു് സ്ഥാനമുണ്ടായിരുന്നു.

ചക്രം, രാശി, പണം, കലിയൻ തുടങ്ങിയ നാണയങ്ങൾ അന്നു പ്രചാരത്തിലിരുന്നു. പലഹാരങ്ങളിൽ അപ്പത്തിനും അടയ്ക്കും ദോശയ്ക്കും ഇഡ്ഡലിക്കുമൊക്കെ പ്രാധാന്യമുണ്ടായി

Digitized By Kerala Sahitya Akademi

രുന്നു. സദ്യവട്ടങ്ങളുടെ ഒരു നല്ല വിവരണം 'പാത്രചരിത' ത്തിലുണ്ടു്.

അന്നത്തെ കുടുംബബന്ധങ്ങളെപ്പററിയും തുള്ളലുകളിൽനിന്നു് അറിയാൻകഴിയുന്നുണ്ടു്. മരുമക്കത്തായതറവാടുകളിൽ സ്ത്രീകൾ പല കഷ്ടപ്പാടുകളും അനുഭവിച്ചുപോന്നു. വീടുപുലർത്തണമെന്ന വിചാരം ഭർത്താക്കന്മാരിൽ പലർക്കുമില്ലാതായിരുന്നു. രാജാവിന്റെ ഏതു കാര്യത്തിനും നായന്മാർ ആവശ്യമാണെങ്കിലും, അവർക്കു വേണ്ടതൊന്നും കിട്ടിയിരുന്നില്ല. സമുദായത്തിന്റെ തലപ്പത്തുള്ള നമ്പൂതിരിമാരും പ്രഭുക്കന്മാരും എല്ലാവിധ സുഖഭോഗങ്ങളും സ്വാതന്ത്ര്യവും ആസ്വദിച്ചു കഴിഞ്ഞപ്പോൾ, ഭടന്മാരായ നായന്മാർ ദൈനംദിനകാര്യങ്ങൾ നിർവ്വഹിക്കാൻപോലും വകകാണാതെ കഷ്ടപ്പെട്ടു. 'ഘോഷയാത്ര'യിൽ ദുര്യോധനന്റെ രാജധാനിയിലെ ഭടന്മാർ പരാതിപ്പെടുന്നതു നോക്കുക.

കാര്യക്കാരന്മാർ ജനങ്ങളുടെ മുതലും പണ്ടാരമുതലുമെല്ലാം കട്ടുമുടിച്ചിരുന്നു. രാജാവിനോടു സേവപറഞ്ഞു്, പ്രജകളുടെ അനുഭവങ്ങൾ നിരത്തിക്കുക കാര്യക്കാരന്മാരുടെ തൊഴിലായിരുന്നു. കൈക്കൂലി അന്നും പതിവുള്ള ഏർപ്പാടായിരുന്നു. തൊഴിലൊന്നും ചെയ്യാതെ ഏഷണികൂട്ടി നടന്നിരുന്ന പലരും അക്കാലത്തുണ്ടായിരുന്നു. ഇവർ രാജാക്കന്മാരുടെയും മന്ത്രിമാരുടെയും അടുത്ത സിൽബന്തികളുമായിരുന്നു.

മന്ത്രികളൊന്നിനു മുതിരുംനേര—
ത്തന്ത്രികളൊന്നു മുടിപ്പാൻനോക്കും
തങ്ങടെ കാര്യം നോക്കിനടക്കും
ചങ്ങാതികൾ പലരുണ്ടിഹ നാട്ടിൽ
ഇങ്ങൊരുകൂട്ടം വന്നുരചെയ്യും
അങ്ങുരചെയ്യും മറെറാരുകൂട്ടം
ഇരുവരുതമ്മിൽ കടിപിടികൂടി
പരിചൊടു കണ്ടു രസിക്കുമൊരുത്തൻ.
കരളപറഞ്ഞു നടക്കുമൊരുത്തൻ
പരിഹാസങ്ങൾ നടത്തുമൊരുത്തൻ
ചോറുകൊടുത്തൊരു കൈക്കുകടിക്കു—
ന്നോരും പലവിധമേറീടുന്നു.

(നളചരിതം)

കാര്യക്കാരന്മാരുടെയും അവരുടെ കൈയാളന്മാരുടെയും ചൂഷണത്തിൽപ്പെട്ടു നിവൃത്തിയില്ലാതായിത്തീർന്ന നായന്മാർ, കടുത്ത പലിശയ്ക്കു പണം കടംവാങ്ങുന്ന ഏർപ്പാടും ഉണ്ടായിരുന്നു. ഉണ്ടിയൽക്കാരായ പട്ടന്മാരോടാണു് ഇങ്ങനെ കടംകൊള്ളാറുള്ളതു്. ഈ കടംകൊള്ളലിനു പിന്നിൽ ആണുങ്ങളുടെ ധാരാ

Digitized By Kerala Sahitya Akademi

ളിത്തവും ഉണ്ടാവും. മറുക്കാറ വകയില്ലെങ്കിൽ തോക്ക പണയം വയ്ക്കാനും, അതു വിൽക്കാൻതന്നെയും ആളുകഠം മടിച്ചിരുന്നില്ല.

തോക്ക ഞാനങ്ങൊരു കൊങ്ങിണിച്ചെട്ടിക്ക
ത്തുക്കപുകയിലയ്ക്കായിട്ടു വിററുപോയ്.

(ഹരിണീസ്വയംവരം)

ഇങ്ങനെ തോക്കും, ചിലപ്പോഠം പെണ്ണുങ്ങളുടെ കോപ്പും പണയപ്പെടുത്തി ജീവിച്ചിരുന്ന ഭത്താക്കന്മാരെ, അവരുടെ ഭാര്യമാർതന്നെ പരിഹസിക്കാറുണ്ട്.

കോപ്പുകളെല്ലാം പണയംവച്ചു ക–
റുപ്പും കള്ളും കൊണ്ടു മുടിച്ചൊരു
മുടിയൻനായർ നമുക്കൊരു മുണ്ടും
പുടവയുമിപ്പോഠം തരുമാറില്ല.
കടമെന്നുള്ളതു തലയിൽ കേറി
കാട്ടിലൊളിച്ചു നടക്കുന്നിപ്പോഠം.

(സീതാസ്വയംവരം)

മരുമക്കത്തായതറവാടുകളിലെ കാരണവന്മാർ, തങ്ങളുടെ ഭാര്യയ്ക്കും മക്കഠംക്കും ചെലവിനു കൊടുത്തും ആഭരണങ്ങഠം തീർത്തുകൊടുത്തും ധൂർത്തടിച്ചും അനന്തരവരെ കഷ്ടപ്പെടുത്തുന്ന ഏർപ്പാടും അന്നുണ്ടായിരുന്നു. ഭടന്മാക്കാണെങ്കിൽ കള്ള്, കറുപ്പ്, കഞ്ചാവ് തുടങ്ങിയ ലഹരിപദാത്ഥങ്ങഠം വളരെ ഇഷ്ടമായിരുന്നു.

കടൽവാഴയ്ക്കാക്കറിയുണ്ടൊരുവക
ഭടഭോജനമതുക്കൂടാതില്ല

എന്നു് അവക്കിഷ്ടപ്പെട്ട മീൻകറിയെപ്പററിയും തുള്ളലിൽ പ്രസ്താവമുണ്ട്.

ഇങ്ങനെ കേരളത്തിലെ ജനസാമാന്യത്തിൻെറ ജീവിതരീതികളുടെയും സ്വഭാവവിശേഷങ്ങളുടെയും വ്യക്തമായ ചിത്രം തുള്ളൽക്കഥകളിൽ പ്രതിഫലിച്ചുകാണുന്നു.

## ഹാസ്യവും കേരളീയത്വവും

ഭാരതത്തിലെ മറേറതു ജനസമുദായത്തെക്കാളും പരിഹാസവിചക്ഷണരാണു മലയാളികഠം. ഹാസ്യസാഹിത്യം പുത്തരിയായ ചില പ്രാന്തീയഭാഷകഠം ഇന്നും ഭാരതത്തിലുണ്ട്. ഏതൊരു സാഹിത്യത്തിൻെറയും വളർച്ച, അതു പ്രചരിക്കുന്ന ജനവിഭാഗങ്ങളുടെ താത്പര്യങ്ങഠംക്ക് അനുസരണമാണല്ലോ. അതുകൊണ്ടുതന്നെ വെടിപറയാനും പൊട്ടിച്ചിരിക്കാനും വിരുതുള്ള മലയാളികഠംക്കിടയിൽ ഫലിതസാഹിത്യം വളന്നു പന്തലിക്കാൻ തുടങ്ങി.

Digitized By Kerala Sahitya Akademi

കേരളീയരുടെ പഴഞ്ചൊല്ലുകളിലും നാടൻപാട്ടുകളിലും ഫലിതത്തിന്റെ സ്ഫുരണങ്ങൾ അതാതിടം കാണാനുണ്ടെങ്കിലും, ഹാസ്യം ഒരു സാഹിത്യപ്രസ്ഥാനമായി വികസിച്ചതു് മണിപ്രവാളകവിതകളിൽക്കൂടിയാണു്. 'ഉണ്ണിയാടീചരിതം' തൊട്ടു് ഇങ്ങോട്ടുണ്ടായ ചമ്പൂകാവ്യങ്ങളിലൂടെയും, 'ചന്ദ്രോത്സവം' തുടങ്ങിയ മണിപ്രവാളകാവ്യങ്ങളിലൂടെയും ഹാസ്യകവിതയ്ക്കു് ഭാഷാസാഹിത്യത്തിൽ പ്രചാരം ലഭിക്കാനിടയായി.

കേരളീയഹാസ്യത്തിന്റെ പരമകാഷ്ഠ പ്രാപിച്ചുകാണുന്നതു് ചാക്യാന്മാരുടെ കൂത്തിലും കൂടിയാട്ടത്തിലുമാണു്. അതിപ്രാചീനകാലംമുതൽ കേരളത്തിൽ നടപ്പുണ്ടായിരുന്ന അഭിനയവിദ്യകളാണല്ലോ കൂത്തും കൂടിയാട്ടവും. എല്ലാ വിഭാഗത്തിലുംപെട്ട ആളുകളെ രസിപ്പിക്കാൻ ഹാസ്യത്തിനുള്ള കഴിവു മനസ്സിലാക്കി, ചാക്യാന്മാർ ആ രസത്തെ വേണ്ടുവോളം തങ്ങളുടെ കലയിലൂടെ പ്രകടിപ്പിച്ചിരുന്നു.

അങ്ങനെ ചമ്പൂകാരന്മാരും ചാക്യാന്മാരും പോററിവളത്തിയ ഹാസ്യരസത്തെ, നവ്യമായ തുള്ളൽക്കഥയിലൂടെ ജനമധ്യത്തിലേക്കു് ഇറക്കിക്കൊണ്ടുവന്നതു് കലക്കത്തു കുഞ്ചൻനമ്പ്യാരാണു്. പ്രായേണ വ്യക്തിപരവും പരുക്കനുമായിരുന്ന ചമ്പൂഹാസ്യത്തെയും ചാക്യാർഫലിതത്തെയും സമുദായവിഡംബനപരവും കാവ്യാത്മകവുമാക്കി മാററി എന്നതാണു് ഈ മണ്ഡലത്തിൽ നമ്പ്യാരുടെ സംഭാവന.

തുള്ളൽക്കഥകളിൽ ഫലിതത്തിനു ഗണ്യമായ സ്ഥാനം നല്കിയാൽ മാത്രമേ, അവ സാധാരണജനങ്ങളുടെ ആസ്വാദനത്തിനു വിഷയമാകൂ എന്നു നമ്പ്യാർ മനസ്സിലാക്കിയിരുന്നു. ഈ വസ്തുത ചില തുള്ളൽക്കഥകളിൽ അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ടു്.

1. ചിരിക്കുന്ന കഥ കേട്ടാലിരിക്കും,മടയരല്ലെങ്കിൽ
   തിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന ജഡന്മാരെ
   ചിരിക്കാതെ രസിപ്പിക്കാനൊരിക്കലുമെളുതല്ലെ—
   ന്നിരിക്കുന്നെങ്കിലമ്മാത്രമുരസ്സാരമെന്നതേ വേണ്ടു.

(കംസവധം)

2. ഹാസ്യത്തിനൊരു മാർഗ്ഗം ചില ദിക്കിലതും വേണം

(പഞ്ചേന്ദ്രോപാഖ്യാനം)

3. കലികാലങ്ങളിലുള്ള കാണികൾക്കു കഥ കേട്ടാൽ
   ഫലിതമുള്ളതേ നല്ലൂ, പലർക്കുമങ്ങനെതന്നെ.

(ഹനൂമദുത്ഭവം)

നമ്പ്യാരുടെ ഹാസ്യത്തിന്റെ പശ്ചാത്തലം മനസ്സിലാക്കാൻ ഇതിലും കൂടുതൽ തെളിവൊന്നും ആവശ്യമില്ല. കവിത

Digitized By Kerala Sahitya Akademi

യിൽ ഫലിതവും പരിഹാസവും ആവശ്യമാണെന്നും; മനഃപൂർവ്വം ആരെയെങ്കിലും ഇടിച്ചു പറയുകയോ, ആക്ഷേപിക്കുകയോ അല്ല തന്റെ ലക്ഷ്യമെന്നും കവി ഉറച്ച സ്വരത്തിൽ പ്രഖ്യാപിക്കുന്നു.

തുള്ളൽക്കഥകളിൽ, കാണികളും ശ്രോതാക്കളുമായ ജനങ്ങൾക്കുവേണ്ടി ഫലിതപരിഹാസങ്ങൾ വാരിവിതറാൻ നിശ്ചയിച്ച നമ്പ്യാർക്കു്, അതിനു പററിയവിധം പുരാണകഥകളെ പരിഷ്കരിക്കേണ്ട ആവശ്യം വന്നുകൂടി. രാവണന്റെയും ദുര്യോധനന്റെയും നളന്റെയും ശീലാവതിയുടെയും കഥകളിൽ കേരളത്തിലെ സാമാന്യജനങ്ങൾക്കു രസകരമായ സംഗതികൾ കണ്ടെത്തുക വിഷമമാണല്ലോ! കഥകൾ നടന്നതു് അന്യദേശങ്ങളിൽ; അതും പണ്ടുപണ്ടു്. അന്നത്തെ സംഗതികൾ ആർക്കു നിശ്ചയമുണ്ടു്? ആ സ്ഥലങ്ങൾ കണ്ടവരാരുണ്ടു്? അവിടത്തെ ആളുകൾ ഏതു തരക്കാരായിരുന്നു? അവരുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു? ആർക്കറിയാം?

ഈ വഴി പന്തിയാവുകയില്ലെന്നു നമ്പ്യാർക്കു തോന്നി. വേഗത്തിൽ അതിനു പരിഹാരവും അദ്ദേഹം കണ്ടെത്തി. പ്രധാന കഥാപാത്രങ്ങളെ നേരെ കേരളത്തിലേക്കു കൊണ്ടുവരിക! രാജാക്കന്മാർക്കു് അകമ്പടിക്കാരായി അമ്പലപ്പുഴയിലും മററുമുള്ള ഭടന്മാരെ നിയമിക്കുക. വിറകുവെട്ടാനും വെള്ളംകോരാനും കറിക്കു നുറുക്കാനും പടസ്സു പോകാനും അണിയാനും അരങ്ങത്തിറങ്ങാനും പററിയ ആണുങ്ങളും പെണ്ണുങ്ങളും—നായരും നമ്പൂരിയും പട്ടരും പട്ടേരിയും അച്ചിമാരും അമ്മച്ചിമാരും—എത്രവേണമെങ്കിലും ഇവിടെയുണ്ടു്. ആളിന്റെ പേരു മാററാതെ വീട്ടുപേരും വിലാസവും മാററുക; അതാണു നമ്പ്യാർ കണ്ടുപിടിച്ച വിദ്യ. കഥകളെല്ലാം കേരളത്തിൽ നടക്കുന്നു; കഥാപാത്രങ്ങളായി തന്റെ സമകാലീനർ പങ്കെടുക്കുന്നു; അവരുടെ വിഡ്ഢിത്തങ്ങളുടെനേർക്കു താൻ വിരൽചൂണ്ടുന്നു. അവർ ചിരിക്കുന്നു. അതെ, കേരളീയത്വം എന്ന ഒററ വാക്കിൽ ഈ നമ്പ്യാർശില്പത്തെ വ്യവഹരിക്കാം.

കഥാപാത്രങ്ങളെല്ലാം നമ്പ്യാർക്കു് സുപരിചിതരായിരുന്നതുകൊണ്ടു്, അവരുടെ ഇടയിലേക്കു് ഇറങ്ങിച്ചെല്ലാനും അവരെയെല്ലാം തന്റെ ഭാവനാലോകത്തേക്കു കൂട്ടിക്കൊണ്ടുപോകാനും അദ്ദേഹത്തിനു പ്രയാസമുണ്ടായില്ല. ദുര്യോധനനെയും രാവണനെയും ഇന്ദ്രനെയും ഭീമസേനനെയും നാരദനെയുമൊക്കെ അദ്ദേഹം അമ്പലപ്പുഴക്കാരാക്കി മാററി.

നമ്പ്യാരുടെ ഹാസ്യത്തിന്റെ അടിസ്ഥാനം ഇവിടമാണു്. ഇങ്ങനെ തുള്ളൽക്കഥാപാത്രങ്ങളെ കേരളത്തിലെ മണ്ണിൽ കുടിപാർപ്പിച്ചിരുന്നില്ലെങ്കിൽ തുള്ളൽക്കഥകളിൽനിന്നു് അനുഭവവേ

Digitized By Kerala Sahitya Akademi

ദ്യമാകുന്ന ഹാസ്യരസം നമുക്കു് ഒരിക്കലും കിട്ടുമായിരുന്നില്ല. നമ്പ്യാരെ നമ്പ്യാരാക്കിയതു് തുള്ളൽക്കവിതകളാണു്; തുള്ളൽ കഥകളെ തുള്ളൽക്കവിതകളാക്കിയതു് അവയിലെ ഹാസ്യമാണു്; ആ ഹാസ്യത്തിനു ബീജാവാപം ചെയ്തതു കേരളീയതയും. അങ്ങനെ കേരളീയത നമ്പ്യാർക്കവിതയുടെ നാരായവേരായി മാറുന്നു.

ഇതെപ്പററി ചേലനാട്ടു് അച്യുതമേനോന്റെ നിരീക്ഷണം ഇപ്രകാരമാണു്:

''തുള്ളലുകളിലെ കേരളീയത്വം അവയിലെ ഫലിതത്തിന്റെ ഒരു ഭാഗമാണു്. മുമ്പിലിരിക്കുന്ന സാധാരണജനങ്ങളെ ചിരിപ്പിച്ചു ചിന്തിപ്പിക്കുകയാണല്ലോ നമ്പ്യാരുടെ കവിതാലക്ഷ്യം. ചുററുപാടുമുള്ള വൈരുദ്ധ്യങ്ങളെയും പൊരുത്തക്കേടുകളെയും പ്രാസംഗികമായി വിമർശിച്ചാൽ മാത്രമേ ചിരി ഉതിരുകയുള്ളു. കേരളത്തിലുള്ള സദ്യവട്ടങ്ങളും മററും അമരലോകത്തിലും മററും കാണുന്നതു് അതുകൊണ്ടാണു്. വിമർശനം സമകാലിക ജീവിതത്തെ ആയിരുന്നല്ലോ! ചുററുപാടുകളെ പ്രതിബിംബിക്കാതിരിക്കുക ആ നിലയ്ക്കു് അസാദ്ധ്യവുമായിരുന്നു.''

ഏവൂർ പരമേശ്വരൻ

Digitized By Kerala Sahitya Akademi

# കിരാതം

1 ഹരിഹരതനയൻ തിരുവടി ശരണം
വിരവൊടു കവി ചൊൽവാൻ വരമരുളേണം
മറുതലരടിയനൊടടൽ കരുതായ്‌വാൻ
കരുതുന്നേൻ കരുണാമൃതസിന്ധോ.
2 കരി, കരടികൾ, കടുവാ, പുലി, സിംഹം
വനമതിൽനിന്നു വസിച്ചതുപോലെ
മറുതലർ നമ്മെയൊഴിച്ചരുൾ നിത്യം
തകഴിയിൽ വിലസീടുന്നലമയ്യാ.
3 അണിമതികലയും തുമ്പയുമെല്ലും
ഫണിപതി ഫണഗണമണികളുമണിയും
പുരരിപുതൻ പദകമലേ പരിചൊടു
പണിയുന്നവരുടെ പാലനശീലൻ
പ്രണയിനിയാകിയ മലമകൾ താനും
പ്രണയസുഖേന രമിപ്പാനായി
ക്ഷണമൊരു കരിവരമിഥുനമതായി
ക്ഷണികമതാകിന വിഷയസുഖത്തിൽ
പ്രണയമിയന്നൊരു രസികന്മാരവർ
പ്രണിഹിതകൗതുകം വാഴും കാലം
4 മണമിയലുന്നമരപ്പൂങ്കാവിൽ
മണലിൽ നടന്നു മദിച്ചു മരങ്ങടെ
തണലിലിരുന്നു രമിക്കുന്നേരം
ഗുണവതിയാമുമതന്നുടെ മകനായ്
ഗണപതിയെന്നൊരു മൂർത്തിവിശേഷം

Digitized By Kerala Sahitya Akademi

പ്രണതജനങ്ങടെ വിഘ്നമൊഴിപ്പാൻ
പ്രണിഹിതകുതുകം വന്നുപിറന്നു.
5 ക്ഷണമാത്രം തന്തിരുവടിയടിയനു
ത്തുണമാത്രം ചെയ്തീടുന്നാകിൽ
ഗുണപാത്രം ഞാനെന്നിഹ വരുവൻ
അണുമാത്രം മമ സംശയമില്ല.
6 ഗണരാത്രങ്ങൾ കഴിഞ്ഞതിലങ്ങൊരു
കണമാത്രം പുനരുണ്ടായില്ലാ;
തൃണമാത്രം ബഹുമാനവുമില്ലാ
ധനവാന്മാരുടെ സഭയിൽ വരുമ്പോൾ
പരമാർത്ഥം പറയാമടിയങ്ങന്നൊരു
പരനിന്ദാദികൾ നാവിലുമില്ല
7 പരിചൊടു സന്തതമംബരതടിനീ–
പുരിയിൽ വസിച്ചരുളീടിന ഭഗവാൻ
പരമാനന്ദമയാകൃതി കൃഷ്ണൻ
പരദൈവതമടിയന്നനുകൂലം
8 നരപതി കുലപതി ധരണീസുരപതി
നിരവധി ഗുണഗണനിധിപതിസദൃശൻ
പെരുകിന ചെമ്പകനാടാകുന്നൊരു
സുരവരനാട്ടിലനാഹതരത്നം
9 പരിജനപാലനപരിചയശീലൻ
പരിപാലിച്ചരുളീടുകധീശൻ.
10 ഗുരുനാഥൻ മമ ഗുണഗണമേറിയ
ധരണീസുരോത്തമനരുളുകമൂലം
സരസകഥാകഥനത്തിനെനിക്കൊരു
പെരുവഴിമാത്രം കാണാറായി
11 കിള്ളിക്കുറിശ്ശീ മഹേശ്വരനും പുന–
രുള്ളിലിരുന്നരുളുന്നു സദാ മമ
ത്തുള്ളലിനുള്ള രസങ്ങളറിഞ്ഞവ–
രുള്ളംതന്നിൽ രസിപ്പീടേണം
വെള്ളിച്ചുരികയിളക്കിപ്പലപല
പുള്ളിപ്പുലി കടുവാ മഹിഷാദിക–
ളുള്ള വനങ്ങളിൽ വേട്ടയുമാടി

Digitized By Kerala Sahitya Akademi

പള്ളിക്രീഡാതല്പരനാകിയ
തകഴിയിൽ വാണരുളീടിന ഭഗവാൻ
അകളാകൃതിയാം ഹരിഹരതനയൻ
സകലവരപ്രദനപ്രതിമാനൻ
സുകൃതിഗുണങ്ങൾ വരുത്തീടേണം.

12 കവിമാതാവേ, ദേവി, സരസ്വതി,
കവിതാഭാവേ കാത്തരുളേണം
സജ്ജനസഭയുടെ സുഭഗത്വംകൊ-
ണ്ടിജ്ജനമൊന്നു പ്രയോഗിക്കുമ്പോൾ
ദുർജ്ജനമെങ്കിലുമതിനെക്കൊണ്ടൊരു
ദൂഷണമൊരുവൻ ചൊല്ലുകയില്ല.

13 നല്ലജനങ്ങടെ സഭയിൽ ചെന്നാൽ
വല്ലതുമവിടെശ്ശോഭിതമാകും
മുല്ലപ്പൂമ്പൊടിയേററു കിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം
സുജനഗുണംകൊണ്ടുളവാകും ബഹു-
മാനവിശേഷം വരുമെന്നുള്ളതു
ഞാനൊരു പദ്യം ചൊല്ലാമായതു
മാനുഷരെല്ലാം കേട്ടറിയേണം.

14 "കണ്ഠാരുന്തുദമന്തരേണ രണിതം
ഗാഹസ്വകാകസ്വയം
മാകന്ദം മകരന്ദശാലിനമിഹ
ത്വാം മന്മഹേ കോകിലം;
രമ്യാണി സ്ഥലവൈഭവേന കതിചി-
ദ്വസ്തൂനി കസ്തൂരികാം
നേപാളക്ഷിതിപാലഫാലപതിതേ
പങ്കേ ന ശങ്കേത കഃ"

15 നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലൻെറ വലിപ്പം പറവാൻ
പണ്ടൊരു കവിതക്കാരൻ പദ്യമ-
തുണ്ടാക്കി സ്തുതിചെയ്തതു കേൾപ്പിൻ
പിതൃപിണ്ഡത്തെക്കൊരുത്തിത്തീർന്മാൻ

Digitized By Kerala Sahitya Akademi

കൊതിയേറുന്നൊരു കാക്കേ കേൾ നീ
കൂരിരുൾപോലെ കറുത്ത ശരീരം
ക്രൂരമിതയ്യോ നിന്നുടെ ശബ്ദം
പാരമസഹ്യം കേൾക്കുന്നോർക്കൊരു
നേരവുമില്ലാത്ത സൗഖ്യമിദാനീം
കണ്ണുങ്ങൾക്കിതു കേൾക്കുന്നേരം
പുണ്ണിലൊരമ്പു തറച്ചതുപോലെ
ഉരിയാടാതൊരു തേന്മാവിന്മേൽ
മരുവെന്നാകിൽ നിനക്കിഹ കാക്കേ,
പെരുതായിട്ടൊരു ഗുണമുണ്ടായ്‌വരു-
മരുതാത്തതു പറകല്ല സഖേ, ഞാൻ
കുയിലും കാകനുമൊരു നിറമെന്നതു
കുറവില്ലതിനു പലർക്കും ബോധം
നാദംകൊണ്ടേ നിങ്ങളുതമ്മിൽ
ഭേദമതുള്ളു ബലിഭോക്താവേ
മാവിന്നഗ്രേ ചെന്നു വസിച്ചാൽ
കാകൻ നീയൊരു കോകിലമാകും;
കാണികൾ നിന്നെക്കുയിൽ കുയിലെന്നൊരു
നാണിയമങ്ങു നടത്തിക്കൊള്ളും
ആയതു വരുമോ എന്നൊരു സംശയ-
മകതാരിൽ പുനരുണ്ടാകേണ്ട
നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ ലലാടംതന്നിൽ
ചേറുപുരണ്ടതു കണ്ടാലതു വില
വേറില്ലാത്തൊരു കസ്തൂരിക്കുറി-
യെന്നല്ലാതൊരു മനുജന്മാർക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ
കുങ്കുമമണിയും തിരുനെററിക്കൊരു
പങ്കം പിരളുവാനെന്തവകാശം?
16 ശങ്കരശിവശിവ! ചേരാത്തുള്ളതു
ശങ്കിച്ചവനൊരബദ്ധക്കാരൻ
ഏറെപ്പോന്ന ജനങ്ങടെ പാലനു
ചേറെന്നുള്ളതിനെന്തവകാശം?



Digitized By Kerala Sahitya Akademi

പളിയെന്നുള്ളതൊരുത്തനുപോലും
കളിയായിപ്പറവാനും മേലാ
ജളനെന്നാലും സ്ഥലഭേദംകൊ-
ണ്ടളവാകും ഗുണമെന്നിതിന്നർത്ഥം.
17 ശാസ്ത്രങ്ങൾ, വ്യാകരണസൂത്രങ്ങൾ, നല്ല തർക്ക-
വാദങ്ങൾ പിന്നെ ധർമ്മശാസ്ത്രങ്ങൾ, പുരാണങ്ങൾ
വേദം, ഗണിതം, മന്ത്രവാദം, ചികിത്സാഗ്രന്ഥ-
ഭേദം, ശാസ്ത്രവിദ്യാ വിനോദമെന്നിവകളും
ആട്ടം, കളികൾ പിന്നെച്ചാട്ടം ഞാണിന്മേലേറി,
ഓട്ടംതുള്ളലും പലകൂട്ടം ഗ്രഹിച്ചവനും
കോട്ടംകൂടാതെ കവക്കൂട്ടം ചമച്ചുണ്ടാക്കി
വാട്ടംകൂടാതെ വിദ്വൽക്കൂട്ടത്തെ ബോധിപ്പിപ്പാൻ
മട്ടമെന്തെല്ലെന്നു ഞെട്ടു സഭയെക്കണ്ടാൽ
മുട്ടും മനസ്സു പാരം, പുട്ടുപഠിച്ചതെല്ലാം
വിട്ടുപോമത്രയല്ലാ കിട്ടും പരിഹാസങ്ങൾ
കെട്ടുംകവികൾ ചിലർ കേട്ടും പ്രയോഗിക്കുമ്പോൾ
തട്ടുമ്മേലേറുന്നേരം തട്ടുമവനു ഭംഗം
ഇഷ്ടം ലഭിക്കയില്ലനിഷ്ടം ലഭിക്കുംതാനും
ഇത്ഥം വിചാരിക്കുമ്പോളിത്തൊഴിലെളുതല്ലാ
ചിത്തം ഗുരുക്കന്മാരിൽ നിത്യമുറപ്പിക്കുന്ന
സത്തുക്കൾക്കൊരു ഭാഗ്യമെത്തുമെന്നതേ വേണ്ടു.
18 ഉലകടെ പെരുമാറും വാഴുംകാലം
പലകടിയില്ല ധരിത്രിയിലെങ്ങും
വിലപിടിയാത്ത ജനങ്ങളുമില്ലാ
ചെലവിടുവാൻ മടിയൊരുവനുമില്ലാ.
തലമുടിയും, ചൊടിയും, പല്ലും, മുഖവും
മുലയും കണ്ടാലഴകില്ലാത്തൊരു
ചലമിഴിമാരങ്ങൊരുവരുമില്ലാ,
മലയാളം പരദേശങ്ങളിലും
സ്ഥലമില്ലാത്ത ഗൃഹങ്ങളുമില്ലാ,
ജലമില്ലാത്ത കുളങ്ങളുമില്ലാ,
ഫലമില്ലാത്ത മരങ്ങളുമില്ലാ,
ഫലമില്ലാത്ത വിവാദവുമില്ലാ,

Digitized By Kerala Sahitya Akademi

ഓത്തില്ലാത്ത മഹീസുരരില്ലാ,
കൂത്തില്ലാത്ത നടന്മാരില്ലാ,
പോത്തില്ലാത്ത കൃഷിക്കാരില്ലാ,
ചാത്തില്ലാത്ത ധനവ്യയമില്ലാ,
ഭള്ളപറഞ്ഞു നടക്കുന്നവരും,
കള്ളുകുടിച്ചു മുടിക്കുന്നവരും,
പൊള്ളപറഞ്ഞു ഫലിപ്പിപ്പവരും,
ഉള്ളിലസൂയ മുഴക്കുന്നവരും
കള്ളന്മാരും കശ്മലജാതികൾ
ഉള്ളൊരു ദിക്കുകൾ കാണ്മാനില്ലാ.
എള്ളും, നെല്ലും, പൊന്നും, പണവും,
എങ്ങുമൊരേടത്തില്ലാതില്ലാ.
ഉത്തമഗുണനാമുലകുടെ പെരുമാൾ
ഇത്തരമവനിസുഖത്തെ വരുത്തി,
പത്തനസീമനി പരമാനന്ദം
സ്വാസ്ഥ്യതയോടു വസിക്കും കാലം,
ശാസ്ത്രിബ്രാഹ്മണനൊരുവൻ വന്നഥ
ശാസ്ത്രമൊരല്പം വായിച്ചമ്പൊടു
ധാത്രീശ്വരനെബ്ബോധിപ്പിച്ചതു
മാത്രം ഞാനിഹ കഥനംചെയ്യാം.
19 ശ്രീമധുസൂദനഭക്തശിരോമണി
സോമകുലാംബുധി പൂർണ്ണശശാങ്കൻ
ഭൂമിപുരന്ദരനായ യുധിഷ്ഠിര-
ഭൂമിപനടവിയിലാദരവോടേ
ഭീമാദികളാമവരജരോടും
ഭാമിനിയാകിയ ദ്രൗപദിയോടും
മാമുനിമാരുടെ വേഷം പൂണ്ടഥ
യാമിനിതന്നിലുറക്കമിളച്ചു.
20 "രാമ,ഹരേ, വരദേതി മുദാ തിരു-
നാമജപങ്ങൾ മുടങ്ങീടാതെ
ആമയഹരരുചി തീർത്ഥജലങ്ങളി-
ലാമഗ്നന്മാരായി നടന്നു
കൈതവരഹിതന്മാരവർ സുഖമൊടു

Digitized By Kerala Sahitya Akademi

ദ്വൈതവനത്തിലിരിക്കും കാലം
കൈതവമിയലും കുരുകുലകുമതികൾ
ചെയ്തൊരു കള്ളച്ചൂതുനിമിത്തം
ജാതമതാകിന വൈരമൊഴിപ്പാ–
നേതൊരുമാർഗ്ഗം സമുചിതമെന്നായ്
ചേതസി കിമപി വിചാരിക്കുമ്പോൾ
പ്രീതനതാകിന വേദവ്യാസൻ
പരിചൊടു വന്നുപദേശം ചെയ്തു:
"പരമേശ്വരനൊടു പാശുപതാസ്ത്രം
വിശ്വാസത്തൊടു വാങ്ങിക്കൊണ്ടഥ
ശത്രുജയത്തിനു വരവും വാങ്ങി
സത്വരമിങ്ങു വരേണം വിജയൻ
വിരവൊടു പോകെ"ന്നരുൾചെയ്തീടിന
വരവചനത്തെക്കേട്ടഥ വിജയൻ
ഗുരുവന്ദനവുംചെയ്തു കരത്തിൽ
ശരവും വില്ലുമെടുത്തു തിരിച്ചു.
21 ഗിരീശൻഭഗവാൻ വാണരുളുന്നൊരു
ഗിരിയുടെ മുകളിൽച്ചെന്നു കരേറി
സുരവരതടിനീസലിലേ മുഴുകി
തരസാ നിന്നു് തപസ്സു തുടങ്ങി
പഞ്ചായുധരിപു തന്നുടെ നാമം
പഞ്ചാക്ഷരമതു പഠനംചെയ്തു
പഞ്ചാഗ്നികളുടെ നടുവിലനാരത–
മഞ്ചാതേകണ്ടവിടെ വസിച്ചു,
പഞ്ചാനനസമധീരനതാകിന
പാഞ്ചാലീപതി പാണ്ഡുതനൂജൻ
പഞ്ചേന്ദ്രിയവുമടക്കി മനസ്സിൻ
സഞ്ചാരത്തിനു വഴികൾ മുടക്കി
ചഞ്ചലഭാവവുമധികമകന്നു ക–
രാഞ്ചലയുഗളം മുകുളിതമാക്കി
കിഞ്ചന സംശയമിടകൂടാതെ
നെഞ്ചിലുറച്ചു ശിവോഹമതെന്നു്
സഞ്ചിതഭാവവിശുദ്ധജ്ഞാനവു–

Digitized By Kerala Sahitya Akademi

മഞ്ചിതമാകിന ശിവനുടെ രൂപം
അഞ്ചും മൂന്നും മൂർത്തികളുള്ളൊരു
സഞ്ചിതഗുണനാമഖിലേശ്വരനുടെ
ചെഞ്ചിടമുടിയും നിടിലത്തടവും
സഞ്ചിതപാവകനേത്രപ്രഭയും
ചഞ്ചലഫണമണികുണ്ഡലയുഗവും
22 പുഞ്ചിരിതഞ്ചിന തിരുമുഖവടിവും
ഗരളസ്ഫുരിതമഹാഗളതലവും
പരിലസിതംഫണി തിരുമാറിടവും
പരശുമൃഗാഭയവരദകടന്നുടി
ശരശൂലാഞ്ചിത കരനാലുകയും
കരിചർമ്മാവൃതവികടകടീതട-
പരിലസിതോരഗമണിമേഖലയും
പരിമൃദുതുടകളുമടിമലരിണയും
പരിചൊടു ചേതസി ചേർത്തു കിരീടി,
പരമാനന്ദസമുദ്രേ മുഴുകി
പരമേശ്വരനഹമെന്നുറപ്പി-
ച്ചുരുതരഭക്തി മുഴുത്തു മുനീശ്വര-
ചരിതത്തെക്കാളൊന്നു കവിഞ്ഞു
ഫലമൂലാദികൾ ഭക്ഷണമില്ലാ
ജലപാനത്തിനുമാഗ്രഹമില്ലാ.
നിലമതിലൊരു കാലൂന്നിക്കൊണ്ടൊരു
നിലയും നിഷ്ഠയുമെത്ര സുഘോരം!
വലരിപുസുതനുടെ ജടയുടെ നടുവിൽ
പലപല പക്ഷികൾ കൂടുകൾ കെട്ടി
കല പുലി പന്നികളെന്നിവ വന്നു
പലരും ചെന്നു വണങ്ങീടുന്നു.
ചുററും വള്ളികൾ വന്നുടനിടയിൽ
ചുററുന്നതുമവനറിയുന്നില്ലാ.
പുററു ചുഴന്നു കിളന്നതിനകമേ
ചുററുന്നതുമവനറിയുന്നില്ലാ
ചുററും പാമ്പുകൾ വന്നു നിറഞ്ഞു
മുററും ജിഷ്ണു മറഞ്ഞുചമഞ്ഞു.

Digitized By Kerala Sahitya Akademi

23 ചന്ദ്രക്കലാധരന്റെ സാന്ദ്രമാം സേവചെയ്‌വാൻ
ചന്ദ്രപ്രതിമൻവീരൻ സാന്ദ്രപ്രസാദത്തോടെ
അന്നുള്ള ചങ്ങലകളഞ്ചും വെവ്വേറെയാക്കി
ആറിൽ കടന്നു പിന്നെ ഏഴുള്ള മാർഗ്ഗത്തൂടെ
എട്ടുള്ള പെട്ടകങ്ങൾ എട്ടും തുറന്നുവച്ചു
ഒമ്പതാംവാതിലപ്പോൾ ബന്ധനംചെയ്തു ധീരൻ.
പത്തുള്ള ദിക്കിൽക്കൂടെ പെത്തും സഞ്ചാരംചെയ്തു
ആയിരമിതളുള്ള താമരയിതൾ പല
ഭൃംഗം പറന്നു പല ഭൃംഗികളായുള്ളൊരു
പിംഗലയിഡതന്നിൽ പിന്നെ സുഷുമ്നതന്നിൽ
ഒക്കെക്കടന്നു പിന്നെ ദുഘടനദികളും
ജിഹ്വാഗ്രഖണ്ഡത്തിന്റെയഗ്രേ കടന്നു വീരൻ
സൂര്യന്റെ ദിക്കിൽച്ചെന്നു സൂര്യപ്രതിമൻ ധീരൻ
പഞ്ചാരപ്പായസങ്ങൾ കുടിക്കലെന്നിട്ടുള്ള—
തഞ്ചാതെ സേവചെയ്തു പായസപ്രിയസഖൻ.
24 അത്ര ഭയങ്കരമായ തപസ്സിന്നു
പാത്രമതാകിയ പാർത്ഥൻ തന്നുടെ
വാർത്തകൾ കേട്ടഥ വാസവനുള്ളിൽ
ചീർത്തൊരു ഭീതി മുഴുത്തുതുടങ്ങി
പാർത്ഥിവവരനിവനെന്നുടെ രാജ്യം
പാർത്തിരിയാതെ കരസ്ഥമതാക്കും
പാർത്തലമൊക്കെയടക്കി സുയോധന—
നോർത്താലിനിയത്തു വരുവൊന്നല്ലാം
സ്വർഗ്ഗമശേഷമടക്കാമെന്നൊരു
ദുർഗ്ഗർവ്വിന്നുടെ മകനു തുടങ്ങീ
ഭർഗ്ഗനെ വന്നു തപസ്സു തുടങ്ങി
ദുർഗ്ഗതി നീക്കാമെന്നുമുറച്ചു
തൻകഴൽ വന്നുവണങ്ങുന്നവരുടെ
സങ്കടമൊക്കെയൊഴിക്കണമെന്നു
ശങ്കരനൊന്നു കടാക്ഷിക്കുമ്പോൾ
കിങ്കരരായ്‌ വരുമിജ്ജനമെല്ലാം
നിർജ്ജരരാജൻ നീയല്ലിനിമേൽ
അർജ്ജുനനിഹ ഞാൻ വാളു കൊടുത്തു

Digitized By Kerala Sahitya Akademi

25 അച്ഛനടങ്ങിയിരിക്കേ വേണ്ടൂ
വെല്പാലും വാളെന്നു ഗിരീശൻ
കല്പിപ്പെങ്കിലെറാനെന്നല്ലാ—
തിപ്പരിഷയ്ക്കൊന്നുരിയാടാമോ!
ഇത്തൊഴിലൊക്കെ വരുത്തും നമ്മുടെ
പുത്രൻ ഫൽഗുനനെത്ര സമർത്ഥൻ!
ധനമെന്നുള്ളതു മോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹ നൂനം
തനയൻ ജനകനെ വഞ്ചനചെയ്യും
ജനകൻ തനയനെ വധവുംകൂട്ടും
അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും
മനുജന്മാരുടെ മാർഗ്ഗമിതെല്ലാം
കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം;
ഉ[illegible]തപെരുകിന ധൃതരാഷ്ട്രാത്മജ—
നഗ്രജനാകിയ ധർമ്മാത്മജനുടെ
നിഗ്രഹമല്ലാതുള്ളൊരു തൊഴിലുക—
ളൊക്കെയെടുത്തു തടുത്തുമലച്ചും
പലരും കാൺകെ ദ്രൗപദിതന്നുടെ
തലമുടി പിടിപെട്ടടിയുംകൂട്ടി
ഝടിതി പൊടിച്ചും പുടവയഴിച്ചും
പൊടിയിലിഴച്ചും പൂജകഴിച്ചും
ദുശ്ശാസനനെന്നവനെപ്പോലെ
കശ്മലനായിട്ടൊരുവനുമില്ല;
മര്യാദയ്ക്കു നടക്കണമെന്നു
ദുരിയോധനനൊരു ഭാവവുമില്ല;
ജ്യേഷ്ഠനിരിക്കെക്കുരുവംശത്തിൽ
ശ്രേഷ്ഠൻ ഞാനെന്നവനുടെ ഭാവം
ജ്യേഷ്ഠനെ നാട്ടിൽ കണ്ടെന്നാകിൽ
ചേട്ടകരം തല്ലിപ്പല്ലുപൊഴിക്കും;
നാടും നഗരവുമൊക്കെ വെടിഞ്ഞിഹ
കാടുംവാണു വസിച്ചു യുധിഷ്ഠിരൻ
അവനുടെ തമ്പി ധനഞ്ജയനിപ്പോൾ

Digitized By Kerala Sahitya Akademi

ശിവനെസ്സേവതുടങ്ങി പതുക്കെ;
26 ഭുവനം മൂന്നുമടക്കി വസിപ്പാ—
നവനുണ്ടാഗ്രഹമത്ര സാധിക്കും;
ശിവനും പിന്നെസ്സേവിപ്പോരെ
ശിരസികരേററാനൊരു മടിയില്ലാ;
കുടിലതയുള്ളൊരു ചന്ദ്രക്കലയും
മുടിയിലെടുത്തു നടക്കുന്നില്ലേ?
ഭുവനദ്രോഹം ചെയ്‌വാനായി
ശിവനെപ്പിന്നെ ഭജിക്ക നിമിത്തം
ഭവനം മൂന്നു ലഭിച്ചു പുരന്മാർ
ഭുവനം മൂന്നും ഭസ്മമതാക്കി;
നമ്മുടെ മകനെന്നാകിലുമിങ്ങനെ
നിർമ്മര്യാദം ഭാവിപ്പാലതു
സമ്മതമല്ല നമുക്കൊരുനാളും
തന്മതഭംഗം ചെയ്യേപോരൂ.
തള്ളയ്ക്കിട്ടൊരു തല്ലുവരുമ്പോൾ
പിള്ളയെടുത്തു തടുക്കേയുള്ളൂ;
തന്നെക്കാൾ പ്രിയമുള്ള ജനത്തിനു
തന്നുടലിന്നു പിറന്നതുപോലും;
വല്ലാമക്കളിലില്ലാ മക്കളി—
തെല്ലാവർക്കും സമ്മതമല്ലോ
എന്നു മനസ്സിലുറച്ചുടനേ സുര—
സുന്ദരിമാരെ വിളിച്ചുവരുത്തി;
"സുരകുലതരുണി മനോഹരിയാകിയ
സുരുചിരതരുണി തിലോത്തമയെങ്ങു്?
ഉർവ്വശിയെങ്ങു്? മേനകയെങ്ങു്?
സർവ്വഗുണാംബുധി രംഭയുമെങ്ങു്?
സർവ്വരുമിങ്ങു വരട്ടേ നിങ്ങടെ
സാരസ്യാദി ഗുണങ്ങടെ ഭംഗികൾ
സംഗതിവരുമൊരു പുരുഷനുടേ വ്രത—
ഭംഗംചെയ്‌വാനൊരു വഴിയുണ്ടാം;
27 നമ്മുടെ മകനാമർജ്ജുനനിപ്പോൾ
മന്മഥഹരനെസ്സേവതുടങ്ങി

Digitized By Kerala Sahitya Akademi

നമ്മുടെ രാജ്യമടക്കിവസിപ്പാ-
നെന്മകനുള്ളിലൊരാശ തുടങ്ങീ;
ഭക്തപ്രിയനാം ഭഗവാനും പുന-
രൊത്ത വരങ്ങൾ കൊടുക്കും നിയതം:
സത്വരമവൻടെ ചിത്തമിളക്കാ-
നിത്തിരി പണിയെന്നാകിലുമുടനെ,
ചെന്നതു സാധിച്ചില്ലെന്നാൽ പുന-
രെന്നുടെ പൗരുഷമൊക്കെ നശിക്കും.

28 ഉല്ലാസത്തോടെ നിങ്ങളെല്ലാമവിടെച്ചെന്നു
വില്ലാളിവീരനോടു സല്ലാപം പേശിക്കൊണ്ടു
മല്ലീവിശിഖനുടെ വില്ലിനെതിരായുള്ള
ചില്ലീവിലാസംകൊണ്ടു തല്ലിവശംകെടുപ്പിൻ
കല്ലോലംപോലെയുള്ള നല്ലൊരു കൺമുനകൾ
മെല്ലെന്നവൻെറ നേരേ ചെല്ലുന്ന നേരമുള്ളിൽ
തെല്ലും വികാരമുണ്ടായില്ലെന്നു വരത്തില്ലാ
മുല്ലമൊട്ടിൻെറ ഭംഗി വെല്ലും നിങ്ങടേ നല്ല
പല്ലും ചൊടിയും മിഴിത്തെല്ലും കാണുന്നനേരം
കല്ലും മയങ്ങിപ്പോമെന്നല്ലേ ജഗൽപ്രസിദ്ധം;

29 കില്ല നമുക്കു ചെററും ഇല്ലിതു നിങ്ങളങ്ങു
ചെല്ലുന്ന താമസമതല്ലാതെ മറെറാന്നില്ലാ
നല്ലാർമണികൾ നിങ്ങളല്ലാതിന്നൊരുത്തരു-
മില്ലാ നമുക്കെന്നുള്ളതെല്ലാരും ബോധിക്കേണം
വല്ലാതെ ശങ്കിച്ചിങ്ങു നില്ലാതെ ചെന്നടുത്തു
നല്ല കടാക്ഷംകൊണ്ടു കൊല്ലാക്കൊല ചെയ്യേണം;
നല്ല പാട്ടുകൾ കൂത്തുവെല്ലാം പ്രയോഗിക്കുമ്പോൾ,
നല്ല രസികൻ പാർത്ഥൻ മെല്ലവേ കണ്ണിഴിക്കും;
കല്യാണിമാരെക്കണ്ടാലില്ലാതെയാകും ധൈര്യം,
ചൊല്ലാമന്നേരം കാര്യമെല്ലാം നമുക്കു വന്നു.''
ഏവമരുൾ ചെയ്തൊരു ദേവാധിരാജനുടെ
ഭാവമറിഞ്ഞുടനെ ദേവസ്ത്രീകൾ പറഞ്ഞു:
''നിന്തിരുവടിയുടെ ചിന്തിതം സാധിപ്പിപ്പാൻ
ഒന്തിഗാമിനിമാർക്കെന്തു സന്ദേഹം നിൻെറ
അന്തികേ സർവ്വകാര്യം സാധിച്ചുപോരും ഞങ്ങൾ

Digitized By Kerala Sahitya Akademi

ചെന്തീയിൽ ചെന്നുചാടി നീന്തീടാൻ കല്പിച്ചെ-
അന്തരംഗത്തിലേതുമന്തരമില്ലതിനു [ന്നാൽ
കുന്തീസുതന്റെ ചിത്തഭ്രാന്തിവരുത്താനൊരു
പന്തികളും നിരൂപിച്ചാൽ സാധിക്കുന്നതുമല്ല;
30 എന്നുവരികിലുമതിനു മടിക്കുടാതെ
ചെന്നു സാധിച്ചുപോരാമെന്നു ധരിച്ചീടേണം,
കിന്നരന്മാരുംകൂടെ പിന്നാലെ പോന്നീടേണം;
പിന്നെഗ്ഗന്ധർവ്വന്മാരും മുന്നിൽ നടന്നീടേണം;
എന്നാലടിയങ്ങൾക്കു നന്നായ് വരുവാൻ വരം
തന്നാലും തമ്പുരാനെ, വന്നാലു''മെന്നു ചൊല്ലി
ഒന്നിച്ചു നാരീവൃന്ദം വന്ദിച്ചു വഴിപോലെ,
നന്ദിച്ചു പുറപ്പെട്ടു! മന്ദിച്ചിടാതെതന്നെ.
31 സുരതരുണികളങ്ങു നടന്നു,
സുരഗിരികടകങ്ങൾ കടന്നു,
പരിമൃദുവചനങ്ങൾ തുടന്നു,
പരിചൊടു മനമൊന്നു വിടന്നു,
വരവാണിജനങ്ങടെ തലമുടി,
പടുതരമഴികയും, മലർപൊഴികയും
മണമമ്പൊടു വിലസുകയും,
ഹരിസുതനുടെ മുന്നിലെടുത്തു,
കരതലമതിൽ വീണയെടുത്തു,
സരസിജശരനൊന്നു കയത്തു,
പരിചൊടു മലരമ്പുതൊടുത്തു,
32 വിധമൊന്നു പകന്നു വിളങ്ങിന കാലം,
പുലി കരടികളും കുറുനരികളും
മറിമാനുകൾ പന്നികളും
മദമിളകി നടന്നു മടങ്ങി,
മലയുടെ തടമൊന്നു ഞെട്ടങ്ങി
മലയരും പുനരൊക്കെ ഞെട്ടങ്ങി,
പലവഴികളുമൊക്കെ മുടങ്ങി,
സുരസുന്ദരിമാരഥ മലഹരി ബലഹരി
പാടുകയും ചിലരാടുകയും,
ഒളിമുഖവീണകളോതുകയും

Digitized By Kerala Sahitya Akademi

ഒളിമിഴിയുടെ ഭംഗിവരുത്തി,
തെളിവൊടു ചിലർ ചുത്തനിരത്തി,
കളിപ്പുതുമ തുടങ്ങിയൊരുത്തി,
കളമൊഴികളെ മുന്നിലിരുത്തി,
കനിവൊടു തുടന്നിതു പടുതര—
മൊരുവക താളവും, ചില മേളവും,
ചില കൊട്ടുകളും പാട്ടുകളും
ഒരു കാമിനി വെററില തെറുത്തു,
ഒരു സുന്ദരി പുഷ്പമിറുത്തു,
ഒരുവാംക്കഥ പാതി കൊടുത്തു,
ഒരുവാംക്കതു കണ്ടു വെറുത്തു,
ഒരുവാംക്കഥ മുഞ്ഞി കറുത്തു,
പല ഭാവവുമിങ്ങനെ കാട്ടുന്നു.
33 കനിയുന്നു കാട്ടം പടലും
സുരതരുണികളൊന്നു തളന്നു,
നരവീരനെ മാടിവിളിച്ചും,
സരസം പുനരൊന്നു കളിച്ചും,
വിരവോടൊരു ദിക്കിലൊളിച്ചും,
ചിലരൻപൊടു നെററിചുളിച്ചും,
കലഹിച്ചു പറഞ്ഞിതു,
"കൊട്ടിന്നും പാട്ടിന്നും കുഴലൂത്തിന്നും,
ഒട്ടും വിജയ! നിനക്കു രസമില്ലേ?
അതിമോഹനമെന്നുടെ യാനം,
അതിമോഹനമെന്നുടെ ഗാനം,
ചിതമല്ലിതു നിന്നുടെ ധ്യാനം
അതിലൊക്കെ നിനക്കഭിമാനം;
ഇതിനെന്തൊരു സംഗതി കണ്ടാലും കളിയല്ലേ
തണ്ടാർമിഴിമാരശേഷമിഹ വന്നു
തവ കണ്ണുകളാശു തുറക്കു!
നവലീല മനസ്സിലുറയ്ക്കു!
ശിവസേവയിലാശ കുറയ്ക്കു!
അപമാനമിതൊക്കെ നിനക്കു!
നരവീര ധനഞ്ജയ! വന്നാലും വിരവോടെ

Digitized By Kerala Sahitya Akademi

വാമാക്ഷിമാരെ വിരഞ്ഞിങ്ങു വിഹരിക്കാം
34 വല്ലഭ, നാരിമാരെക്കണ്ടാൽ
നല്ലവാക്കു പറഞ്ഞീടേണം
മല്ലസായകതുല്യനാകിയ
നല്ല സുന്ദരനല്ലയോ നീ
കുന്തീനന്ദനനായ ഭവാൻ
എന്തിനിങ്ങനെ ദുഃഖിക്കുന്നു?
പന്തണിക്കുളുർക്കൊങ്കമാരുടെ
ചന്തമമ്പൊടു കണ്ടാലും നീ
കണ്ണുകളായിരമുള്ളവനും
കണ്ണനും പ്രിയനായ ഭവാൻ
കണ്ണടച്ചിതു വിണ്ണിലുള്ളൊരു
പെണ്ണുങ്ങൾക്കതി ദണ്ഡമയ്യോ!
ഖാണ്ഡവത്തെക്കരിച്ചവനെ
ഗാണ്ഡീവത്തെദ്ധരിച്ചവനെ
പാണ്ഡവ, കളവാണിമാരുടെ
താണ്ഡവങ്ങളെക്കണ്ടുകൊൾക;
വാശിയൊന്നും തുടങ്ങാതെ
വേശ്യമാരെ പരിഗ്രഹിക്ക
ഈശസേവയിലാശ വേണ്ട സു-
രേശ നന്ദന, ക്ലേശമയ്യോ!
ഇങ്ങനെ പലവിധമുരചെയ്തും പുന-
രംഗജശരതതിയേററു വലഞ്ഞും
അംഗനമാരവർ ചെയ്തൊരു യത്നം
ഭംഗമതായി മനസ്സും മുട്ടി;
35 അഥഘനഭാവസമാധിയുറപ്പി-
ച്ചവിടെ സ്ഥിതനാമർജ്ജുനവീരൻ
ഇക്കഥയൊന്നുമറിഞ്ഞതുമില്ലവ-
നൽക്കടധൈര്യപയോധിഗഭീരൻ,
അർജ്ജുനമാനസബന്ധമൊഴിപ്പാൻ
ഇജ്ജനമോർത്താലെളുതല്ലെന്നിഹ
നിർജ്ജരനാരികളെല്ലാം തരസാ
ലജ്ജിതമാരായങ്ങു നടന്നു

Digitized By Kerala Sahitya Akademi

ഹസ്തിനപുരമതിലത്തുകാലം പല-
രൊത്തുവിചാരവുമൊന്നു തുടങ്ങീ,
കാട്ടിലിരിക്കും ധർമ്മാത്മജനുടെ
പാട്ടിലിരിക്കും ബ്രാഹ്മണർ ചൊല്ലി-
ക്കേട്ടുവിശേഷം ദുര്യോധനനും,
കൂട്ടക്കാരും കുരുസഭതന്നിൽ
മന്ത്രികളും യജമാനന്മാരും
യന്ത്രികളാകിന കണ്ണൻ ശകുനി,
"അന്തണവരരെ, കാട്ടിലിരിക്കും
കുന്തീസുതരുടെ വാർത്തകൾ പറവിൻ!"
"നാട്ടിലവർക്കു പുരസ്ഥിതിയെക്കാൾ
കാട്ടിൽപ്പെരുകിന പരമാനന്ദം;"
"കാററിന്മകനുടെ കായമതിപ്പോൾ
കാററും മഴകളുമേററു വലഞ്ഞു,
കൊററിനുവകയില്ലാഞ്ഞിട്ടങ്ങൊരു
കൊററിപ്പക്ഷികണക്കെ മെലിഞ്ഞു."
36 "കൊററിനു വകയില്ലെന്നോ? ശിവ ശിവ
മാററികൾ നിങ്ങൾക്കെന്തറിയാവൂ?
ഊററക്കാർക്കൊരിടത്തും ചെന്നാൽ
ഊനംവരുമാറില്ലെന്നറിവിൻ!"
"ഫലമൂലാദികൾ വളരെത്തിന്നാം
മലയിലതല്ലാതെന്തൊന്നുള്ളൂ?"
"ഫലമില്ലാത്ത വിവാദംകൊണ്ടിഹ
കലഹിക്കുന്നതുമെന്തിനു വെറുതേ?"
"കറി നാലും കൂടാതൊരു ഭക്ഷണ-
മറിയുന്നില്ല വനങ്ങളിലെങ്ങും"
"കറിവെപ്പാനെന്തുള്ളതു കാട്ടിൽ?
വിറകിനുമാത്രം മുട്ടില്ലവിടെ
അരിയും മോരും പാത്രവുമീവക-
യൊരു വസ്തുക്കളുമവിടെക്കിട്ടാ,
കൂറുപറഞ്ഞാൽ ബോധം വരുമോ?
ചോറുണ്ണുന്നവനുണ്ടോ കാട്ടിൽ?"
"ചോറുതരും യജമാനന്മാരിൽ

Digitized By Kerala Sahitya Akademi

ക്കുറുണ്ടായതു കുററമതല്ലേ?"
"കാര്യം പറയാമറിയണമെങ്കിൽ
സൂര്യനവക്കൊരു പാത്രം നല്കി,
എന്തൊരു വസ്തു നിരൂപിച്ചെന്നാൽ
അന്തരമില്ലതിലുണ്ടാമപ്പോൾ.
37 അരിയും വേണ്ടാ വിറകും വേണ്ടാ,
കറിവെപ്പാനായൊന്നും വേണ്ടാ,
ഉപ്പും വേണ്ടാ മുളകും വേണ്ടാ,
വെപ്പാനുള്ളവരാരും വേണ്ടാ,
നിരൂപിക്കുമ്പോൾ ചോറും കറിയും
പരിചൊടു പാത്രം തന്നിൽ കാണാം
എലയും മോരും പഴവും തൈരും
ചെലവഴിയാതങ്ങവിടെക്കാണാം.

തോരമ്പരിപ്പു ചാറും ചീരക്കറിയുമിഞ്ചി-
ത്തൈരും പച്ചടിയതിൽ ചേരും വേപ്പിലക്കട്ടി
നാരങ്ങാ മാങ്ങാ ചിലനേരം ശാപ്പാടിങ്ങനെ
ഓരോ ദിവസമോരോ ഘോഷം വിശേഷിച്ചുണ്ടാം.
'കണ്ണൻപഴവും പൊന്നിൻകിണ്ണം നിറച്ചു പാലും
വെണ്ണയും നല്ല ചോറുമുണ്ണാതെ പോകുന്നെന്തേ?
പൊണ്ണാ വന്നാലു'മീവണ്ണമെന്നു വിളിക്കും ഭീമൻ
തിണ്ണം വഴിമേൽ വന്നു കണ്ണിൽ കണ്ടോരെയെല്ലാം
ചക്രപ്രഥമനൊടു വക്കാണിക്കുന്നവരെ
തക്കത്തിൽ വിളിച്ചിലവെക്കന്നു ഭീമസേനൻ
ഒക്കെപ്പറവതിന്നു വാക്കിന്നു ഭംഗി പോരാ
പാക്കിന്നും വെററിലയ്ക്കും ശുക്കപുകയിലയ്ക്കും
ആക്കം മുഷിച്ചിലില്ല പാക്കും പരിഷകൾക്കു
ഭോഷ്ക്കല്ലവിടെയുള്ള സൗഖ്യത്തിനെതിരില്ല.
38 സമ്പത്തിങ്കലുമാപത്തിങ്കലു-
മെമ്പത്തെട്ടുസഹസ്രം ബ്രാഹ്മണ-
രെപ്പൊഴുമവരൊടുകൂടി നടക്കുമ-
തിൽ പരമെന്തൊരു ഭാഗ്യം വേണ്ടു?

Digitized By Kerala Sahitya Akademi

ഇപ്പോളജ്ജുനനവിടത്തില്ലാ
അല്പം നീരസമത്തുകൊണ്ടുണ്ട്."
"എങ്ങു ഗമിച്ചു ഫൽഗുനനിപ്പോൾ?"
"നിങ്ങളതാരും ബോധിച്ചില്ലേ?
പാരാശര്യൻ വന്നരുൾചെയ്തു;
പാരാതെകണ്ടജ്ജുനനിപ്പോൾ
മാരാന്തകനുടെ ചരണാംഭോരുഹ-
മാരാധിച്ചു തപംചെയ്തുടനെ,
പശുപതിതന്നൊടു പാശുപതാസ്ത്രം
ശരവും വാങ്ങിശ്ശത്രുജയത്തിനു
വരവും വാങ്ങിവരേണം വിജയൻ.
അല്ലാതെകണ്ടരികളെയെല്ലാം
കൊല്ലാനെളുതല്ലെന്നരുൾചെയ്തു
തെല്ലും മടിക്കൂടാതെ പാത്ഥൻ
വില്ലുംശരവുമെടുത്തു തിരിച്ചു
കൈലാസാചലമൂലേ ചെന്നഥ
കാലാന്തകനെസ്സേവ തുടങ്ങീ;
ശരവുംവാങ്ങിക്കൊണ്ടു ധനഞ്ജയ-
നൊരുമാസത്തിനകത്തു വരുമ്പോൾ
കുരുവംശത്തെ മുടിപ്പാനുള്ളൊരു
പെരുവഴിയാമൊരു സംശയമില്ലാ."
39 അന്തണരുടെ മൊഴി കേട്ടു സുയോധന-
നന്തസ്താപം വളരെ മുഴുത്തു:
"കൗന്തേയന്റെ തപസ്സു മുടക്കാ-
നെന്തൊരു കുസൃതി വിചാരിക്കേണ്ടു?
അമ്മാവന്റെ പ്രയത്നമിതെന്യേ
നമ്മാലൊരു കഴിവില്ലെന്നറിവിൻ
ധമ്മാത്മജനും സഹജന്മാക്കും
ഉമ്മാനും വകയില്ലാതില്ലവർ
സമ്മാനങ്ങളുമങ്ങു തുടങ്ങീ
സമ്മോദാൽ മരുവുന്നിതുപോലും
നിമ്മാനുഷവിപിനത്തിലിരുന്നവർ
ധമ്മംചെയ്തു തുടന്നു കൊള്ളാം,

Digitized By Kerala Sahitya Akademi

അതിനെക്കാളൊരു ദുർഘടമിപ്പോൾ
അതിയായിട്ടു നമുക്കു ലഭിക്കും;
ഹരനെന്നല്ലോ തപസ്സുംചെയ്തൊരു
ശരവും വാങ്ങി വരുമ്പോൾ വിജയൻ
കുരുവംശത്തെ മുടിപ്പാനുള്ളൊരു
പെരുവഴിയാമൊരു സംശയമില്ലാ."
വിരുതൻ ശകുനി പറഞ്ഞാനപ്പോൾ:
"മരുമകനേ നീ ഖേദിക്കേണ്ടാ
നമ്മുടെ കൂട്ടിൽ പ്രാണനിരിക്കെ
ധർമ്മജനിവിടെ വരത്തില്ലെന്നീ
മർമ്മംനോക്കിക്കൊണ്ടു ചതിപ്പാൻ
നമ്മെപ്പോലൊരു മാനുഷനില്ലാ;
മറുതല തലപൊക്കാതെയിരിപ്പാൻ
മരുമകനേ ചില വിദ്യയെടുക്കാം
അറുതികൊടുപ്പാൻ കൂടീല്ലെങ്കിൽ
പൊറുതി കെടുപ്പാൻ ഞാൻ മതിയാകും
ഏതും ഭയമില്ലെന്നുടെ കൈയിൽ
ചൂതും പടവുമിരിക്കുന്നുണ്ടു്
വാതുപറഞ്ഞു പിടിച്ചുപറിക്കാൻ
മാതുലനൊരു വിരുതുണ്ടു വിശേഷാൽ."
കർണ്ണനതു കേട്ടൊന്നു പറഞ്ഞു:
"കർണ്ണസുഖം പറകല്ല നരേന്ദ്രാ!
പൊണ്ണൻ മാരുതി പോരിൽ മടങ്ങും
അണ്ണൻ ധർമ്മജനങ്ങനെതന്നെ
ഉണ്ണികളാം നകുലൻ സഹദേവനുമി-
പ്പെണ്ണിനു തുല്യമിതൊക്കെ മയക്കാം,
പാശുപതാസ്ത്രം വാങ്ങിപ്ഫല്ഗുന-
നാശു വരുമ്പോളിത്തിരി വിഷമം,
ക്ലേശത്തിനു പുനരർജ്ജുനനോടൊരു
വീശത്തിനു ഞാൻ കുറകയുമില്ലാ
ഈശപ്രീതി ലഭിച്ചുവരുമ്പോൾ
ആശു തടുപ്പാനാരും പോരാ
കീശധ്വജനുടെ ചിത്തമിളക്കാൻ

Digitized By Kerala Sahitya Akademi

കൗശലമെന്തു ചിന്തിച്ചാലും.
41 കിങ്കരഭടരെയയച്ചടനവനുടെ
ശങ്കരസേവ മുടക്കാമെങ്കിൽ,
സങ്കടമൊന്നു ലഭിക്കയുമില്ലിഹ
ശങ്കവെടിഞ്ഞു നിയോഗിച്ചാലും.''
ആയതു കേട്ടു പറഞ്ഞു സുയോധന–
''നായതിനൊന്നു പ്രയത്നം ചെയ്‌വാൻ
നായന്മാരെക്കൊണ്ടൊരു ഫലമി–
ല്ലായുധമുള്ളവർതന്നെ ചുരുക്കം.
കള്ളുകടിപ്പാനല്ലാതൊന്നിനു
കൊള്ളരുതാത്ത ജളന്മാരേറും
തടിയന്മാരിവർ വീട്ടിലശേഷം
മുടിയന്മാർ ചിലരൊടിയന്മാരും
കുടിയന്മാരിവരെന്തിനു കൊള്ളാം?''
''കുറുപ്പു തിന്നുന്നവൻ വരുമ്പോൾ
വെറുപ്പു പാരം നമുക്കു തോന്നും
കുറുപ്പുതാനെങ്കിലും കണക്കേ
പുറത്തുനില്ലെന്നിറക്കി നിർത്തും
മറുത്തുവന്നാലവന്റെ കണ്ണും
അറുത്തുകൊൾവാൻ മടിക്കയില്ലാ
ചെറുപ്പകാലത്തു ഞാൻ വരുത്തി
പൊറുപ്പതിന്നും കൊടുത്തു പെട്ടികൾ
തുറപ്പതിന്നും നമുക്കു വേറില
തെറുപ്പതിന്നും തെളിഞ്ഞുനില്ക്കും
ചെറുക്കനും കൾകുടിച്ചു വന്നാൽ
കുറുക്കനെപ്പോലടിച്ചു ദൂരെ–
പ്പറക്കുമാറാകും പ്രകാരം
മറക്കുവോളം പുറത്തു നാട്ടിൽ
42 കറുത്തു കീറിപ്പറിച്ചുമുണ്ടും
തെറുത്തുകെട്ടിത്തരങ്കെടേണം
തരത്തിലെന്റെ പുരത്തിലിപ്പോൾ
കരുത്തരായിട്ടൊരുത്തരില്ലാ
സമർത്ഥരെന്നു നടിച്ചു പാരം



Digitized By Kerala Sahitya Akademi

തിമിത്തുനില്ലം ജനങ്ങളെക്കൊ-
ണ്ടനർത്ഥമല്ലാതൊരിക്കലില്ല,
പെരുത്ത കാര്യം വരുത്തുവാനി-
ന്നൊരുത്തനേ ഞാനരത്തുവിട്ടാൽ
അരപ്പണംപോലെനിക്കു കിട്ടാ
നിരപ്പിലെല്ലാം കരസ്ഥമാക്കും
കട്ടെത്താരിക്കൽ പിടിച്ചുകെട്ടി
കടുത്തവെയിലിൽ കിടത്തുമപ്പോൾ
അടുത്തതമ്പിക്കടുത്തവൻ വ-
ന്നട്ടത്തുടൻ വേർപെടുത്തുകൊള്ളും.''
കുററമൊരേടത്തുണ്ടാകുമ്പോൾ
മററവരെസ്സേവിച്ചു പൊറുക്കാം;
ജ്യേഷ്ഠനു തിരുവുള്ളക്കേടെന്നതു
കേട്ടാലനുജൻ രണ്ടോ നാലോ
കാട്ടുന്നേരത്തായാളവനുടെ
പാട്ടിലതായ് വരുമെന്നതുമൂലം
കൂട്ടത്തിൽ പലരുണ്ടാകുന്നതു
കോട്ടം നമ്മുടെ കൂട്ടർക്കാക്ക്
നാട്ടിലിരിക്കും പരിഷകളേഷണി
കൂട്ടിത്തമ്മിൽ കലഹിക്കുമ്പോൾ
ചോറുകൊടുക്കും യജമാനമനയൊരു
കൂറില്ലാക്കും നമ്മുടെ നാട്ടിൽ.
43 ഏറുകൊടുപ്പാൻ തോന്നുമെനിക്കി-
പ്പോറകൾ കാട്ടും തൊഴിലുകൾ കണ്ടാൽ
ഈറവരുമ്പോളിന്നതു ചെയ്യരു-
തെന്നു നമുക്കില്ലെന്നുടെ കണ്ണാ,
എന്തിനു പലരെശ്ശുണ്ഠയിടുന്നു!
കുന്തീസുതനുടെ സേവമുടക്കാ-
നെന്തൊരുപായമതെന്നല്ലാതൊരു
ചിന്ത നമുക്കിഹ ചിതമല്ലിപ്പോൾ
''മൂകാസുരനെച്ചൊല്ലിയയച്ചാ-
ലാകാത്തൊരു വഴിയില്ലിഹ ജ്യേഷ്ഠാ!
ഇശ്ശാസന സാധിക്കുമവൻ'' ഇതി

Digitized By Kerala Sahitya Akademi

ദുശ്ശാസനനും വന്നരചെയ്തു:
"എങ്കിൽച്ചെന്നു വിളിച്ചുവരത്തിൻ"
മൂകൻ വന്നു വണങ്ങിച്ചൊന്നാൻ:
"മൂകൻ ഞാനിഹ കല്പന കേട്ടാ-
ലൊക്കെച്ചെന്നു ജയിച്ചുവരുന്നേൻ.
നാകം മേദിനി പാതാളവുമിഹ
ലോകം മൂന്നിലുമുള്ള ജനത്തിനു
പാകം വരുവാനുള്ള വിധങ്ങളി-
ലാകെപ്പോലും ഗ്രഹിയാതില്ലാ"
"ശകുനി പറഞ്ഞതു കൊള്ളാം മൂകാ
ശകുനംകൊള്ളാമിന്നു നിനച്ചാൽ
പലരെക്കട്ടു കവന്നാലുടനേ
തലപോമെന്നതു ബോധിച്ചാലും
നിർജ്ജനമാകിന ഹരികിരി വനമതി-
ലർജ്ജുനനുണ്ടു തപംചെയ്യുന്നു.
44 അവനെച്ചെന്നു ജയിച്ചുവരാനുട-
നവകാശം വരുമെങ്കിലിദാനീം
കെല്പൊടു ഝടിതി ഗമിക്ക ഭവാനിഹ
കല്പന ഞാൻ പറയുന്നിതു മൂകാ!"
അതുകേട്ടവനും തൊഴുതറിയിച്ചു:
"അതു ഞാൻ സാധിപ്പിച്ചു വരുന്നേൻ
ചതി കൂട്ടീടാൻ നമ്മെക്കാട്ടിൽ
ക്ഷിതിയിലൊരുത്തനുമില്ല നരേന്ദ്രാ
തടിയൻ കിടിയുടെ വടിവു ധരിച്ചുട-
നടിയൻ ചെന്നിഹ മടികൂടാതെ
കണ്ണുമടച്ചു തപംചെയ്യുന്നൊരു
പാണ്ഡുകുമാരൻതന്റെ ശരീരം
വിരവൊടു ചെന്നു പിളർന്നു വരുന്നു-
ണ്ടരനിമിഷംകൊണ്ടസുരവരൻ ഞാൻ."
ഇത്തരമവനൊടു സമന്ത്രംചെയ്തു
മത്തനതാകിയ മൂകൻ വലിയൊരു
പന്നിത്തടിയനതായിച്ചെന്നൊരു
കുന്നിൻമുകളിലൊളിച്ചു വസിച്ചു

Digitized By Kerala Sahitya Akademi

45 അമരവരതനയനുടെയുരുതരതപോബലാൽ
ആകെ ദഹിച്ചുതുടങ്ങീ മഹീതലം.
കരടികരിഹരിഹരിണ ശരഭ മഹിഷങ്ങളും
കാട്ടതീ തട്ടിദ്ദഹിക്കും കണക്കിനെ
മനുജനുടെ പരവശത വിരവിനൊടു കണ്ടുടൻ
മാമുനീന്ദ്രന്മാർ പുറപ്പെട്ടു മെല്ലവേ.
46 — തരണിമുനി,ഹരിണമുനി,കൗശികമുനിയെന്നിവർ
വാമദേവൻ,ദണ്ഡി,നാരദൻ,വ്യാസനും
കലശഭവമുനിതിലക,നധികനിശിതൻ തഥാ
കണ്വൻ പുലസ്ത്യനും പിന്നെ വാല്മീകിയും
പല മുനികളവരധികമതിരയമിയന്നുടൻ
പാർവ്വതീകാന്തനെക്കാണ്മാൻ പുറപ്പെട്ടു
വിരവിനൊടു രജതഗിരിയുടെ മുകളിലേറിനാർ
വിശ്വൈകനാഥനെ വാഴ്ത്തിനിന്നീടിനാർ
ഭുവനപതിഭവനമതിലതിചപലമതി വീരരാം
ഭൂതങ്ങൾ ചെന്നങ്ങുണർത്തിച്ചു മെല്ലവേ:
"അരവകുലമതികലയുമണിയുമഖിലേശ്വരാ
ആവലാതിക്കാർ വരുന്നതൊരുവിധം
രുചിരതരജടമുടിയുമധികമിഹ താടിയും,
ചാരുരുദ്രാക്ഷവും യോഗപട്ടങ്ങളും
സുരമുനികൾ പലരുമുടനപിച ജലപാത്രവും
മാമുനിമാരുടെ വേഷം മനോഹരം
വിരവിനൊടു മുനികൾ തവ കഴലിണ വണങ്ങു–
കാലവും പാർത്തു വാഴുന്നു ബാഹ്യാംകണേ." [വാൻ
ഇങ്ങനെയുള്ളോരു ഗിരമാകർണ്യ
കഞ്ജശരാരിയുമരുളിച്ചെയ്തു:
"ആശ്രിതരാകിന താപസവരരെ
ആശുവരുത്തുക വിരവിനൊടേ പോയ്"
കിങ്കരവരരതു കേട്ടുടനേ മുനി–
സംഘങ്ങളെയും ചെന്നു വരുത്തി!
47 മുനിവരരുമതുപൊഴുതു മുഹുരപി നമിച്ചുടൻ
മുഗ്ദ്ധേന്ദുചൂഡനോടേവമോതീടിനാർ:
"പരമശിവ, പുരമഥന, വരദ, കരുണാനിധേ,

Digitized By Kerala Sahitya Akademi

പാൎവ്വതീകാന്താ, നമസ്തേ! നമോസ്തുതേ!
കനകനിറമുടയഫണിനികരമണികുണ്ഡല,
കാലാരി ദേവ! നമസ്തേ! നമോസ്തുതേ!
നിടിലതടനയനപുടനിഹത കുസുമായുധ
നിൎമ്മലാകാര! നമസ്തേ! നമോസ്തുതേ!
സകല സുരമുനിമനുജദനുജകുലവന്ദിത!
സൎവ്വേശ, ശംഭോ, നമസ്തേ! നമോസ്തുതേ!
48 ദന്തിമഹാസുരനിധനം ചെയ്തോരു
നിന്തിരുവടി വടിവോടറിയേണം!
കുന്തീസുതനുടെ നിയമമതാകിന
ചെന്തീക്കനലതിലയ്യോ! ശിവ! ശിവ!
വെന്തീടുന്നു ജഗത്ത്രയമെല്ലാം
നിന്തിരുവടിയറിയാത്തതുമല്ലാ,
ചിന്തിതമാകിയ വരദാനത്തിനു-
മെന്തിഹ താമസമഖിലാധീശ!
ഭവനാം ഭഗവാൻ ത്രിപുരന്മാരുടെ
ഭവനം മുന്നേ ചുട്ടതുമുള്ള;
തവപദസേവകനാകിയ പാൎത്ഥൻ,
ഭുവനംമൂന്നും ഭസ്മമതാക്കും;
അവനും പാരം മേനി മെലിഞ്ഞു,
ശിവനേ! ഒരു പിടിയല്ലേ ഉള്ളു;
ദിവസംതോറും കൃശനായാൽ പുന-
രവസാനം വരുവാനുമടുത്തു;
വരമവനേകീലെന്നല്ലവനുടെ
മരണവുമാശു വരുത്തി മഹേശൻ;
തരമല്ലാത്തവനെസ്സേവിക്കരു-
തെന്നൊരു ദൂഷണമങ്ങു ഭവിക്കും,
എന്തിനു ശിവനെസ്സേവിക്കുന്നു?
ചിന്തിതമൊന്നു ലഭിക്കയുമില്ല,
അന്തം വരുവാനെളുതാം നമ്മുടെ
കുന്തീസുതനു പിണഞ്ഞതുപോലെ
ശത്രുജയത്തിനു ശിവനെക്കണ്ടാൽ
എത്രയുമെളുതെന്നൊരു മുനി ചൊല്ലി

Digitized By Kerala Sahitya Akademi

ആയതു നേരെന്നോത്തൊരു ഭോഷൻ
രാവും പകലും മടിക്കൂടാതെ,
കായക്ലേശം ചെയ്തുതുടങ്ങീ
കായും കനിയുംകൂടെ വെടിഞ്ഞു
ഊണുമുറക്കവുമൊക്കെ വെടിഞ്ഞൊരു
ണ്ണുകണക്കേ നിന്നു ഭജിച്ചു
എന്നും ശിവനെക്കണ്ടതുമില്ലവ–
നിങ്ങനെ നിന്നു മരിക്കേയുള്ളു.
49 സേവിച്ചവരെക്കൂറില്ലാത്തൊരു
ദേവന്മാരെച്ചെന്നു ഭജിച്ചാൽ
ഏതും ഫലമെന്നുള്ളപവാദം
കേവലമിന്നു ഭവാനു ഭവിക്കും
നിങ്കലപശ്രുതികേൾക്കുംപൊഴുതിൽ,
സങ്കടമടിയങ്ങൾക്കു മഹേശ,
ശങ്കര,ശംഭോ,ശതമഖതനയനു
ശങ്കരനായി വരേണം ഭഗവാൻ
ഹര ഹര പുര ഹര പരമശിവ.''

(ലക്ഷ്മീതാളം)

50 ''ശ്രീകണ്ഠ, ശിതികണ്ഠ, ശംഭോ ശരണം
ഫണീന്ദ്രമണികണ്ഠ, ജയജയ!
വിശേശ, വിജിതാശ, വിത്തേശസഖ,
പ്രസീദ പരമേശ, ജയ ജയ!''

(കുംഭതാളം)

51 ''പരിഹതസുരരിപുമണ്ഡല, ഫണികുണ്ഡല
പരിപാലയ! പാണ്ഡുസുതം,
ജയ ജയ! മനസിജ മദഭരഖണ്ഡന,
ശശിമണ്ഡന, മദവാരണദണ്ഡധര,''

(മൽമതാളം)

52 ''ടംകവും മൃഗവും പരശുവും,
തിങ്കളും തിരുനീർഫണികളും

Digitized By Kerala Sahitya Akademi

ഗംഗയും ജടയും പലവിധം
മംഗലാഭരണം തവവിഭോ,
ജയ ജയ, ഹര ഹര,
പുരഹര, പരമശിവ,
ജയ ജയ, ഹര ഹര,

(കണ്ടനാച്ചിതാളം)

53 മനക്കാമ്പിലുറസ്സുന്നവക്കെല്ലാം കൊടുക്കും
മടിക്കാതെ വരം നീ മഹാദേവ,
പടസ്സും മിടുക്കുണ്ടായി വരുത്തീടുവാനസ്ത്രം
കൊടുക്കാതിരിപ്പാനെന്തഹോ കാരണം?"
(ജയജയ)

(ചമ്പതാളം)

കരബലം തടിക്കും കരുബലം മുടിക്കും
സുരകുലം പുകഴ്ത്തും വരഫലം കരുത്തും
പലഗ്ഗുണം വരുത്തും വിജയനു

(പഞ്ചാരിതാളം)

54 "വിജയകരം വിപുലതരം
വിശിഖവരം വിമതഹരം
വിമലമരം വിതര,പരം
വിഹിതവരം, ജയ ജയ
ഹരഹര, പുരഹര, പരമശിവാ"

(അടന്തതാളം)

55 തവവര വരബലംകൊണ്ടും,
ഉരുതരം ശരബലംകൊണ്ടും,
പുനരവൻ കരബലംകൊണ്ടും.
ഘനതരം ഹരിബലംകൊണ്ടും,
ഹരിസുതൻ വരബലംകൊണ്ടും,
വിരുതനായി വരുമതേവേണ്ടു."

56 ഇത്ഥം മുനികളുടെ സിദ്ധാന്തമെല്ലാം കേട്ടു
മുഗ്ധേന്ദുചൂഡൻ മുദ്രമന്ദസ്മിതവും തൂകി,

Digitized By Kerala Sahitya Akademi

ഉത്തരമൊന്നവർകൾക്കുൾത്താപം തീരുവാനായ്
അത്രമാത്രമെങ്കിലുമൊന്നരുൾചെയ്തീല്ലേതും
മററും തിരുമനസ്സിൽ പററുന്ന ഭാവമെല്ലാം
കുററംവരാതെകണ്ടു തെററെന്നു പോക നല്ലൂ
വമ്പുള്ള ഭൃംഗിരടി വന്നു പുറത്തിരിക്കും
മുമ്പേ ഗമിച്ചുകൊൾക നല്ലൂ നമുക്കെന്നവർ
കുമ്പിട്ടുകൂപ്പി തിരുമുമ്പിൽനിന്നങ്ങു പോന്നു
വമ്പിച്ച താപസന്മാരെല്ലാരുമൊരുമിച്ചു
ചിന്തിച്ചുറച്ചവരും പാർവ്വതീദേവിയുടെ
അന്തികേ ചെന്നുനിന്നുണർത്തിച്ചു വൃത്താന്തങ്ങൾ:
57 "കുന്തീതനയനെത്രനാളുണ്ടു സേവിക്കുന്നു?
നിന്തിരുവടിയേതും ബോധിച്ചില്ലയോ ദേവി?
ചെന്തീക്കണക്കവൻെറ ദേഹം ജ്വലിച്ചീടുന്നു
വെന്തീടുമാറായല്ലോ മൂന്നു ഭുവനങ്ങളും
ഇന്നു മുനികൾ ഞങ്ങൾ ചെന്നങ്ങുണർത്തിച്ചിട്ടും
ഒന്നുമരുൾചെയ്യാഞ്ഞു പോന്നു ഞങ്ങളെല്ലാരും
കുന്നിന്മകളേ നീതാൻ ചെന്നങ്ങുണർത്തിച്ചെന്നാൽ
നന്നായ് ഫലിക്കുമെന്നു തോന്നുന്നു ഞങ്ങൾക്കെല്ലാം
തൃക്കൺമുനകൾകൊണ്ടു [illegible]ക്കാണിക്കുന്നനേരം
മുക്കണ്ണൻ തമ്പുരാൻെറ മുഷ്ക്കൊന്നു താണുപോകും,
ഇക്കണ്ട പൂരുഷന്മാർ നെയ്യു ഭംപോലെതന്നെ
മൈക്കണ്ണിമാരെല്ലാരും തീക്കട്ടയെന്നപോലെ
ചൊല്ലേറുള്ളം വിദ്വാന്മാരുരയ്ക്കുന്ന വാക്കിന്നുണ്ടോ
ദോഷായ് വരുന്നു നീയിളയ്ക്കാതിരുന്നാൽ പോരാ
ശ്രോത്രപ്രിയം പറകമാത്രമല്ലിതു നിൻെറ
നേത്രപ്രസാദമതുമാത്രം പ്രസിദ്ധമല്ലോ,
നേത്രം മൂന്നുള്ളവൻെറ ഗാത്രം പാതിമേടിപ്പാൻ
പാത്രമായല്ലോ നീയും ഗോത്രാധിരാജപുത്രീ"
എന്നതു കേട്ടു ഗിരിനന്ദിനി ഭഗവതി,
മന്ദഹാസവുംചെയ്തു മന്ദമായരുൾചെയ്തു:
"ഇന്നു ഞാൻ മടിയാതെ ചന്ദ്രശേഖരനോടു
എല്ലാമുണർത്തിച്ചീടാമൊന്നൊഴിയാതെതന്നെ
എന്നാലറിയാമല്ലോ എന്നേ പറഞ്ഞുകൂട്ട

Digitized By Kerala Sahitya Akademi

എന്നോട് കോപിച്ചെങ്കിലന്നേരം മാറിപ്പോരാം''
58 എന്നരുൾചെയ്തു ദേവി ചെന്നു ഗിരീശൻമുമ്പിൽ
വന്ദനംചെയ്തു നിന്നാൾ മന്ദഹാസവും തൂകി.

പദം

59 ''നിരുപമഗുണവസതേ, ശ്രീനീലകണ്ഠാ
നിശമയ മേ വചനം
സുരവരസുതനെന്തേ വരമരുളീടാത്തൂ?
പുരഹരനാഥാ, വിഭോ (നിരുപമ)
പെരികെക്കാലമുണ്ടർജ്ജുനൻ, ഭർത്താവേ,
പരിചോടെ സേവിക്കുന്നു,
സുരപതിസുതനുടെ പരിഭവം പോക്കുവാൻ
പെരികെയുണ്ടിങ്ങാഗ്രഹം (നിരുപമ)
ഘോരനിയമങ്ങൾ കാരണം പാർത്ഥന്റെ
ദേഹം പാരം മെലിഞ്ഞുപോയയ്യോ!
പാരാതെ ചെന്നവനു പാശുപതാസ്ത്രം
നല്കീടണമിന്ദുശേഖരാ, (നിരുപമ)
ഊണുമുറക്കവുമെല്ലാം വെടിഞ്ഞു കാട്ടിൽ
വാണു തപം ചെയ്തീടുന്നു,
പ്രാണങ്ങൾ പോകുംമുമ്പേ
ബാണം കൊടുത്തീടേണം
ബാണന്റെ വാതിൽ കാത്തവനെ. (നിരുപമ)
തിരുവുള്ളമെങ്കലുണ്ടെങ്കിൽ താമസിയാതെ
സുരപതിസുതനു നൽകേണം
അരയ്ക്കാൽനാഴിക പോലുമിളയ്ക്കാതിരു-
ന്നുപോയാൽ തരക്കേടു വന്നുകൂടുമേ''.... (നിരുപമ)
60 ഗിരിവരമകളുടെ കളവചനം
പരിചൊടു കരുതിന പുരമഥനൻ
സരസമൊരുവചനമരുളി മുദാ:
''സരസിജായതദലസമനയനേ,
സുരവരസുതനുടെ മനസ്സിൽ മദം
പെരുതതു കരുതുക ഗിരിതനയേ,
പരവശമവനൊരു തരിമ്പുമില്ലാ

Digitized By Kerala Sahitya Akademi

കരളതിലഹമ്മതി കുറവുമില്ലാ
സുരകുലവരനുടെ തനയനെന്നും,
സരസിജശരനൊടു സദൃശനെന്നും,
സരസചരിതങ്ങളിൽ മിടുക്കനെന്നും,
മരുത്തിന്റെ മകനുടെ സഹജനെന്നും,
കുരുപതികളിലേററം പ്രസിദ്ധനെന്നും,
മരുത്തിന്റെ മകനെക്കാൾ വലിപ്പമെന്നും
കരുത്തുള്ള പരിഷയിലധീശനെന്നും,
ഗുരുത്വമുള്ളവർകളിൽ പ്രഥമനെന്നും,
കരത്തിൽ വില്ലെടുത്തോരിൽ പ്രമുഖനെന്നും
ഗുരുക്കന്മാരെക്കാട്ടിൽ പ്രഥിതനെന്നും,
നരകമഥനനൊടു സഖിത്വമെന്നും,
നരപതികളിലേററം പ്രസിദ്ധനെന്നും,
തരുണീകുലമണിക്കു രമണനെന്നും,
തരണിഗുണമുടയ പുരുഷനെന്നും,
പൊരുവതിന്നതിതരാം വിരുതനെന്നും,
പടുതരമമരരാൽ ഭരിതനെന്നും
61 ഇത്തരമുള്ളൊരു ഗർവ്വുശമിപ്പാൻ
ഇത്തിരി പാകംവന്നേ തീരൂ
യുദ്ധംചെയ്തു തളച്ചുവരുമ്പോൾ
ബുദ്ധിയിൽ നല്ല വിവേകവുമുണ്ടാം
പാരംവന്നു പഴുത്തോരൊടുകിനു
നീരുംകെട്ടിയുറച്ചു ചമഞ്ഞാൽ
ക്ഷാരം വച്ചുപഴപ്പിച്ചവിടെ
ദ്വാരംവച്ചു മൃദുത്വം വന്നാൽ,
വ്യാധിയെടുത്തു കളഞ്ഞതിനകമേ,
ശോധന വന്നാലുടനേതന്നെ
വരളാനുള്ള കുഴമ്പുമതിന്മേൽ
പിരളുംനേരം താനേ വരളും
തരളാംബുജദളനയനേ നിന്നോടു
കരളപറഞ്ഞിട്ടെന്തൊരു കാര്യം
ദുഷ്ടുകിടക്കെ വരട്ടും വ്രണമതു
പൊട്ടുംപിന്നെയുമൊരു സമയത്തിൽ

Digitized By Kerala Sahitya Akademi

ഒട്ടും വൈകാതവനൊടു യുദ്ധം
പെട്ടെന്നുണ്ടതു കണ്ടാലും നീ
എലിയെപ്പോലെയിരിക്കുന്നവനൊരു
പുലിയെപ്പോലെ വരുന്നതു കാണാം,
നോററു വിശന്നു കിടക്കും ഫല്ഗുന–
നേററുവരുമ്പോൾ ഭൂമി കുലുങ്ങും
കാററിന്മകനുടെ സോദരനെന്നതു
കാട്ടിത്തരുവൻ കണ്ടാലും നീ
62 കാട്ടാളാകൃതി കൈക്കൊണ്ടിഹ ഞാൻ
വേട്ടയുമാടി നടക്കുന്നേരം,
കോട്ടംകൂടാതവനൊടു സമരം
കൂട്ടവതിന്നും സംഗതിയുണ്ടാം
മട്ടോലുംമൊഴിയാളേ, നീയൊരു
കാട്ടാളസ്ത്രീവേഷമെടുക്കു,
കൂട്ടക്കാരവർ ഭൂതഗണം പല–
കാട്ടാളന്മാർ കൂടെവരേണം
കുംഭോദരനും, കുംഭീധരനും,
കുംഭാണ്ഡകനും, കുംഭീലകനും,
സിംഹീരണനും, ശൂലാംഘ്രിപനും,
ശൂലാവൃതനും കുംഭനികുംഭൻ,
കുണ്ഡീവരദൻ, കുഞ്ജരജംഘ–
നുദഗ്രൻ വീരൻ, ഗണ്ഡൂകാക്ഷൻ,
കണ്ഠീരവനും ഭൃംഗീരിടിയും,
ഘണ്ടാരവനും, കൈപ്പീരജനും,
തുംഗരജന,സുരമർദ്ദനഭദ്രൻ
വീരഭദ്രന,തിഭദ്രനു,ദഗ്രൻ,
ഭൈരവൻ, മണിവരൻ, മണികണ്ഠൻ
നന്ദികേശ്വരനിവർക്കെജമാനൻ,
നന്നിതൊക്കെ വനചാരികളാവാൻ,
ശ്വാക്കളായി ചിലരൊട്ടു കുരച്ചും,
പോക്കുപോലെ ചിലരൊട്ടു തടിച്ചും,
വെക്കമെമ്പൊടു നടപ്പിനശേഷം,
തക്കമിന്നു മമ വേട്ടകളാടാൻ.''

Digitized By Kerala Sahitya Akademi

63 ഇത്തരമരുളിച്ചെയ്തു മഹേശൻ
സത്വരമങ്ങൊരു വനചരനായി!
തത്ര സുവർണ്ണകവർണ്ണശരീരൻ
തത്രവിളങ്ങി വിശേഷമനോജ്ഞം
ജടമുടി നല്ലൊരു തലമുടിയായി
നീടിലത്തിരുമിഴി തിലകമതായി,
ഫണിമണിമാലകൾ പീലികളായി,
ഫണിപതി വാസുകി കടകമതായി,
അസ്ഥികൾ ശംഖാഭരണവുമായി
അത്തൊഴിൽ കണ്ടാലെത്ര മനോജ്ഞം
കരിത്തോൽ നല്ല കറുത്ത ദുകൂലം
വരിത്തോൽ ഭുജഗം പൊന്നരഞ്ഞാണം
വെണ്മഴ ശൂലം ചാപം ശരവും
വെണ്മയിലവ പുറത്തങ്ങനെയല്ലോ;
കുന്നിന്മകളമതിന്നനുകൂലം
കുന്നിക്കുരുകുലമാലയണിഞ്ഞു
ഒട്ടു കറുത്തൊരു പുടവയുടുത്തു
കൊട്ടയെടുത്തൊരു കോലുമെടുത്തു
ശങ്കരഭാമിനി കൈകളിലങ്ങഥ
ശംഖുംമുട്ടവുകൾകൊണ്ടു നിറച്ചു
മെച്ചമിയന്നൊരു കൈവിരൽ മുഴവൻ
പിച്ചളമോതിരമിട്ടു വിളങ്ങീ:
നടന്നു കാനനതടത്തിലമ്പൊടു
കടന്നു വേട്ടകൾ തുടങ്ങി നല്ലൊരു
കറുത്ത പട്ടകളുടുത്തുകൊണ്ടിരു–
പുറത്തു തൊങ്ങലു നിരത്തിയമ്പൊടു
ഉരത്ത കാർമ്മുകമെടുത്തു താൻ കണ
തൊടുത്തു കാനനതടത്തിലെത്തിന
കടുത്ത പന്നികളടുത്ത പോത്തുകൾ
അടക്കമെന്നിയെ നടക്കുമാനകൾ
തുടങ്ങിയിങ്ങനെ മൃഗങ്ങളിൽ ബത–
തുടങ്ങി ലീലകളൊടുങ്ങി കേഴകൾ
64 പാണ്ഡവൻനായുടെ പല്ലിനു ശൗര്യം

Digitized By Kerala Sahitya Akademi

പണ്ടേപ്പോലെ ഫലിക്കുന്നില്ല
പണ്ടിവനൊരു കടിയാലൊരു പുലിയെ–
ക്കണ്ടിച്ചു ഞാൻ കണ്ടറിയുന്നേൻ;
കാളൻനായും കാട്ടിൽവരുമ്പോൾ
കോളല്ലാതൊരു പേടിതുടങ്ങും
വീട്ടിൽവരുന്നവരെപ്പലരെക്കടി–
കൂട്ടിയ ചണ്ടക്കാരനെ ഞാനൊരു
കൂട്ടിലതാക്കിച്ചങ്ങലയിട്ടഥ
പൂട്ടിപ്പിന്നെക്കഞ്ഞികുടിക്കും;
വെള്ള വാവായെന്നു വിളിച്ചാൽ
തൊള്ള തുറന്നു പറന്നുവരും താൻ
കള്ളനു തുള്ളിക്കഞ്ഞികൊടുപ്പാ–
നുള്ളൊരുപായം കാണുന്നില്ലാ
കാററുംകൊണ്ടവനെപ്പൊഴുമിങ്ങനെ
കൂററൻപോലിറയത്തുകിടക്കും
തിന്മാനല്ലാതൊന്നിനുപോലും
നമ്മുടെ വീട്ടിൽ കാണ്മാനില്ലാ
വണ്ണൻവാഴകണക്കെ തടിച്ചൊരു
പൊണ്ണൻനായുണ്ടെന്നുടെ വീട്ടിൽ
അണ്ണനുമാത്രം ചോറുണ്ടവിടവ–
നുണ്ണുമ്പോൾ നല്പുരുളകൊടുക്കും;
പന്നിയിറച്ചികൾ പണ്ടേ വേണ്ടാ
മുന്നിലകൊണ്ടൊരു പൊറുതിയുമില്ലാ
കുററിച്ചെവിയൻ നായെക്കൊണ്ടൊരു
കുററംപറവാൻ കാണ്മാനില്ല
വേട്ടയ്ക്കായി വിളിക്കുംനേരം
ചേട്ടക്കാരനു ചെവിയും കേളാ
വേട്ടക്കാർക്കു വിളിച്ചുകൊടുത്താൽ
ചേട്ടൻ കേട്ടാൽ കലശലുകൂട്ടും,
65 ഇത്തരമൊരുവക കാട്ടാളന്മാർ
ചിത്തരസേന പറഞ്ഞു ചിരിച്ചും;
ഒക്കെച്ചൊടികാട്ട തകൃത്തും
ബദ്ധപ്പെട്ടു നടന്നു തിമർത്തും

Digitized By Kerala Sahitya Akademi

ഓടിവരുന്ന മൃഗങ്ങളെയെല്ലാം
കുത്തിക്കൊന്നു കളിച്ചുപുളച്ചും
ചത്ത മൃഗത്തെക്കെട്ടിയെടുത്തും
മത്തഗജത്തെച്ചെന്നു തടുത്തും
വരിയൻ പുലിയെച്ചുരികകൾകൊണ്ടും
കരടിമൃഗത്തെപ്പരിഘംകൊണ്ടും
ദന്തികുലത്തെക്കുന്തംകൊണ്ടും
ബാലമൃഗത്തെ വേലുകൾകൊണ്ടും
വ്യാഘ്രകുലത്തെച്ചക്രംകൊണ്ടും
വ്യാളമൃഗത്തെ വാളുകൾകൊണ്ടും
മക്ടവരരെക്കക്ടകൊണ്ടും
ഗന്ധമൃഗത്തെ ഗദയെക്കൊണ്ടും
ഖഡ്ഗമൃഗത്തെ ഖഡ്ഗംകൊണ്ടും
കണ്ഠീരവരെ മുസ്സുണ്ഠികൾകൊണ്ടും
കാട്ടും പടലും കുട്ടത്തിലകൊണ്ടും
തെരുതെരെയങ്ങു വധിച്ചുതുടങ്ങി
വിരുതുപെരുത്തൊരു ഹരഭൃത്യന്മാർ
തടിയൻപന്നിയെ വെടിവെപ്പാനാ-
യൊരുവൻ ചെന്നൊരു പടലിലൊളിച്ചു
പടലിൽക്കണ്ടതു പന്നിയതെന്നൊരു
ഉടനൊരു വെടിയും വച്ചാനുടനേ
തടിയൻ വെടികൊണ്ടവിടെ മറിഞ്ഞു;
ഓടിച്ചെന്നിതു വെടിവച്ചവനും
മക്കടനല്ലിവനയ്യോ! നമ്മുടെ
മക്കടെ മാതുലനിങ്ങനെ കമ്മം
മലയന്മാരൊരു ദിക്കിൽ ചെന്നു
വലയുംകെട്ടിപ്പാക്കുംനേരം
കലയെക്കണ്ടു ഭയപ്പെട്ടൊരുവൻ
തലയും കമ്പിട്ടോടിപ്പോയി
66 വലയിൽപ്പെട്ടു വലഞ്ഞതു കണ്ടു
മലയനൊരമ്പു പ്രയോഗിച്ചുടനേ
തലയിൽക്കൊണ്ടു തറച്ചുവിറച്ചൊരു
ഫലമില്ലാതെ മരിച്ചാൻ ഭോഷൻ

Digitized By Kerala Sahitya Akademi

നായന്മാരുടെ നായാട്ടിങ്കല-
പായം പലവിധമിങ്ങനെയുണ്ടാം
ആയതിനൊന്നും സംഗതിയില്ല, വി-
നായകജനകൻ കളിയാടുമ്പോൾ.
67 കാട്ടാളരാജന്മാരും കാട്ടാളസ്ത്രീയും തൻെറ
കൂട്ടാളിവൃന്ദത്തോടെ വേട്ടവിനോദം പൂണ്ടു
കുന്തികുമാരനുടെ അന്തികംതന്നിൽച്ചെന്നു
പന്തിനിരന്നുനിന്നങ്ങന്തിയും വന്നണഞ്ഞു;
തടിച്ചോരു പന്നിവേഷം നടിച്ചോരു മൂകാസുരൻ
കടുത്തൊരുകോപത്തോടങ്ങടുത്തു പാൎത്ഥനെക്കൊൽ-
വാൻ
ഉരത്തപന്നിക്കൂററൻെറ പെരുത്ത ഘോഷങ്ങൾ കേട്ടു
കരുത്തുള്ളജ്ജുനൻതൻെറ ഗുരുത്വംകൊണ്ടുനേരം
അഴിച്ചു സമാധിനേത്രം മിഴിച്ചുനോക്കുന്നനേരം
ഉറച്ചു തന്നുടെ ദേഹം മറച്ചുകൊണ്ടൊരു ശത്രു
ചതിച്ചു നമ്മെക്കൊല്ലുവാൻ കതിച്ചുവന്നിതു മൂഢൻ
വധിപ്പാൻവരുന്നവനെ വധിച്ചാൽ മദ്ഗുരുനാഥൻ
വിധിച്ച കൎമ്മങ്ങൾക്കേതും വിരുദ്ധവുമില്ല നൂനം
പടുത്വമോടേവം ചിന്തിച്ചെടുത്തു ഗാണ്ഡീവം
കൈയി-
ലെടുത്തു നല്ലോരു ബാണം തൊടുത്തു കോപം നടിച്ചു
68 ഘോണിത്തടിയനെ നോക്കിയയച്ചൊരു
ബാണമതുൽക്കടമക്കിടിതന്നുടെ
ഘോണാം ചെന്നു പിളൎന്നുനേരം
പ്രാണങ്ങൾക്കു പ്രയാണമടുത്തു
സംഗതികൊള്ളുമെന്നുമുറച്ചി-
ട്ടംഗജരിപുവും ബാണമയച്ചു;
പൃഷ്ഠേ ചെന്നു തറച്ചൊരു ബാണം
പൃഷ്ഠം ഝടിതി പിളൎന്നു തിരിച്ചു
വന്നു പതിച്ചെന്നോൎത്തു കിരീടി
ചെന്നു കരത്തിലെടുത്തൊരു സമയം
വന്നു സമീപേ നിന്നു കിരാതൻ
ഒന്നു കയൎത്തു പറഞ്ഞുതുടങ്ങി!

Digitized By Kerala Sahitya Akademi

“നമ്മുടെ ബാണം മോഷ്ടിപ്പാനോ
ദുർമ്മതി വന്നു തപം ചെയ്യുന്നു
അമ്പുകളില്ല നിനക്കെന്നാലതി–
നമ്പുകൾകൊണ്ടു വരുത്തിക്കോ നീ
അമ്പൊടു നമ്മോടു യാചിച്ചാൽ പ–
ത്തമ്പതുകണകൾ തരുന്നുണ്ടിഹ ഞാൻ
കട്ടുകവർന്നാലുടനേതന്നെ
വെട്ടും തരമത്ര സംശയമില്ലാ;
ഭള്ളു നിനച്ചിഹ കണ്ണുമടച്ചൊരു
കള്ളൻ നിന്നു തപം ചെയ്യുന്നു
കൊള്ളാമിതുമിന്നിതു വഴിപോക്ക–
ർക്കുള്ള ധനങ്ങൾ പിടിച്ചുപറിപ്പാൻ
പകൽ കഴിവോളം കപ്പാനെങ്ങും
കഴിവില്ലാഞ്ഞു തപോധനഭാവം
അർക്കൻ പോയി മറഞ്ഞൊരു സമയേ
തസ്കരണത്തിനു സമയം നോക്കും.
69 ദിക്കുകളൊക്കെ നടന്നു ദിനേശ–
നുദിക്കുംമുമ്പേ വന്നു കുളിക്കും
കണ്ണുമടച്ചു വിചാരിക്കുന്നതു
പൊന്നുള്ളേടം പണമുള്ളേടം
പെണ്ണുള്ളേടമതല്ലാതിന്നൊരു
നിനവില്ല നിനക്കെന്തൊരു കഷ്ടം!
നാണംകൂടാതയ്യോ നമ്മുടെ
ബാണം കട്ടവനേതിൽ കൂട്ടു?
ആണുങ്ങൾക്കു പിറന്നവനെങ്കിൽ
പ്രാണത്തെക്കാൾ നാണം വലുതേ.”
വ്യാധവചസ്സുകൾ കേട്ടുടനപ്പോൾ
ക്രോധമിയന്നുരചെയ്തു കിരീടി:
“നില്ലെട വേടാ! നിന്നുടെ പല്ലുകൾ
തല്ലിയുതിർപ്പാൻ ഞാൻ മതിയാകും
ഇല്ലൊരു സംശയ”മെന്നു പറഞ്ഞു
വില്ലുവലിച്ചു കുലച്ചു കിരീടി
നല്ലൊരുബാണമെടുത്തു തൊടുത്തു

Digitized By Kerala Sahitya Akademi

മുല്ലശരാരിക്കിട്ടഥ വിട്ട
തെല്ലും പഴുതാതവനുടെ നേരേ
ചെല്ലുന്നതു കണ്ടംബരചാരികൾ
അല്ലൽ മുഴുത്തു വിരണ്ടു തുടങ്ങി
തെല്ല കലുങ്ങീലന്തകവൈരി;
വില്ലിൻമുനകൊണ്ടവനുടെ ബാണം
തല്ലിയൊടിച്ചു പൊഴിക്കിണ കണ്ടു
അതു കണ്ടപ്പോഴതിപരുഷത്തോ-
ടതിലധികം ശരവരിഷംചെയ്തു.
അതിശയമവനുടെ ശരനികരത്താൽ
കതിരവനുടെ കിരണങ്ങൾ മറഞ്ഞു;
70 നാടു നടുങ്ങി നാലു നിലയും കലുങ്ങി മാനും
കലയും നടുങ്ങി, തമ്മിൽ കലഹംമുഴുത്തനേരം
മലമകളുതുനേരം തലയുമഴിഞ്ഞു കുത്തു-
മുലയും തുളമ്പിച്ചെന്നു കലഹം ശമിപ്പിക്കാനായ്
പല വാക്കമരുൾചെയ്തു ഫലമില്ലെന്നോർത്തുമാറി
പരിചോടെ പാർവ്വതിയും കലശൽ പിന്നെയുമേറി
മലമകൾ ഭഗവതി പുനരരുൾചെയ്തു
വലരിപുസുതനുടെ ബാണമശേഷം
മലർസമമാകെന്നരുളിച്ചെയ്തു
മലർശരനായി മഹേന്ദ്രതനൂജൻ
ശരധിയിലൊരു ശരമില്ലാതാകെ-
ന്നരുൾചെയ്തു ഗിരിനന്ദിനിയപ്പോൾ
ഇല്ലെന്നാകിൽ ശരവും വേണ്ടാ
നല്ല തരം പുനരെന്നു കിരീടി
വില്ലുവലിച്ചഥ തല്ലുതുടങ്ങി
മുല്ലശരാരിയെ വിരവൊടു പാർത്ഥൻ
ഹരനുടെ ജടയിൽ കുടികൊണ്ടീടിന
സുരനദിയാകിയ ഭഗവതിയപ്പോൾ
വലരിപുസുതനുടെ വില്ലുപിടുങ്ങി-
ത്തരസാതന്നുടെ തിരയിലൊളിച്ചു
ചാപം പോയൊരു സമയേ വിജയൻ
കോപംപൂണ്ടു മരങ്ങൾ പറിച്ചു

Digitized By Kerala Sahitya Akademi

താപസവന്ദിതനാകിയ ശിവനെ
താഡനപീഡനമങ്ങു തുടങ്ങി
ത്രീക്ഷണനും ഹരിസുതനും തമ്മിൽ
വൃക്ഷംകൊണ്ടുമടിച്ചുപിടിച്ചും
വട്ടം തിരിക ചവുട്ടുക മുട്ടുക
കട്ടയിലിട്ടു ചവുട്ടിയുരുട്ടുക
തുള്ളുക കിള്ളുക തങ്ങളിലിങ്ങനെ
തുള്ളിയലഞ്ഞു വലഞ്ഞു കിരീടി.
71 തല്ലും ചവിട്ടും കൊണ്ടങ്ങെല്ലും പൊടിഞ്ഞു പിന്നെ
പല്ലുംകൊഴിഞ്ഞു മദമെല്ലാം ശമിച്ചു പാൎത്ഥൻ
വല്ലാതെ ഭൂമൗ വീണാൻ വില്ലാളിമാരിൽ മുമ്പൻ
അല്ലൽ മുഴുത്തു പാൎത്ഥനുള്ളിൽ വിചാരം പൂണ്ടു:
ചാരുമൂൎത്തേ, ഗൗരീനാഥ, കാരുണ്യാംബുരാശേ നാഥാ
കാരുണ്യം കുറവാനെന്തു കാരണം ശംഭോ?
എത്രനാളുണ്ടയ്യോ! ഞാനും സേവിച്ചുകൊണ്ടിരിക്കുന്നു
ഇത്രനാളുമെന്റെ കാമം പൂരിച്ചില്ലയോ!
കേടനേകമുണ്ടെന്നാലും കേവലം നീ ശിക്ഷിയാതെ,
വേടനെക്കൊണ്ടെന്നെത്തല്ലിക്കൊല്ലിക്കുന്നെന്തേ?
അത്രയല്ല കാട്ടാളന്റെ തല്ലുകൊണ്ടും കുത്തുകൊണ്ടും
എത്രയും തളൎന്നു ദേഹം ധാത്രിയിൽ വീണു,
നാൽവൎക്കൂട്ടം സഭതന്നിൽ വാലെടുപ്പാനുള്ളമൂലം
ബാലചന്ദ്രചൂഡാ, നീതാൻ കാരണം ശംഭോ!
കൎണ്ണനും ശകുനിയുമാകൎണ്ണനംചെയ്യുന്നേരം
കൎണ്ണസൗഖ്യം വന്നുകൂടും കൗരവന്മാൎക്കും,
ഊററക്കാരൻ പാൎത്ഥൻ പോരിൽ
തോററുപോൽ വേടനോടെന്ന-
തേറ്റവും കുറവായ്‌വന്നു നൂററുപേർ കേട്ടാൽ.
72 "കൃത്വാ മൃത്തികയാ കഥഞ്ചന പൃഥാ-
പുത്രസ്സ്വിണേത്രാകൃതിം
ഭക്ത്യാ യോതി സമൎച്ചനന്തു കൃതവാൻ
പത്രാണി തത്രാദരാൽ
ചിത്രം തത്ര കിരാതപുംഗവശിരോ
ഭ്രഷ്ടാനി സന്ദൃഷ്ടവാൻ;

Digitized By Kerala Sahitya Akademi

തത്രൈവേന്ദുകലാജടോപി ച മൃഡോ–
നോരണ്യചര്യാച്ഛന്നാൽ.''
73 മൃത്തികകൊണ്ടൊരു ശിവലിംഗത്തെ
തത്ര ധരിത്രിയിലങ്ങുളവാക്കി
തത്ര പഴുത്തുകൊഴിഞ്ഞു കിടക്കും
പത്രമെടുത്തുടനർച്ചനചെയ്തു;
മൃത്തികലിംഗംതങ്കൽ വണങ്ങി
മൃത്യുഞ്ജയനെസ്സേവ തുടങ്ങി:
മൃത്യുഞ്ജയ ജയ! ശങ്കരശംഭോ;
ഇത്ഥം തൊഴുതു വണങ്ങിന പാർത്ഥൻ
പത്രമതെല്ലാം വേടൻതന്നുടെ
മസ്തകസീമനി കാണ്മാറായി
74 എന്തൊരു വിസ്മയമെന്നു വിചാരി–
ച്ചന്തികസീമനി മേവും വേടനെ
മുഴുവൻ നോക്കിക്കാണുന്നേരം
മഴുവും മാനും പുരിജടമുടിയതി–
ലൊഴുകും സുരനദിതന്നുടെ തിരയതിൽ
മുഴുകും ചന്ദ്രക്കലയും തുമ്പയു–
മളികംനടേ തിരുമിഴിയുടെ വടിവും
തിരുനാസികയും തൃക്കണ്ണിണയും
തിരുമുഖവും മൃദുമന്ദസ്മിതവും
ഗളരുചിതലവും തിരുമാറിടവും
ഉദരം നാഭീകുഹരം കടിതട–
മതിരമണീയം ഫണികാഞ്ചിഗുണം
കരിചർമ്മാംബരമൂരുദ്വയവും
പരിമൃദുജാനുകജംഘായുഗവും
തിരുവടിമലരും നഖപംക്തികളും
ഗിരിമകൾതാനും കരിമുഖനറുമുഖ–
നുടനേ ഹരിഹരസുതനും വേട്ട–
യ്ക്കൊരുമകനും ബഹുഭൂതഗണങ്ങളു–
മൊരുമിച്ചങ്ങനെ കാണ്മാറായി;
''പങ്കജശരനുടെ ഹുംകൃതി തീർത്തോരു
ശങ്കര, ജയ ജയ! സങ്കടമദഹര,

Digitized By Kerala Sahitya Akademi

ഏതും ഗ്രഹിയാതെ ഞാൻ ചെയ്തോരപരാധങ്ങൾ
എല്ലാം ക്ഷമിച്ചുകൊൾക! കല്യാണകരശംഭോ!
75 അംഗങ്ങളടിയത്തിനെങ്ങുമിളക്കാവല്ല;
അങ്ങു വന്നു വന്ദിപ്പാനിങ്ങു ശക്തിയുമില്ലാ;
മഞ്ജുളനേത്രാ വന്ദേ! ഗംഗാഭൂഷണാ വന്ദേ!
തുംഗാനുഭാവ വന്ദേ! മംഗല്യാകാരാ വന്ദേ!"
76 അതിശയഭക്ത്യാ വിവശനതാകിയ
ഹരിസുതവചനം കേട്ടു ഗിരീശൻ,
മതിതളിർ തെളിവൊടു ചെന്നു കരംകൊ–
ണ്ടതിമോദേന പിടിച്ചെഴുന്നേല്പി–
ച്ചംഗമശേഷം തൊട്ടുതലോടി
തുംഗപരാക്രമപുഷ്ടിവരുത്തി;
പുംഗവകേതനനാകിയ ഭഗവാ–
നംഗജശാസനനിദമരുൾചെയ്തു:
"വത്സ! ധനഞ്ജയ, തുംഗകളേബര!
വത്സരമനവധി ജീവിച്ചീടുക!
മത്സരമുള്ള രിപുക്കളെയെല്ലാം
ഭസ്മമതാക്കാൻ നീ മതിയാകും;
ഭീമസഹോദരനാകിയ നിന്നുടെ
ഭീമപരാക്രമമറിവാനായി,
ഭീമകിരാതശരീരം പൂണ്ടു,
ഭീമതരം ബഹുയുദ്ധം ചെയ്തു;
സോമകുലോത്തമനാകിയ നിങ്കൽ
പ്രേമപ്രീതി വരുന്നു നമുക്കു്;
കാമാധികസുകുമാരനെ നിന്നെ,–
ക്കാണ്മാനിത്തൊഴിലൊക്കെയെടുത്തു
പാശുപതാസ്ത്രം വാങ്ങുക തവ ഹിത–
മാശു ലഭിക്കും ഫല്ഗുനവീരാ!
77 കർണ്ണസുയോധനഭീഷ്മാദികളാം
അർണ്ണവമാശു കടപ്പാൻ നല്ലൊരു
കപ്പൽ മരക്കലമെന്നുടെ ബാണം
കെല്പോടുകൊണ്ടു ഗമിക്ക ധനഞ്ജയ!"
പുരരിപുഭഗവാനിദമരുൾചെയ്തു

Digitized By Kerala Sahitya Akademi

ശരവും വരവും ദാനംചെയ്തു
ഗിരിമകളോടും പ്രമഥാദികളൊടു-
മന്റു ഗമിച്ചു മറഞ്ഞു ദശായാം
തിരയിൽ മറച്ചൊരു വില്ലു ലഭിപ്പാൻ
സുരനിമ്നഗയെസ്സേവ തുടങ്ങി:
78 "നമസ്തേ ഗംഗാദേവി തുഭ്യം രണത്തിൽ മയാ കൃതമാം
സമസ്താപരാധമെല്ലാം ക്ഷമിച്ചു വരം നല്കേണം;
അരികളെ വെല്വതിന്നായ് പരമശിവൻ നല്കിയ
ശരമിതു പാശുപതം പഴയതായാം വില്ലില്ലാഞ്ഞാൽ."
79 ഇത്തരം സ്തുതി കേട്ടു സത്വരം പ്രസാദിച്ചു
ഉത്തമനാമവനോടുത്തരമരുൾചെയ്തു:
"വില്ലാളിവീരാ പാർത്ഥാ വില്ലിതാ ധരിച്ചാലും!
മല്ലീശരാന്തകനെസ്സേവിച്ചു വസിച്ചാലും!"
ഇത്തരം വരം നല്കി സത്വരം മറഞ്ഞവൾ.
80 സുരവരനരുളാൽ രഥവുംകൊണ്ടു
സുരവരസൂതൻ മാതലി വന്നു,
പെരുകിന മോദം കൈക്കൊണ്ടുടനേ
സുരവരസൂനു രഥമതിലേറി
സുരലോകംപ്രതി യാത്രതുടങ്ങീ
കുരുകുലകമലദിനേശൻ പാർത്ഥൻ.
മംഗലമിക്കഥ കേൾക്കുന്നോർക്കും
മംഗലമനവധി വന്നുഭവിക്കും.

★

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi